# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരൂരങ്ങാടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**മലപ്പുറം-676505**

**ഇ-മെയിൽ:** dompm.ksad@kerala.gov.in

**ഫോൺ :** 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.25/321/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 12/03/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരൂരങ്ങാടി മുനിസിപ്പാലിറ്റി

സർ,

**വിഷയം : തിരൂരങ്ങാടി മുനിസിപാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (എയിംസ്)
2)ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം
3)കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.25/321/2024 തീയ്യതി: 12/03/2024

## മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-01-2023 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 61 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-02-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-02-2024 | 15-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-02-2024 | 15-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുൽ ഗഫൂർ. സി, ഓഡിറ്റ് ഓഫീസർ

ശ്രീമതി. ജിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. ലത. ഒ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ് നൗഷാദ്. എ. കെ, ഓഡിറ്റർ

ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ. പി. മുഹമ്മദ് കുട്ടി | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഭാഗീരഥി. സി. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 21-09-2022 |
| ശ്രീ. മനോജ് കുമാർ. ടി. | സെക്രട്ടറി | 22-09-2022 | 27-02-2023 |
| ശ്രീ. ഇസ്മായിൽ. സി, സൂപ്രണ്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഭാഗീരഥി. സി. എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് റഫീഖ് അലി. എം | പ്രോജക്ട് ഓഫീസർ (യു.പി.എ.സി) | 01-04-2022 | 31-03-2023 |
| ശ്രീ. സുനിൽ റെയ്മണ്ട് | ഹെൽത്ത് ഓഫീസർ | 01-04-2022 | 29-08-2022 |
| ശ്രീ. മുഹമ്മദ് റഫീഖ് അലി. എം | ഹെൽത്ത് ഓഫീസർ | 30-08-2022 | 07-12-2022 |
| ശ്രീമതി. ബീന. കെ. ടി | ഹെൽത്ത് ഓഫീസർ | 08-12-2022 | 31-03-2023 |
| ശ്രീമതി. ജലജ. ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീജ. പി. എ. | പ്രിൻസിപ്പൽ | 18-06-2022 | 31-03-2023 |
| ശ്രീമതി. ആരുണി. പി. എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. പ്രഭുദാസ്. ആർ | സൂപ്രണ്ട് (താലൂക്ക് ആസ്ഥാന ആശുപത്രി) | 01-04-2022 | 31-03-2023 |
| ഡോ. ജി. പ്രശാന്ത് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-01-2023 |
| ഡോ. സുബിൻ. കെ. ജെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-02-2023 | 31-03-2023 |
| ഡോ. ഷാഹിന. ടി. യു. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. രേഷ്മ. എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 11-04-2022 |
| ഡോ. ഫാത്തിമ ഫായിസ (അധിക ചുമതല) | വെറ്ററിനറി സർജൻ | 12-04-2022 | 17-06-2022 |
| ശ്രീ. സുമേഷ്. എസ്. പി, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | വെറ്ററിനറി സർജൻ (DDO ചാർജ്ജ്) | 18-06-2022 | 31-03-2023 |
| ശ്രീമതി. സഫിയ.എൻ | പ്രിൻസിപ്പൽ | 01-04-2022 | 12-09-2022 |
| ശ്രീ. മുഹമ്മദ് അലി. എൻ | പ്രിൻസിപ്പൽ-ഇൻ-ചാർജ്ജ് | 13-09-2022 | 18-10-2022 |
| ശ്രീമതി. ഷീജ. പി.എ. | പ്രിൻസിപ്പൽ | 19-10-2022 | 31-03-2023 |

18.06.2022 തീയതി മുതൽ 31.03.2023 തീയ്യതി വരെ വെറ്ററിനറി സർജ്ജൻ ആയി ജോലി ചെയ്ത ഡോ. ജാസിം മുഹമ്മദ്. പി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താൽക്കാലിക നിയമനം ആയതിനാൽ ഇക്കാലയളവിൽ ശ്രീ. സുമേഷ്. എസ്. പി, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ആണ് DDO ചാർജ്ജ് വഹിച്ചത്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള അനുപാതങ്ങളും താരതമ്യ തുകകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | മുനിസിപ്പൽ (ജനറൽ) ഫണ്ട് നീക്കിയിരിപ്പ് തുകകൾ വ്യത്യസ്തമായി രേഖപ്പെടുത്തി. | 1-1-2 |
| 4 | സ്റ്റോക്ക് വാല്യുവേഷൻ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-1-3 |
| 5 | കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല. | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-5 |
| 7 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല. | 1-1-6 |
| 8 | ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ആയ തുക കണക്കിലെടുത്തില്ല. | 1-1-7 |
| 9 | തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-1-8 |
| 10 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-9 |
| 11 | രജിസ്റ്ററുകളിൽ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയില്ല. | 1-1-10 |
| 12 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ തുക പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 16 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 17 | ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം | 1-4-1 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 20 | ക്ഷേമപദ്ധതികൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 25 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 26 | തൊഴിൽനികുതി - രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിലെ അപാകതകൾ | 1-13 |
| 27 | സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നു. | 1-14 |
| 28 | എൻ.എച്ച്.എം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-15 |
| 29 | വരവിനങ്ങളിൽ വലിയ തുക ഈടാക്കാൻ അവശേഷിയ്ക്കുന്നു. | 1-16 |
| 30 | മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. | 1-17 |
| 31 | വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം - അപാകതകൾ | 1-18 |
| 32 | വാർത്താ വിനിമയ ഗോപുരത്തിന്റെ വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു. | 1-19 |
| 33 | സ്റ്റെയർ റൂം വിസ്തീർണ്ണം പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയിച്ചു. | 1-20 |
| 34 | വിവിധ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷത്തേക്ക് അനുവദിച്ച ലൈസൻസ് - ഫയലുകൾ ലഭ്യമാക്കിയില്ല. | 1-21 |
| 35 | തെരുവ് വിളക്ക് റിപ്പയർ അപാകതകൾ | 1-22 |
| 36 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-23 |
| 37 | എയറോബിക് യൂണിറ്റ് പ്രവർത്തനക്ഷമമല്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-24 |
| 38 | പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-25 |
| 39 | SC വിവാഹ ധനസഹായം - അധികം തുക നൽകി. | 1-26 |
| 40 | അംഗനവാടികൾ പകുതിയും വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു. | 1-27 |

| | | |
|---|---|---|
| 41 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധികം നൽകിയ 85,500/- രൂപ തിരിച്ചടവാക്കി. | 1-28 |
| 42 | വൃദ്ധർക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമങ്ങൾ പാലിയ്ക്കാതെ ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തി. | 1-29 |
| 43 | ഹരിത കർമ്മസേനയ്ക്ക് ഗുഡ്സ് ഓട്ടോ വാങ്ങൽ - കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് അധിക തുക നൽകി. | 1-30 |
| 44 | ഡയാലിസിസ് സെന്ററിന് മരുന്നും ഉപകരണങ്ങളും വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. | 1-31 |
| 45 | കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായില്ല | 1-32 |
| 46 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പൂർത്തീകരണ വിവരം - ലഭ്യമാക്കിയില്ല | 1-33 |
| 47 | ഗ്രോബാഗ് വിതരണം - അപാകത | 1-34 |
| 48 | സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി നെൽ വിത്ത് വാങ്ങി- തുക തടസ്സം ചെയ്യുന്നു | 1-35 |
| 49 | പദ്ധതി മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-36 |
| 50 | സർക്കാർ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-37 |
| 51 | വീട് റിപ്പയർ SC: അപാകതകൾ | 1-38 |
| 52 | പി.എം.എ.വൈ ലൈഫ് പാർപ്പിട പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-39 |
| 53 | തെരുവു വിളക്കുകളുടെ മെയിന്റനൻസ് -അപാകതകൾ | 1-40 |
| 54 | വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം - ഫണ്ടിന്റെ മേഖലാ വിഭജനം ഉറപ്പ് വരുത്തിയില്ല. | 1-41 |
| 55 | ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം വൈദ്യുതി ചാർജ്ജ് അടവാക്കൽ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-42 |
| 56 | വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല | 1-43 |
| 57 | കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-44 |
| 58 | ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല. | 1-45 |
| 59 | മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളം - സർക്കാറിലേക്ക് തിരിച്ചടവാക്കാനവശേഷിക്കുന്നു. | 1-46 |
| 60 | അർബൻ പി.എച്ച്.സി വാടക - കരാർ പുതുക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. | 1-47 |
| 61 | ഡെപ്പോസിറ്റ് റീഫണ്ട്- അനുബന്ധ രേഖകളില്ല | 1-48 |
| 62 | വാഹനങ്ങളുടെ പരിപാലനം- അവലോകനം | 1-49 |
| 63 | പെൻഷൻ ഫണ്ട് - വിവരം ലഭ്യമാക്കേണ്ടതാണ്. | 1-50 |
| 64 | ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടവിൽ അനാവശ്യ കാലതാമസം | 1-51 |
| 65 | സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്ക്, ഇഷ്യൂ വിവരം ലഭ്യമാക്കേണ്ടതാണ് | 1-52 |
| 66 | വെള്ളക്കരം - കുടിശ്ശിക - പലിശയിനത്തിൽ വൻ തുക ബാധ്യത വരുന്നു. | 1-53 |
| 67 | ലീഗൽ ഫീ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-54 |
| 68 | അഗതി രഹിത കേരളം - പൊതു അവലോകനം | 1-55 |
| 69 | കായിക ഉപകരണങ്ങൾ വിതരണം പൂർണ്ണമല്ല, സ്റ്റോക്കിൽ ഇല്ല. | 1-56 |
| 70 | സ്കൂളുകൾക്ക് കംപ്യൂട്ടർ വാങ്ങൽ പദ്ധതി - അപാകതകൾ. | 1-57 |
| 71 | വിവിധ ഫർണ്ണിച്ചർ വാങ്ങൽ പദ്ധതികൾ - സ്റ്റോക്ക് അപാകതകൾ | 1-58 |
| 72 | മത്സര പരീക്ഷ പി.എസ്.സി പരിശീലനം - മാർഗ്ഗ രേഖക്ക് വിരുദ്ധം, മറ്റ് അപാകതകൾ | 1-59 |
| 73 | തുല്യത പരീക്ഷ ഫീസ് അടവാക്കൽ - കൈപ്പറ്റ്, മറ്റ് വിവരങ്ങൾ ലഭ്യമല്ല | 1-60 |
| 74 | ടെണ്ടർ കിഴിവ് നടത്താതെ മുഴുവൻ തുകയും നൽകി. | 1-61 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ടെണ്ടർ കിഴിവ് നടത്താതെ മുഴുവൻ തുകയും നൽകി | 3-1 |
| 2 | വിവാഹധനസഹായം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.07.2023 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 15.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**സ്ഥലം : മലപ്പുറം** **ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**തീയതി : 12-03-2024** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള അനുപാതങ്ങളും താരതമ്യ തുകകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ 58(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 മുനിസിപ്പൽ (ജനറൽ) ഫണ്ട് നീക്കിയിരിപ്പ് തുകകൾ വ്യത്യസ്തമായി രേഖപ്പെടുത്തി.

മുനിസിപ്പൽ (ജനറൽ) ഫണ്ട് നീക്കിയിരിപ്പ് വിവരം ബാലൻസ് ഷീറ്റ് ബി-1 ഷെഡ്യൂൾ, ബി-1 ഷെഡ്യൂൾ സ്റ്റേറ്റ്മെന്റ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം | അക്കൗണ്ട് ശീർഷകം | 31.03.2023 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | |
|---|---|---|---|
| | | ബാലൻസ് ഷീറ്റ് | ബി-1 ഷെഡ്യൂൾ |

| | | ബി-1 ഷെഡ്യൂൾ പ്രകാരം | സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|---|
| 1 | 310100100 – General Fund | 11,96,66,661 | 2,44,54,160 |
| 2 | 310900100 – Excess Of Income Over Expenditure | 35,40,951 | 9,87,53,452 |
| | **ആകെ** | **12,32,07,612** | **12,32,07,612** |

### 1-1-3 സ്റ്റോക്ക് വാല്യൂവേഷൻ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂളിൽ "430100300 - Closing Stock - Stores" എന്ന ശീർഷകത്തിൽ 77,457/- രൂപ നീക്കിയിരിപ്പുണ്ട്. സ്റ്റോക്ക് വാല്യൂവേഷൻ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം കാലാവധി കഴിഞ്ഞും പണമാക്കാത്തതും റീവാലിഡേറ്റ് ചെയ്യാത്തതുമായ ചെക്കുകൾ സ്റ്റേൽ ചെക്ക് അക്കൗണ്ട് എന്ന ഹെഡിലേയ്ക്ക് മാറ്റേണ്ടതുണ്ട്. നഗരസഭയുടെ പേരിലുള്ള “Own Fund TSC Bank Ltd A/c No.28” എന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞതാണ്.

| ക്രമ നം | ചെക്ക് നം/തീയ്യതി | തുക (₹) |
|---|---|---|
| 1 | 2009289/06.09.2021 | 1,000 |
| 2 | 2009291/08.09.2021 | 840 |
| 3 | 2015413/05.12.2022 | 100 |
| | **ആകെ** | **1,940** |

### 1-1-5 ചെക്ക് നിക്ഷേപിച്ചു - ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

നഗരസഭയുടെ പേരിലുള്ള “Own Fund TSC Bank Ltd A/c No.28” എന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം താഴെപ്പറയുന്ന ചെക്ക് നിക്ഷേപിച്ചെങ്കിലും സാധാരണ സമയപരിധിയ്ക്കകം ക്ലിയർ ആയിട്ടില്ല.

| ചെക്ക് നം/തീയ്യതി | തുക (₹) |
|---|---|
| 729297/17.01.2017 | 8,510 |

### 1-1-6 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല.

നഗരസഭയുടെ പേരിലുള്ള “SBT - Zero Balance Account A/c No.- 67173994597" എന്ന ബാങ്ക് അക്കൗണ്ടിൽ Directly Credited By Bank ആയി വന്ന താഴെപ്പറയുന്ന തുക യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാതെ അവശേഷിയ്ക്കുന്നു.

| ക്രെഡിറ്റ് ആയ തീയ്യതി | തുക (₹) |
|---|---|
| 31.03.2017 | 42,215 |

### 1-1-7 ബാങ്കിൽ നിന്നും നേരിട്ട് ഡെബിറ്റ് ആയ തുക കണക്കിലെടുത്തില്ല.

നഗരസഭയുടെ പേരിലുള്ള “Canara Bank -Sanchaya Online (1294)" എന്ന ബാങ്ക് അക്കൗണ്ടിൽ നിന്നും Directly Debited By Bank ആയി കുറവ് ചെയ്യപ്പെട്ട താഴെപ്പറയുന്ന തുക യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാതെ അവശേഷിയ്ക്കുന്നു.

| കുറവ് ചെയ്യപ്പെട്ട തീയ്യതി | തുക (₹) |
|---|---|
| 01.08.2022 | 2,891 |

### 1-1-8 തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ആസ്തികൾക്ക് തേയ്മാനം കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

### 1-1-9 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

### 1-1-10 രജിസ്റ്ററുകളിൽ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയില്ല.

**അഡ്വാൻസ് രജിസ്റ്റർ**

അഡ്വാൻസ് രജിസ്റ്ററിൽ ശീർഷകം തിരിച്ച് വിവരം രേഖപ്പെടുത്തുകയോ സംക്ഷിപ്തം തയാറാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

**ഡി.സി.ബി രജിസ്റ്ററുകൾ**

താഴെപ്പറയുന്ന ഡി.സി.ബി രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി പരിശോധനയ്ക്കായി ഹാജരാക്കാത്തതിനാൽ പ്രസ്തുത ഇനങ്ങളിലെ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

I)തൊഴിൽ നികുതി

Ii)FTEAOS ലൈസൻസ്

Iii) ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

Iv)കെട്ടിട നിർമ്മാണ പെർമിറ്റ്/റഗുലറൈസേഷൻ

### 1-1-11 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ തുക പൊരുത്തപ്പെടുന്നില്ല.

സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിലെ ഡിമാന്റ്/കളക്ഷൻ തുക വാർഷിക കണക്ക് (ഷെഡ്യൂൾ I-4(ബി) /ഷെഡ്യൂൾ RP-4) പ്രകാരം 8,200/- രൂപയും, രജിസ്റ്റർ പ്രകാരം 6,650/- രൂപയുമാണ്.

### 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

### 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/26.03.2022 | 1(1)/22.03.2023 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 6,87,63,538 |
| വരവ് | 16,77,17,334 |
| ആകെ | 23,64,80,872 |
| ചെലവ് | 16,69,38,754 |
| നീക്കിയിരിപ്പ് | 6,95,42,118 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 5,18,25,444 | 5,18,25,444 | 3,77,86,612 | 1,40,38,832 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 61,82,422 | 61,82,422 | 44,06,987 | 17,75,435 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 79,07,000 | 79,07,000 | 60,20,028 | 18,86,972 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 1,01,61,000 | 1,01,61,000 | 81,17,888 | 20,43,112 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 78,41,094 | 78,41,094 | 1,32,30,907 | -53,89,813 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,23,73,333 | 1,23,73,333 | 1,49,52,307 | -25,78,974 |

### 1-4-1 ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം

താഴെപ്പറയുന്ന ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | |
|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് |
| 1 | വികസന ഫണ്ട് - ജനറൽ | 4,29,02,346 | 3,77,86,612 | 3,77,86,612 |

| | | | | |
|---|---|---|---|---|
| 2 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 59,47,028 | 60,20,028 | 59,47,028 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 1,29,58,785 | 1,32,30,907 | 13052835 (1247219+580644) |

ഗ്രാന്റ് തുകകളിലെ വ്യത്യാസം വിശദീകരിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 11/08.02.2024 നൽകിയെങ്കിലും വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 300 | 26,38,07,743 | 183 | 11,61,34,201 | 12 | 117 | 61% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,40,823 | 56,97,981 | 58,38,804 | 8,82,931 | 812 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | | | 49,55,061 | |
| **ആകെ** | **1,40,823** | **56,97,981** | **58,38,804** | **58,37,992** | **812** |

കുറിപ്പ് :- തൊഴിലുറപ്പ് പദ്ധതി സെക്ഷനിലെ ക്യാഷ്ബുക്ക് പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്. വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

2022-23 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 15,37,600 | 128 |
| വിധവാപെൻഷൻ | 1,84,97,400 | 16440 |
| വാർദ്ധക്യകാലപെൻഷൻ | 4,03,15,300 | 37700 |
| വികലാംഗപെൻഷൻ | 72,70,600 | 6620 |
| വിവാഹ ധനസഹായം | 2,40,000 | 8 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,70,400 | 420 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.02.2024ന് 3:56 PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന സമയത്ത് ക്യാഷ് ചെസ്റ്റിൽ കാണപ്പെട്ടത് 2,02,640/- രൂപ ആണെങ്കിലും ആയതിൽ 1,96,536/- രൂപ മാത്രമാണ് അക്കൗണ്ട് ചെയ്തിരുന്നത്. അവശേഷിക്കുന്ന 6,104/- രൂപ റിംഗ് കംപോസ്റ്റ് എന്ന പ്രൊജക്ടിന്റെ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത തുക കൗണ്ടറിലെ തിരക്ക് മൂലം യഥാസമയം രസീത് ചെയ്യാതിരുന്നതാണെന്നും, 4 മണിക്ക് ശേഷം ആയത് രസീത് ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കി. അക്കൗണ്ട് ചെയ്യാതെ പണം ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ ശ്രദ്ധയിൽപെട്ടു. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

1. വിവിധ ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും പദ്ധതി നിർവ്വഹണത്തിനായി ഡെപ്പോസിറ്റ് ചെയ്യുന്ന തുകകളുടെ വിനിയോഗം നിരീക്ഷിക്കുന്നില്ല. (ഖണ്ഡിക-1-12 )

2. തൊഴിൽ നികുതി സംബന്ധിച്ച് ചട്ടം അനുശാസിക്കുന്ന രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. (ഖണ്ഡിക-1-13)

3. ഡെപ്പോസിറ്റ് റജിസ്റ്റർ, മുൻകൂർ റജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് തുകകൾ, മുൻകൂർ നൽകിയ തുകകൾ എന്നിവ നിരീക്ഷിക്കുന്നതിന് സംവിധാനമില്ല.

4.മെഡിക്കൽ ഓഫീസർ, താലൂക്കാശുപത്രി, ഹെൽത്ത് ഓഫീസർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച് പ്രോജക്ട് റജിസ്റ്റർ, സബ്സിഡിയറി റജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

5.വെള്ളക്കരം യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുന്നതിനാൽ പലിശയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം വരാൻ ഇടയാകുന്നു. (ഖണ്ഡിക-1-53 )

6. വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമകൾ നിർവ്വഹിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.12.2018 | 2013-14 മുതൽ 2017-18 വരെ | 08.02.2019 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് തിരൂരങ്ങാടി നഗരസഭയിൽ നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ആറാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ.(കൈ)നം.117/2022/എൽ.എസ്.ജി.ഡി, തിയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ 2 ആയി എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റേയും നികുതിയേതര വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നു മാസത്തിലൊരിക്കലെങ്കിലും ഭരണസമിതിയിൽ ചർച്ചചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, ഭരണ സമിതിയോ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും മീറ്റിംഗ് കൂടിയിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നതായോ, ലഭ്യമായ തനത് വരുമാനം പിരിച്ചെടുക്കുന്നതിന്റെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തിയതായോ മീറ്റിംഗ് മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വേക്കൻസി റമിഷൻ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്.

നഗരസഭയുടെ സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി കൃത്യമായ ഇടവേളകളിൽ നികുതി വരുമാനത്തിന്റെ പിരിച്ചെടുക്കൽ വിലയിരുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും നഗരസഭയ്ക്ക് പിരിഞ്ഞുകിട്ടേണ്ടതായ തുകകൾ പൂർണ്ണമായും പിരിച്ചെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ പുലർത്തേണ്ടതാണ്.

**വരുമാന തുകകൾ പിരിച്ചെടുക്കാനവശേഷിക്കുന്നു.**

വിവിധ നികുതി/നികുതിയേതര വരുമാന ഇനങ്ങളിലായി വലിയ തുകകൾ പിരിച്ചെടുക്കാൻ അവശേഷിക്കുണ്ട്. ഇത് സംബന്ധിച്ച പരാമർശം ഖണ്ഡിക 1-16 ആയി നൽകിയിട്ടുണ്ട്.

**വസ്തു നികുതി**

സ.ഉ (കൈ) നം. 77/2023/എൽ.എസ്.ജി.ഡി, തിയ്യതി 22.03.2023 പ്രകാരം കേരളത്തിലെ എല്ലാ നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവു പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സ.ഉ (അച്ചടി) നം. 25/2023 /എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തിരൂരങ്ങാടി നഗരസഭ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി

അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 07.06.2023 ലെ 16(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും R1-7597/23 തിയ്യതി 26.06.2023 നമ്പർ കരട് വിജ്ഞാപനമായി ഇത് ഒരു ദിനപത്രത്തിൽ ഉൾപ്പെടെ പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. സ്വകാര്യ ഹോസ്റ്റൽ/ ഹോം സ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, എം.എസ്.എം.ഇ വ്യവസായ യൂണിറ്റുകൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ/ റിസോർട്ടുകൾ, സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യം, ടർഫുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് നിരക്ക് നിശ്ചയിച്ച് കരട് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. നഗരസഭ പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 07.06.2023 ലെ 16(1) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

4. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. ആയതിനായി പത്ര പരസ്യം മുഖേനയും, പിന്നീട് ഐ.ടി.ഐ സ്ഥാപനങ്ങൾക്ക് കത്തയച്ചും അപേക്ഷകൾ ക്ഷണിച്ചതിൽ ആകെ 8 അപേക്ഷകൾ മാത്രമാണ് ലഭിച്ചത്. ആയതിൽ തന്നെ പരിമിത വേതനമാണെന്ന കാരണം പറഞ്ഞ് രണ്ട് പേർ ഒഴികെയുള്ളവർ നിയമനം നേടുന്നതിന് സന്നദ്ധത കാണിച്ചില്ല. മതിയായ എണ്ണം ആളുകളെ നിയമിക്കാൻ കഴിയാതിരുന്നതിനാൽ ഫീൽഡ് പരിശോധന ഇതുവരെ ആരംഭിച്ചിട്ടില്ല. ഈ വിവരങ്ങൾ 11.12.2023 തീയ്യതിയിലെ R1-18995/23 നമ്പർ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണ്.

നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ / ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ, നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 926 എണ്ണം ഫോം-9B അപേക്ഷകൾ നഗരസഭയിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വസ്തു നികുതിയുടെ അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് പുതുക്കിയ വസ്തു നികുതി ഈടാക്കുന്നതിനും, ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ ഫോം-9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭയിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ, ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**സേവന ഉപനികുതി**

2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 അനുസരിച്ച്, ഒരു നഗരസഭ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 235(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

തിരൂരങ്ങാടി നഗരസഭ പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തേണ്ടതില്ലെന്ന് 07.06.2023 തീയ്യതിയിലെ ഭരണസമിതി യോഗത്തിൽ 16ാം നമ്പറായി തീരുമാനിച്ചിട്ടുണ്ട്. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

നഗരസഭയുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 2005ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനി/വ്യക്തി ഒരു റിട്ടേൺ സമർപ്പിക്കേണ്ടതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റിയിൽ ഡിമാന്റ് നോട്ടീസ് വിതരണം ചെയ്തിട്ടുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് കൃത്യമായ ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ ഈയിനത്തിലെ വരവുകൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് തടസ്സം നേരിടുന്നുണ്ട് (ഖണ്ഡിക 1-13 കാണുക). മുനിസിപ്പാലിറ്റി പരിധിയിലുള്ള പ്രൈവറ്റ് സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് മുനിസിപ്പാലിറ്റിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തൊഴിൽ നികുതിയിനത്തിൽ

നഗരസഭയ്ക്ക് കിട്ടാനുള്ള തുകകൾ പൂർണ്ണമായും ഡിമാന്റ് ചെയ്ത് പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി.എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 /ത.സ്വ.ഭ.വ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കാവുന്നതാണെങ്കിലും നഗരസഭയിൽ മുഴുവൻ റേഷൻകടക്കാരിൽ നിന്നും ആയത് ഈടാക്കുന്നില്ല.

3. നഗരസഭയുടെ സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ കുറെ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. (വിശദ വിവരം ഖണ്ഡിക 1-14 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്).

**വാടക**

തിരൂരങ്ങാടി നഗരസഭയുടെ ഉടമസ്ഥതയിൽ നിലവിൽ മൂന്ന് കടമുറികളും ഒരു ബങ്കുമാണ് വാടകയ്ക്കായി നൽകിയിട്ടുള്ളത്. മറ്റ് രണ്ട് കടമുറികൾ ഉയർന്ന വാടകയാണെന്ന കാരണം ചൂണ്ടിക്കാണിച്ച് ആരും വാടകയ്ക്ക് ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ ദീർഘകാലമായി വെറുതെ കിടക്കുകയാണ്. നഗരസഭയുടേതായി പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പുരോഗമിക്കുന്നുണ്ട്. ആയതിന്റെ നിർമ്മാണം പൂർത്തിയാക്കി മുറികൾ വാടകയ്ക്ക് നൽകുന്നത് വഴിയും, ഒഴിഞ്ഞുകിടക്കുന്ന മുറികൾ വാടകയ്ക്ക് നൽകാനായാലും ഈയിനത്തിൽ വരുമാനം വർദ്ധിപ്പിക്കാനാകുന്നതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ- സുലേഖ സ്റ്റേറ്റ്മെന്റ് , മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഡെപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള തുകകളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ (1) | സാമ്പത്തിക വർഷം (2) | പ്രോജക്റ്റ് നമ്പർ (3) | പ്രോജക്റ്റ് (4) | ഏജൻസി (5) | മുൻകൂർ നൽകിയ തുക (6) | ഫണ്ട് ഇനം (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | 2013-14 | 84/14 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 6,04,200 | Development Fund(CFC Basic Grant ) - 104200 , Development Fund(General) - 500000 | 6,04,200 |
| 2 | | 122/14 | തൃക്കുളം ജി.യു.പി.സ്കൂളിന് കുഴൽ കിണർ നിർമ്മാണം- അധിക വിഹിതം നൽകൽ | ഭൂജല വകുപ്പ് | 15,490 | Own Fund - 15490 | 15,490 |
| 3 | | 155/14 | എസ്.സി കോളനികളിൽ കുഴൽ കിണർ നിർമ്മാണം | ഭൂജല വകുപ്പ് | 78,950 | Development Fund(S.C.P) - 78950 | 78,950 |
| 4 | 2014-15 | 192/15 | പഞ്ചായത്തിൻറ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയ്ൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4,99,300 | Development Fund(CFC Basic Grant ) - 499300 | 4,99,300 |
| 5 | | 193/15 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പൈപ്പ് | കേരളാ വാട്ടർ | 25,00,000 | Development Fund(General) | 25,00,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | ലൈൻ അഭിവൃദ്ധിപ്പെടുത്തലും നീളം കൂട്ടലും | അതോറിറ്റി | | - 2000000 , Own Fund - 500000 | |
| 6 | | 259/15 | എ.എം.എൽ.പി സ്കൂൾ ചുള്ളിപ്പാറ കുഴൽ കിണർ നിർമ്മാണം | ഭൂജല വകുപ്പ് | 36,750 | Own Fund - 36750 | 36,750 |
| 7 | 2016-17 | 165/16 | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 4,83,400 | Own Fund - 483400 | 4,83,400 |
| 8 | | 166/16 | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ കെ.ഡബ്ല്യൂ.എ ലൈൻ അഭിവൃദ്ധിപ്പെടുത്തലും നീളം കൂട്ടലും | കേരളാ വാട്ടർ അതോറിറ്റി | 15,61,000 | Development Fund(General) - 871232 , Own Fund - 689768 | 15,61,000 |
| 9 | | 233/16 | തെരുവ് വിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 11,50,000 | Development Fund(CFC Basic Grant ) - 140417 , Development Fund(General) - 999056 , Own Fund - 10527 | 11,50,000 |
| 10 | 2017-18 | 160/18 | മണ്ണാറക്കൽ എസ് സി സങ്കേതത്തിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | കേരളാ വാട്ടർ അതോറിറ്റി | 4,50,000 | Development Fund(S.C.P) - 450000 | 4,50,000 |
| 11 | | 191/18 | നെല്ലിക്കാചിന കുന്നത്ത് കോളനി പൈപ്പ് ലൈൻ നീട്ടൽ(എസ് സിപി ) | കേരളാ വാട്ടർ അതോറിറ്റി | 1,80,000 | Development Fund(S.C.P) - 180000 | 1,80,000 |
| 12 | | 195/18 | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ വാട്ടർ അതോറിറ്റി ലൈൻ അഭിവൃദ്ധിപ്പെടുത്തലും നീളം കൂട്ടലും | കേരളാ വാട്ടർ അതോറിറ്റി | 6,00,000 | Development Fund(CFC Basic Grant ) - 600000 | 6,00,000 |
| 13 | 2018-19 | 47/19 | കോട്ടുവാലക്കാട് എസ് സി കോളനി ഇലക്ട്രിക് പോസ്ററ് മാറ്റി സ്ഥാപിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 39,968 | Development Fund(S.C.P) - 39968 | 39,968 |
| 14 | | 49/19 | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ വാട്ടർ അതോറിറ്റി ലൈൻ അഭിവൃദ്ധിപ്പെടുത്തലും നീളം കൂട്ടലും | കേരളാ വാട്ടർ അതോറിറ്റി | 9,10,000 | Development Fund(CFC Basic Grant ) - 910000 | 9,10,000 |
| 15 | | 219/19 | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 5,99,234 | Development Fund(CFC Basic Grant ) - 130000 , Development Fund(General) - 100000 , Own Fund - | 5,99,234 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | 369234 | |
| 16 | 2020-21 | 61/21 | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 3,97,959 | Development Fund(CFC Basic Grant ) - 397959 | 3,97,959 |
| 17 | | 150/21 | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ വാട്ടർ അതോറിറ്റിയുടെ ലൈൻ അഭിവൃദ്ധിപ്പെടുത്തലും നീളം കൂട്ടലും | കേരളാ വാട്ടർ അതോറിറ്റി | 21,53,000 | Development Fund(CFC Tied Grant ) - 2153000 | 21,53,000 |
| 18 | 2021-22 | 262/22 | ജലസമൃദ്ധി(തിരൂരങ്ങാടി നഗരസഭ) | കേരളാ വാട്ടർ അതോറിറ്റി | 50,00,000 | Own Fund - 5000000 | 50,00,000 |
| 19 | | 125/22 | താലൂക്ക് ആശുപത്രി സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കൽ | AcA വാപ് കോസ് ലിമിറ്റഡ് | 50,00,000 | Development Fund(CFC Tied Grant ) - 5000000 | 50,00,000 |
| 20 | | 116/22 | വാട്ടർ അതോറിറ്റിയുടെ ലൈൻ അഭിവൃദ്ധിപ്പെടുത്തൽ | കേരളാ വാട്ടർ അതോറിറ്റി | 84,95,430 | Development Fund(CFC Tied Grant ) - 8495430 | 84,95,430 |
| 21 | | 13/22 | നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 7,60,599 | Development Fund(General) - 314094 , Own Fund - 446505 | 7,60,599 |

(ക്രമ നമ്പർ 1 മുതൽ 6 വരെയുള്ളത് നഗരസഭ ഗ്രാമപഞ്ചായത്ത് ആയ സമയത്തെ ഡെപ്പോസിറ്റ് വർക്കുകളാണ്)

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം/ ക്രമീകരിക്കാനവശേഷിക്കുന്ന തുകയുടെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 3/2022-23 തീയതി. 06.02.2024) മറുപടി നൽകുകയോ രേഖകൾ/ തൽസ്ഥിതി വിശദാംശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ മേൽപ്പറഞ്ഞ പ്രവൃത്തികളിൽ ചെലവഴിക്കപ്പെട്ട തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവഴിക്കാത്ത തുകയിൽ തനത് ഫണ്ട് നഗരസഭയുടെ അക്കൗണ്ടിലേക്കും മറ്റു ഫണ്ടുകൾ അതത് ശീർഷകങ്ങളിലും തിരിച്ചടക്കേണ്ടതാണ്.

## 1-13 തൊഴിൽനികുതി - രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പിലെ അപാകതകൾ

നഗരസഭയിൽ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്ററുകളും റിട്ടേൺ ഫയലുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 2005ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് വിവരങ്ങൾ അതത് പേജുകളിൽ വരവ് വെക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ജീവനക്കാരുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള ഡിമാന്റ് രജിസ്റ്റർ മേൽ ചട്ടം നിർദ്ദേശിച്ച പ്രകാരമുള്ളതല്ല.

2) 2022-23 രണ്ടാം അർദ്ധവർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകിയ സ്ഥാപനങ്ങളുടെ ലിസ്റ്റും, സ്ഥാപനങ്ങൾ ലഭ്യമാക്കിയ നികുതി റിട്ടേണുകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ, പല സ്ഥാപനങ്ങളും ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയതായി രേഖപ്പെടുത്താതിരിക്കുകയും, ആയതിന് പ്രത്യേകിച്ച് വിശദീകരണം രേഖപ്പെടുത്താതിരിക്കുകയും ചെയ്തിട്ടുണ്ട്. ഡിമാന്റ് നോട്ടീസ് കൈപ്പറ്റിയ സ്ഥാപനങ്ങളിൽ ഏതെല്ലാം തൊഴിൽ നികുതി അടവാക്കി എന്നത് സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ ലഭ്യമാക്കിയ റിട്ടേണുകളിൽ പലതിലും പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള ക്രമ നമ്പർ രേഖപ്പെടുത്താതിരിക്കുകയും, മറ്റുള്ളവ ക്രമ നമ്പർ പ്രകാരമല്ലാതെ സൂക്ഷിക്കുകയും ചെയ്തിരിക്കുന്നു. റിട്ടേണുകൾ ക്രമ പ്രകാരം അടുക്കി സൂക്ഷിച്ചിട്ടില്ല.

3) ഓരോ സ്ഥാപനവും അടവാക്കിയ തുകയുടെ വിശദാംശവും രസീത് വിവരവും ബന്ധപ്പെട്ട റിട്ടേണുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള കളക്ഷൻ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി വർഷാവസാനത്തിൽ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം തൊഴിൽനികുതിയിനത്തിൽ വരവ് വന്ന തുകയുടെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല.

4) ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ വാർഡ് തിരിച്ച് സൂക്ഷിച്ചിട്ടുണ്ടെങ്കിലും 2022-23 വർഷത്തിൽ 28 മുതൽ 39 വരെയുള്ള വാർഡുകളിലെ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്തതിന്റെയും അടവാക്കിയതിന്റെയും വിവരം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ വർഷാവസാനത്തിൽ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം സ്ഥാപന തൊഴിൽനികുതിയിനത്തിൽ വരവ് വന്ന തുകയുടെ കൃത്യത പരിശോധിയ്ക്കാനായിട്ടില്ല.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും സമാനമായ അപാകതകൾ പരാമർശിച്ചിട്ടുണ്ട്. ആയത് നിലവിലും അപാകതകൾ പരിഹരിക്കാതെ തുടരുകയാണ്. ചട്ടം അനുശാസിക്കുന്ന പ്രകാരം നടപടികൾ സ്വീകരിക്കാതിരിക്കുന്നതും കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നതും ശ്രദ്ധയിൽപെടുത്തിയിട്ടും തുടർ നടപടി സ്വീകരിക്കാതിരിക്കുന്നത് ഓഡിറ്റ് ഗൗരവമായി കാണുന്നു. മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർക്കും സെക്ഷൻ ക്ലാർക്കിനും ഇക്കാര്യത്തിൽ തുല്യ ഉത്തരവാദിത്തമുണ്ട്. സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മയായി ഓഡിറ്റ് ഇതിനെ വിലയിരുത്തുന്നു.

ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വന്നിട്ടുള്ളതിന് മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/06.02.2024ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സെക്ഷനിലെ ജോലിഭാരമാണ് വീഴ്ചകൾക്ക് പ്രധാന കാരണമായി വിശദീകരിച്ചിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് രജിസ്റ്ററുകളും രേഖകളും കുറ്റമറ്റ രീതിയിൽ പരിപാലിക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച വരുത്തുന്നു.

നഗരസഭയുടെ സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചപ്പോൾ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത പല സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു. ആദ്യ 7 വാർഡുകളിലെ സ്ഥാപനങ്ങളുടെ വിവരം പരിശോധിച്ചതിൽ കണ്ടെത്തിയ ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം | ഡിമാന്റ് രജിസ്റ്റർ പ്രകാരം ക്രമ നം | സ്ഥാപനം |
|---|---|---|---|
| 1 | 1 | 11 | ലൈവ് സ്പോർട്സ് |
| 2 | 1 | 17 | കെൻസ ബ്രോസ്റ്റ് |
| 3 | 2 | 1 | അൽഫലാഹ് ഇന്റീരിയേഴ്സ് |
| 4 | 4 | 3 | ഹാദി സ്റ്റോർ - ഗ്രോസറി ഷോപ്പ് |
| 5 | 5 | 13 | സി.വി ഫ്ലോർ & ഓയിൽ മിൽ |
| 6 | 6 | 6 | എ.വി.കെ വെജിറ്റബിൾസ് |
| 7 | 6 | 18 | ഫിഷ് സെയിൽ |
| 8 | 6 | 20 | ഫീനിക്സ് ഇൻഷുറൻസ് |
| 9 | 7 | 3 | സായ്ൻ പമ്പ് ഹോം |

| | | | |
|---|---|---|---|
| 10 | 7 | 19 | വി.എസ് ഓൾഡ് മെറ്റൽസ് |
| 11 | 7 | 24 | നാഷണൽ ഫർണിച്ചർ മാർട്ട് |
| 12 | 7 | 61 | ടോപ്പ് ക്യാറ്റ് റെഡിമെയ്ഡ് ഷോപ്പ് |
| 13 | 7 | 101 | ഒബ്രിസ് ക്രിയേറ്റീവ് |
| 14 | 7 | 104 | പി.പി.എസ് വെജിറ്റബിൾസ് |
| 15 | 7 | 105 | കെ.കെ.എസ് വെജിറ്റബിൾസ് & ഫ്രൂട്ട്സ് |
| 16 | 7 | 106 | സപ്ലൈകോ സൂപ്പർമാർക്കറ്റ് & മാവേലി സ്റ്റോർ |
| 17 | 7 | 136 | എസ്.ടി കൊറിയർ സർവ്വീസ് |

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245 മുതൽ 259 വരെയുള്ള വകുപ്പുകൾ പ്രകാരവും 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) മുതൽ 3(11) പ്രകാരവും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയത് ഈടാക്കാതിരുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നഗരസഭയിൽ ഫാക്ടിയോസ് ലൈസൻസ് നൽകുന്നത് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ്. ആയതിനാൽ മേൽ സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടവാക്കിയിട്ടില്ലെങ്കിൽ ലൈസൻസ് കൂടാതെയാണ് പ്രവർത്തിക്കുന്നത് എന്ന് കൂടി വ്യക്തമാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/06.02.2024ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എൻക്വയറിയിൽ പറഞ്ഞിരുന്ന സ്ഥാപനങ്ങളിൽ പലതും തൊഴിൽ നികുതി അടവാക്കിയതായോ നിലവിൽ പ്രവർത്തിക്കാതെ അടഞ്ഞു കിടക്കുന്നവയോ ആണെന്നും, ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായും മറുപടിയിൽ വിശദീകരിക്കുന്നു. രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ പരിഹരിച്ച് കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും, സ്ഥപാനങ്ങളിൽ നിന്ന് തൊഴിൽ നികുതി യഥാസമയം പിരിച്ചെടുക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 എൻ.എച്ച്.എം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.**

തിരൂരങ്ങാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജീവനക്കാരുടെ ഹാജർ രേഖകൾ പ്രകാരം താഴെപ്പറയുന്ന ജീവനക്കാർ നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം) മുഖേന നിയമിതരായി 2022-23 വർഷത്തിൽ ജോലി ചെയ്തിട്ടുള്ളതാണ്. എന്നാൽ, തിരൂരങ്ങാടി നഗരസഭയിലെ തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപനങ്ങൾ ലഭ്യമാക്കിയ തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ പ്രസ്തുത ജീവനക്കാർ ആരും തന്നെ 2022-23 ഒന്ന്, രണ്ട് അർദ്ധവർഷങ്ങളിൽ കൈപ്പറ്റിയ ശമ്പളത്തിന് ആനുപാതികമായി നഗരസഭയിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്നു കണ്ടു.

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | അബ്ദുൽ മുനീർ. സി. വി | PRO |
| 2 | ജിൻഷ. പി. സി | PRO Cum LO |
| 3 | ഷീബ ഇ | X-Ray Technician |
| 4 | ഷീജ. കെ | Delivery Point JPHN |
| 5 | ലാലി. കെ. പി | Staff Nurse |
| 6 | ശരത്. സി. കെ | Staff Nurse |

| | | |
|---|---|---|
| 7 | വിനയ. കെ | Staff Nurse (CLMU) |
| 8 | സ്നേഹ. പി | Staff Nurse (Shalabham) |
| 9 | ഖൈറുന്നിസ. കെ. എസ് | NCD-Dietician |
| 10 | രജിത. എൻ | NCD-Staff Nurse |
| 11 | ഡോ. ഫഹീം അരീക്കൻ | Doctor ( Pain And Palliative) |
| 12 | ജൂണി ഫിലിപ്പ് | Staff Nurse ( Pain And Palliative) |
| 13 | ഡോ. എ. എം. മുഹമ്മദ് ഏലിയാസ് കുഞ്ഞാവുട്ടി | DEIC MO |
| 14 | ഡോ. നവാൽ മൊയ്ദു | DEIC-Pediatrician |
| 15 | ഡോ. അബൂബക്കർ കോയ. കെ | DEIC-Dental Surgeon |
| 16 | അനുജ. എസ് | DEIC-Clinical Psychologist |
| 17 | ഹംന. എം. ടി | DEIC-Optometrist |
| 18 | നൗഫൽ വലിയക്കാത്തോടി | DEIC-Physiotherapist |
| 19 | നിമിഷ. സി. പി | DEIC-Lab Technician |
| 20 | മുക്താർ റിഷാദ് തങ്ങൾ. കെ.എൻ | DEIC-DEO |
| 21 | കമറുന്നീസ വി | DEIC-Special Educator |
| 22 | സജീഷ് | DEIC-Dental Hygienist |
| 23 | തഫ്സീറ. പി | DEIC-Audiologist |
| 24 | മുഹ്സിന. സി. പി | PRO |
| 25 | രേണു. എസ് | PRO |
| 26 | വിജിൻ എ. വി | PRO Cum LO |
| 27 | ബെൻസ ജോൺ | Staff Nurse |
| 28 | ജോമിന മേരി തോമസ് | Staff Nurse |
| 29 | അഞ്ജലി. വി. | Staff Nurse ( Pain And Palliative) |
| 30 | അമൃത. എം. വി. | DEIC-Staff Nurse |

മേൽ പരാമർശിച്ച ജീവനക്കാർ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245 മുതൽ 259 വരെയുള്ള വകുപ്പുകൾ പ്രകാരവും 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) മുതൽ 3(11) പ്രകാരവും തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ ആയത് ഈടാക്കാതിരുന്നതിന്മേൽ വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 59/15.02.2024ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. താലൂക്ക് ആസ്ഥാന ആശുപത്രി സൂപ്രണ്ടിന് കത്ത് നൽകിയിട്ടുള്ളതും ആയതിന് മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി വിവരം അറിയിക്കുന്നതുമാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. അപാകതയിൽ തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 വരവിനങ്ങളിൽ വലിയ തുക ഈടാക്കാൻ അവശേഷിക്കുന്നു.

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ B-15 പ്രകാരം വരവിനങ്ങളിൽ വലിയ തുകകൾ ഈടാക്കാൻ അവശേഷിക്കുന്നതായി കണ്ടു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | ഈടാക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|
| 1 | വസ്തു നികുതി (കറന്റ്) | 51,15,979 |
| 2 | വസ്തു നികുതി (അരിയർ) | 67,41,784 |
| 3 | തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ/ട്രേഡേഴ്സ് (കറന്റ്) | 2,33,744 |
| 4 | ലൈസൻസ് ഫീസ് (കറന്റ്) | 8,91,775 |
| 5 | റെന്റ് റിസീവബ്ൾ (കറന്റ്) | 40,185 |

മേൽ തുകകൾ ഈടാക്കാൻ സ്വീകരിച്ച നടപടി വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 56/06.02.2024ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടകയിനത്തിലെ കുടിശ്ശിക തുക മുഴുവനായും 2023-24 വർഷത്തിൽ

പിരിച്ചെടുത്തിട്ടുണ്ടെന്നും, മറ്റ് കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ക്യാമ്പ് കളക്ഷൻ, പരസ്യ പ്രചാരം, മൈക്ക് അനൗൺസ്മെന്റ് എന്നിവ നടത്തുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തനത് വരുമാനത്തിന്റെ ഭാഗമായ കുടിശ്ശിക തുകകൾ പിരിച്ചെടുക്കാൻ കഴിയാതെ കാലഹരണപ്പെട്ട് പോകുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ ബാധിക്കുന്ന തരത്തിലുള്ള ഗൗരവമായ വിഷയം ആയി കണ്ട് വരവിനങ്ങൾ പിരിച്ചെടുക്കുന്നതിന് സത്വരമായ നടപടികൾ കൈക്കൊള്ളുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 1-17 മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടത്തിന് വിരുദ്ധമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 17(2) പ്രകാരം മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന മുഴുവൻ തുകയും ഗവ. ട്രഷറി സേവിങ്സ് അക്കൗണ്ടിലോ അല്ലെങ്കിൽ ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലോ ആണ് അടക്കേണ്ടത് എന്ന് വ്യക്തമായി നിർദേശിച്ചതാണ്. എന്നാൽ മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് പ്രധാനമായും സൂക്ഷിച്ചിട്ടുള്ളത് തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്കിലെ 0020050000028 നമ്പർ അക്കൗണ്ടിലാണ്. (31.03.2023 തീയ്യതിയിലെ ബാലൻസ് ഷീറ്റ് ബി-17 ഷെഡ്യൂൾ പ്രകാരം 1,02,30,380/- രൂപ നീക്കിയിരിപ്പ്)

മുനിസിപ്പാലിറ്റി ചട്ടങ്ങൾക്ക് വിരുദ്ധമായി സഹകരണ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചതിന്റെ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/08.02.2024ന് 26/05/2011 ലെ 58725/എഫ്.എം3/2008/തസ്വഭവ. സർക്കുലറിലെ നിർദ്ദേശ പ്രകാരമാണ് ഇത്തരത്തിൽ ചെയ്തതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-18 വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം - അപാകതകൾ

2022-23 ലെ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി നഗരസഭയിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ വിവരങ്ങളും, നിലവിൽ നഗരസഭ നമ്പർ അനുവദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെയും വിവരങ്ങളും പെർമിറ്റ് രജിസ്റ്റർ, സഞ്ചയ എന്നിവ പ്രകാരം ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

പെർമിറ്റിനായുള്ള അപേക്ഷകളിൽ പെർമിറ്റ് അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും, പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും നാളിതുവരെ നമ്പർ അനുവദിക്കാത്തതായുമുള്ള ടവറുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ ഇൻവാർഡ്/ഫയൽ നമ്പർ. | അപേക്ഷകന്റെ/കമ്പനി പേര്, സർവ്വേ നം. | നിലവിലെ അവസ്ഥ, അപാകത |
|---|---|---|---|
| 1 | 1978/22/21.01.22 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ RS-338/3B | 1) പെർമിറ്റ് ഫീസ് ആയി 10,000/- രൂപ അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2) പെർമിറ്റ് കാലാവധി ചട്ടപ്രകാരം ഒരു വർഷമാണ്. എന്നാൽ രജിസ്റ്ററിൽ 5 വർഷമാണ് രേഖപ്പെടുത്തിയത്. 3) അപേക്ഷ ലഭിച്ച് വർഷങ്ങളായിട്ടും രജിസ്റ്ററിൽ പെർമിറ്റ്/നമ്പർ അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ നോട്ടീസ് നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല. 4) ടി ടവർ നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 2 | 16151/21/27.11.21 | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ S No-188/4-1, 3-1 | |
| 3 | 9346/18/27.06.18 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്. SNo-253/1-2 | |
| 4 | 3333/21/10.02.21 | അസ്സൻഡ് ടെലികോം ഇൻഫ്രാസ്ട്രക്ചർ S No.-272/1-7 | പെർമിറ്റ് ഫീസ് ആയി 10,000/- രൂപ അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പെർമിറ്റ് കാലാവധി ചട്ടപ്രകാരം ഒരു വർഷമാണ്. എന്നാൽ രജിസ്റ്ററിൽ 5 വർഷമാണ് രേഖപ്പെടുത്തിയത്. ഫയൽ പരിശോധനക്ക് ഹാജരാക്കി. കംപ്ലീഷൻ അറിയിച്ചത് പ്രകാരം പരിശോധിച്ച് പെർമിറ്റിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണം സൂചിപ്പിച്ച് PW2-10496/21/20.10.21 നമ്പർ കത്ത് നൽകി. |

| | | | |
|---|---|---|---|
| | | | ടി ടവർ നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |

ക്രമ നം. 1 മുതൽ 3 വരെ ടവറുകളുടെ നിർമ്മാണം/പ്രവർത്തനം സംബന്ധിച്ച നിജസ്ഥിതി പരിശോധിക്കുന്നതിനായി ടി ടവറുകളുടെ പെർമിറ്റ്/നമ്പറിംഗ് സംബന്ധിച്ച ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതും മേൽ എല്ലാ ടവറുകളും സ്ഥിതി ചെയ്യുന്ന വാർഡ്, സൈറ്റ് വിവരങ്ങൾ ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/2022-23/08.02.2024ന് മറുപടി ലഭ്യമാക്കുകയോ ഫയലുകൾ പരിശോധനക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പെർമിറ്റ് പുതുക്കുകയോ നമ്പർ ലഭ്യമാകുകയോ ചെയ്യാതെ ടവറുകൾ പ്രവർത്തിച്ച് വരുന്നതിന് സാധ്യതയുള്ളതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ക്രമ നം. 1 മുതൽ 3 വരെ ഫയലുകൾ ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കേണ്ടതും, പട്ടികയിലെ എല്ലാ ടവറുകളുടെയും അപേക്ഷകൾ പ്രകാരമുള്ള സൈറ്റുകൾ നഗരസഭ എഞ്ചിനിയറിംഗ് വിഭാഗവും കൂടി ചേർന്ന് പരിശോധിച്ച് പ്രവർത്തിക്കുന്ന ടവറുകൾക്ക് ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കി എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതലുള്ള, ചട്ടപ്രകാരമുള്ള വസ്തു നികുതി ഈടാക്കി, എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് സഹിതം വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 വാർത്താ വിനിമയ ഗോപുരത്തിന്റെ വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 26.2.2022ലെ ആർ.ഡി.3/94/2020/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കുന്നത് മൊബൈൽ ടവറുകളുടെ ടവറിന്റെ തറവിസ്തീർണം + ജനറേറ്റർ + മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്നതിന്റെ അടിസ്ഥാനത്തിൽ വേണമെന്ന് സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. എന്നാൽ നഗരസഭയിൽ സ്ഥിതി ചെയ്യുന്ന ഇൻഡസ് ടവേഴ്സിന്റെ ചുവടെ ചേർത്ത മൊബൈൽ ടവറിന്റെ നമ്പറിംഗ് ഫയൽ പരിശോധിച്ചതിൽ, മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള എല്ലാ ഏരിയകളും ടവറിന്റെ നികുതി നിർണയത്തിന് പരിഗണിച്ചിട്ടില്ല എന്ന് കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പെർമിറ്റ് നമ്പർ - PW2/5181/22,

അനുവദിച്ച കെട്ടിട നമ്പർ, തിയതി - 17/103A, 20.01.23

വില്ലേജ്, സ. നം. - തിരൂരങ്ങാടി വില്ലേജ് സ.നം-215/4-1

നികുതിക്ക് പരിഗണിച്ച വിസ്തീർണ്ണം - 13.27ച.മീ.

നിർണ്ണയിച്ച നികുതി - ₹6,585/-

ഫയൽ പ്രകാരമുള്ള പ്ലാൻ പരിശോധിച്ചതിൽ 8.76ച.മീ ടവർ ഏരിയ + 4.5ച.മീ ഡി.ജി + 4.5ച.മീ മറ്റ് ഉപകരണങ്ങൾ എന്നിങ്ങനെ ആകെ 17.76ച.മീ വിസ്തീർണ്ണം ഉണ്ട്. എന്നാൽ ടവറും ഡി.ജി-എന്നിവയുടെ വിസ്തീർണ്ണം മാത്രം ചേർത്താണ് വസ്തു നികുതി നിർണ്ണയിച്ചതും ഒക്കുപ്പൻസി അനുവദിച്ചതും. 500 രൂപയാണ് നഗരസഭയിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി നിരക്ക്. ആയതിനാൽ തന്നെ വസ്തു നികുതി നിർണ്ണയിച്ചതിലും ഈടാക്കിയതിലും 4.5x500 = 2,250/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.
അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 13/2022-23/08.02.2024ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വസ്തു നികുതി പുതുക്കി നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 സ്റ്റെയർ റൂം വിസ്തീർണ്ണം പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയിച്ചു.

ശ്രീ. മുഹമ്മദ് മുസ്തഫ, ഹുസൈൻ, മുഹമ്മദ് അബ്ദുറഹിമാൻ എന്നിവർക്ക് നഗരസഭയിലെ 15ാം വാർഡിൽ, തിരൂരങ്ങാടി വില്ലേജിൽ റിസ. നം. 319/124, 128, 129 ഭൂമിയിൽ 990.92 ച.മീ വിസ്തീർണ്ണമുള്ള ഇരുനില വാണിജ്യാവശ്യ കെട്ടിടം നിർമ്മിക്കുന്നതിന് 17.03.2021 തിയതിയിൽ PW2 Section/6256/2021 നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

ആകെ 991.49 ച.മീ വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റിൽ നിന്നും അധികമായി നിർമ്മിച്ച 0.57 ച.മീ ഏരിയക്ക് ക്രമവൽക്കരണ ഫീസ് ഈടാക്കി, GF-480.47 ച.മീ + FF 495.85 ച.മീ ആയി ആകെ 976.32 ഏരിയക്ക് 15/339 A1 മുതൽ 15/339 A30 വരെ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്.

PW2/12192/2022 തിയതി. 10.08.22 നമ്പർ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചത് പ്രകാരവും കെട്ടിടം 991.49 ച.മീ. വിസ്തീർണ്ണം ഉണ്ട്. പ്ലാൻ, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് എന്നിവ പ്രകാരമുള്ള സ്റ്റെയർ ഏരിയ 15.17 ച.മീ നികുതി നിർണ്ണയത്തിൽ പരിഗണിച്ചിട്ടില്ല. ആയതിനാൽ തന്നെ വസ്തു നികുതി നിർണ്ണയിച്ചതിലും ഈടാക്കിയതിലും 15.17x80 = 1213.6 + 20% വഴി വർദ്ധന – 10% മേഖല ഇളവ് = 1335/- രൂപയുടെ കുറവ്
സംഭവിച്ചിട്ടുണ്ട്.

അപാകതക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.60/2022-23

/15.02.2024ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതിന് നടപടികൾ ആരംഭിച്ചതായി അറിയിച്ചു. വസ്തുനികുതി പുതുക്കി നിർണ്ണയിച്ച് നഷ്ട തുക കടിശ്ശിക സഹിതം ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 വിവിധ സ്ഥാപനങ്ങൾക്ക് അഞ്ച് വർഷത്തേക്ക് അനുവദിച്ച ലൈസൻസ് - ഫയലുകൾ ലഭ്യമാക്കിയില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മുൻവർഷങ്ങളിൽ നൽകിയതും 2022-23 വർഷത്തിൽ സാധുതയുള്ളതുമായ അഞ്ച് വർഷ കാലാവധിയിൽ അനുവദിച്ചിട്ടുള്ള ലൈസൻസ് സംബന്ധിച്ച വിശദാംശങ്ങൾ/ഫയലുകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ. 61/2022-23/15-2-2024)ആയവ ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ തന്നെ ഇത്തരം ലൈസൻസുകൾ അനുവദിക്കപ്പെട്ട സ്ഥാപനങ്ങളിലെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും അതത് വർഷങ്ങളിൽ അടവാക്കിയിട്ടുണ്ടോ എന്നതും വിവിധ സർക്കാർ വകുപ്പ്/സ്ഥാപനങ്ങളിൽ നിന്നുമുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ ആവശ്യമായ സ്ഥാപനങ്ങൾ കാലാവധിയോട് കൂടിയ ക്ലിയറൻസ് സർട്ടിഫിക്കറ്റുളോടെയുള്ള ലൈസൻസുകൾ പ്രകാരമാണോ പ്രവർത്തിക്കുന്നത് എന്നും ഉറപ്പ് വരുത്താനായാട്ടില്ല.

ഫയലുകൾ ലഭ്യമാക്കാനാവശ്യപ്പെട്ടതിൽ, ഇത്തരം ഫയലുകൾ മുൻവർഷങ്ങളിലെ ലൈസൻസ് ഫയലുകളുടെ കൂടെയായതിനാൽ ആയവ കണ്ടെത്തി ലഭ്യമാക്കുന്നത് പ്രയാസകരമാണ് എന്നാണ് സെക്ഷൻ വാക്കാൽ അറിയിച്ചത്. അഞ്ച് വർഷ ലൈസൻസുകൾ അനുവദിക്കുമ്പോൾ ആയവ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ക്ലിയറൻസ് സർട്ടിഫിക്കറ്റുകളുടെ കാലാവധിയും കൃത്യമായി രേഖപ്പെടുത്തി ഇത് സംബന്ധിച്ച അപേക്ഷകളും ഫയലും പ്രത്യേകമായി സൂക്ഷിച്ചാൽ മേൽ പരാമർശിച്ചിട്ടുള്ള തരത്തിലുള്ള അപാകത ഒഴിവാക്കാവുന്നതും ഇത്തരം സ്ഥാപനങ്ങളുടെ ലൈസൻസ്, തൊഴിൽ നികുതി സംബന്ധിച്ച കാര്യങ്ങൾ കൃത്യമായി മേൽനോട്ടം നടത്തുന്നതിന് കഴിയുന്നതുമാണ്.

വിശദാംശങ്ങൾ /ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-22 തെരുവ് വിളക്ക് റിപ്പയർ അപാകതകൾ

| | | |
|---|---|---|
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ | |
| പ്രൊജക്റ്റ് /പേര് | 112/23 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ | |
| അടങ്കൽ | 10,00,000 (പ്ലാൻ)<br>10,00,000 (തനത്)<br>20,00,000 | |
| ചെലവ് | 10,00,000 +<br>5,25,260<br>15,25,260 | ബിൽ നം/തി<br>2215060470005601558156/29.3.23<br>ചെക്ക് നം. 676833/30.3.23 |
| അക്രഡിറ്റ് ഏജൻസി | സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് കണ്ണൂർ | |
| എഗ്രിമെൻറ് | 55(A)/AE/LIDE&W /TGI/22-23/1709 Dt.31.1.23 | |
| **ബിൽ ഇൻ വോയ്സ് വിവരം** | **നം ASBU/4.02(43) /2022-23/1709 തി.25.3.2023**<br>1640 Nos @₹735.23 = ₹12,05,777.20 +<br>GST 18% = ₹2,17,039.90<br>**₹14,22,817.10**<br>Centage Charges 7.2 % ₹86,815.96<br>GST On Centage 18% ₹15,626.87<br>**Total ₹15,25,260** | |

നഗരസഭ പരിധിയിലുള്ള 39 വാർഡിൽ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുള്ള പ്രൊജക്റ്റ് ആണിത്. അക്രഡിറ്റഡ്

ഏജൻസി മുഖേന നിർവ്വഹണം നടത്താനാണ് പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ സെന്റേജ് ചാർജ്ജ് രേഖപ്പെടുത്തിയ (7.2%) സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് കണ്ണൂർ(SILK) എന്ന ഏജൻസിയെ ആണ് **PMC** ആയി പ്രവൃത്തി നടപ്പിലാക്കാൻ ഏൽപ്പിച്ചിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ ഉത്തരവ് പാലിച്ചില്ല.**

A) അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ച സർക്കാർ ഉത്തരവ് (പി)നം:104/2022/fin/2.9.2022 പ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് കണ്ണൂർ(SILK) എന്ന സ്ഥാപനത്തെ "PMC ആയി ഇലക്ട്രോ മെക്കാനിക്കൽ പ്രവർത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസി" ആയാണ് അംഗീകരിച്ചിട്ടുള്ളത്. ( ക്രമ നം:31 ). ആയതിൽ പ്രവൃത്തി നേരിട്ട് നടത്തുന്നതിന് അനുമതി നൽകിയിട്ടില്ല. എന്നാൽ പ്രവൃത്തി ഏജൻസി നേരിട്ട് നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്.

B) അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നടപ്പാക്കുന്നത് സംബന്ധിച്ച GO(P) 67/2021/Fin Dt 28.04.2021 ഉത്തരവിലെ താഴെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കാതെയാണ് മേൽ പ്രവൃത്തി നടപ്പാക്കിയത്.

1) PMC ആയി അക്രഡിറ്റേഷൻ നേടിയ സ്ഥാപനം , സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം പരസ്യം നൽകി സർക്കാരിന്റെ ഇ ടെണ്ടർ പ്ലാറ്റ്ഫോം മുഖേന ഐറ്റം റേറ്റ് കോൺട്രാക്ട് രീതിയിൽ ടെണ്ടർ ചെയ്താണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരനെ കണ്ടെത്തേണ്ടത്. എന്നാൽ ഈ പ്രവൃത്തിയിൽ ആയത് പാലിച്ചിട്ടില്ല. ടെണ്ടർ ചെയ്ത് കരാറുകാരനെ തെരെഞ്ഞെടുത്തതായി കാണുന്നില്ല.

2) PMC അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടത്തുന്ന പ്രവൃത്തികളിൽ തെരഞ്ഞെടുക്കപ്പെട്ട കരാറുകാരൻ, അക്രഡിറ്റഡ് ഏജൻസി, ക്ലയന്റ് ഡിപ്പാർട്ട്മെന്റ് എന്നിവർ തമ്മിൽ ട്രൈപാർട്ടേറ്റ് കരാർ ചമക്കേണ്ടതും കരാറിൽ ഓരോരുത്തരുടെയും ചുമതലകൾ വ്യക്തമാക്കേണ്ടതുമാണ്. എന്നാൽ ഈ പ്രവൃത്തിയുടെ കാര്യത്തിൽ ഏജൻസി നേരിട്ട് നിർവ്വഹണം നടത്തുകയാണ് ചെയ്തത്.

**2) മറ്റ് അപാകതകൾ**

A) SILK ലഭ്യമാക്കിയ എസ്റ്റിമേറ്റ് ( ASBU/4.02(43)/2022-23/1055 തി.02.1.2023)-ൽ 1 ലൈറ്റ് റിപ്പയർ ചെയ്യുന്നതിന് Price -ൽ ഉള്ള ഒബ്സർവ് ഡ് ഡാറ്റ Od292602/2022-2023 പ്രകാരം 735.23 രൂപ യാണ്.ആയതിന്റെ ഡാറ്റ ലഭ്യമാക്കിയിട്ടില്ല.

B) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ.എസ്.ഇ.ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയില്ല .

C) ഏതെല്ലാം പോസ്റ്റുകളിലെ ഏതെല്ലാം ബൾബുകൾ മെയിന്റനൻസ് നടത്തിയിട്ടുണ്ടെന്ന ഉറപ്പു വരുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയലിനോടൊപ്പം ലഭ്യമാക്കിയ 39 വാർഡ് കൗൺസിലർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ പോസ്റ്റ് നമ്പർ വ്യക്തമാക്കിയിട്ടില്ല.

D) പഴയ ലൈറ്റുകൾ (ബ്രാക്കറ്റ്, ഹോൾഡർ) തിരിച്ചേൽപ്പിച്ചതായി രേഖകൾ ഹാജരാക്കിയിട്ടില്ല

E) മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ/രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 21/9.2.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 15,25,260/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

പദ്ധതി മാർഗ്ഗരേഖയിലെ (GO (Ms) No.86/2022/LSGD/19.04.2022) ഖണ്ഡിക 3.8.4 പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്നതിനും, നിർവ്വഹണ മേൽ നോട്ടം വഹിക്കുന്നതിനും ജില്ലാതല ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുക, ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽനോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവയ്ക്ക് പ്രസ്തുത കമ്മറ്റിയിലെ അംഗമായ ഒരു എഞ്ചിനീയറുടെ സേവനം ഉപയോഗപ്പെടുത്താവുന്നതുമാണ്. ആയതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എസ്റ്റിമേറ്റിന്റെ 0.5% തുകയും (കുറഞ്ഞത് 1,000/- രൂപയും കൂടിയത് 5,000/- രൂപയും), ടെണ്ടർ രേഖകൾ തയ്യാറാക്കുക, നിർവ്വഹണ മേൽ നോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുക, ബിൽ തയ്യാറാക്കുക എന്നിവക്ക് 1.5% തുകയും (കുറഞ്ഞത് 2,000/- രൂപയും കൂടിയത് 2,00,000/- രൂപയും) പ്രതിഫലമായി നൽകാവുന്നതാണ്. കൂടാതെ ചെക്ക് മെഷർമെന്റ് നടത്തുന്നതിന് ടെക്നിക്കൽ കമ്മിറ്റിയിലെ ഒരു അംഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താവുന്നതും, ആയതിന് എസ്റ്റിമേറ്റിന്റെ 0.5% തുക (കുറഞ്ഞത് 1,000, പരമാവധി 50,000 വരെ) പ്രതിഫലമായി നൽകാവുന്നതുമാണ്. എന്നാൽ നിർവ്വഹണ മേൽ നോട്ടം വഹിക്കുകയും, അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത ഉദ്യോഗസ്ഥനെ ചെക്ക്മെഷർമെന്റ് നടത്തുന്നതിന് ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ്.

എന്നാൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ഇലക്ട്രിക്കൽ പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, നിർവ്വഹണ മേൽ നോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത അതേ ഉദ്യോഗസ്ഥന്

തന്നെയാണ് ചെക്ക്മെഷർമെന്റ് നടത്തുന്നതിനുള്ള പ്രതിഫലവും അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് / എസ്റ്റിമേറ്റ് തുക | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുക (₹) | നിർവ്വഹണ മേൽ നോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുന്നതിനുള്ള തുക (₹) | ചെക്ക്മെഷർമെന്റ് നടത്തുന്നതിനുള്ള തുക (₹) | നൽകിയ തുക/വൗച്ചർ നം. തിയ്യതി |
|---|---|---|---|---|---|
| 1 | ചന്തപ്പടി മാപ്പിള കലാ പഠന കേന്ദ്രം ഇലക്ട്രിഫിക്കേഷൻ (268/23) - Rs. 330000/- | 1,416 | 4,247 | 1,416 | 7078/- 22200766/17.2.23 321304 |
| 2 | താലൂക്ക് ഹോസ്പിറ്റൽ ഡയാലിസിസ് റൂം ഇലക്ട്രിഫിക്കേഷൻ (268/23) - Rs. 291999/- | 1,251 | 3,753 | 1,251 | 22200766/17.2.23 282837/- |
| 3 | 2 അംഗൻവാടി ബിൽഡിംഗ് ഇലക്ട്രിഫിക്കേഷൻ (268/23) - Rs. 150000/- | 1,000 | 2,000 | 1,000 | 22200766/17.2.23 147277/- |
| 4 | വിവിധ കുടിവെള്ള പദ്ധതികൾ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കലും ഇലക്ട്രിഫിക്കേഷൻ Div 17 (281/23) - Rs. 154000/- | 1,000 | 2,000 | 1,000 | 17/4.2.23 143282 |
| 5 | വിവിധ കുടിവെള്ള പദ്ധതികൾ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കലും ഇലക്ട്രിഫിക്കേഷൻ Div 25 (281/23) - Rs. 150000/ | 1,000 | 2,000 | 1,000 | 19/4.2.23 138154 |
| 6 | വിവിധ കുടിവെള്ള പദ്ധതികൾ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കലും ഇലക്ട്രിഫിക്കേഷൻ Div 19 (281/23) - Rs. 150000/ | 1,000 | 2,000 | 1,000 | 18/4.2.23 138059 |

മേൽ തുകകൾ പൂർണമായും എസ്റ്റിമേറ്റ് തയ്യാറാക്കുകയും, നിർവ്വഹണ മേൽ നോട്ടം വഹിക്കുക, അളവുകൾ രേഖപ്പെടുത്തുകയും ചെയ്ത ഉദ്യോഗസ്ഥന് (ശ്രീ. അബൂബക്കർ. സി.കെ A/c No. 67156870219) നൽകുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ചെക്ക് മെഷർ ചെയ്തത് ടി ഉദ്യോഗസ്ഥൻ അല്ല. ആയത് ക്രമ പ്രകാരമല്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 42 /13.2.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 എയറോബിക് യൂണിറ്റ് പ്രവർത്തനക്ഷമമല്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റിൽ ജൈവ മാലിന്യ സംസ്കരണത്തിനായി എയറോബിക് ബിൻ കംപോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടായ തുമ്പൂർമുഴി എയറോബിക് യൂണിറ്റ് (S0299/21) എന്ന പദ്ധതിക്ക് 20,00,000/- രൂപ വകയിരുത്തുകയും (5,88,200/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 2,45,800/- രൂപ തനത് ഫണ്ട്, 4,66,000/- രൂപ സംസ്ഥാനാവിഷ്കൃതം, 7,00,000/- കേന്ദ്രാവിഷ്കൃതം) എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ മുഖേന എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സുജിത്ത് എന്ന കരാറുകാരനെ തെരെഞ്ഞെടുത്ത് 2022-23 ൽ പദ്ധതി (54/23) പൂർത്തീകരിക്കുകയും താഴെ പറയും പ്രകാരം തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | ചെക്ക് നം./ബിൽ നം. തിയ്യതി | തുക (₹) | ഫണ്ട് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 22150647005600278536/6.7.2022 | 5,88,200 | വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 2 | CO72218764098/12.7.22 | 4,14,367 | സംസ്ഥാനാവിഷ്കൃതം |
| 3 | C102224046469/14.10.22 | 5,30,305 | കേന്ദ്രാവിഷ്കൃതം |
| | C102224064868/14.10.22 | 70,345 | ,, |
| | C102224088709/14.10.22 | 5,411 | ,, |
| | | 16,06,061 | |
| 4 | 676574/14.11.22 | 5,728 | തനത് ഫണ്ട് |
| | C112213487834/14.11.22 | 51,633 | സംസ്ഥാനാവിഷ്കൃതം |
| | C112213487834/14.11.22 | 93,939 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| | | 1,51,300 | |
| | **ആകെ** | **17,59,928** | |

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, ജോയിന്റ് ഡയറക്ടർ തദ്ദേശ സ്വയംഭരണ വകുപ്പ് മലപ്പുറം-ത്തിന് അയച്ച 492/2022/DSM തി.14.2.2023 കത്തിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച ഉമ്പൂർമുഴി പ്ലാന്റ് പരിശോധിച്ചതായും, ലീച്ചേറ്റ് ഒഴുകിപോകാൻ യാതൊരു സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ലെന്നും ഉപയോഗത്തിന് മുന്നേ തന്നെ ഉമ്പൂർമുഴിയുടെ മിക്ക അഴികളും പൊട്ടികിടക്കുന്നതായും, ഒട്ടുംതന്നെ വൃത്തിയില്ലാതെയും ഗുണമേന്മ ഇല്ലാതെയും ആണ് പ്ലാന്റ് പണിതത് എന്നും, പണി നടക്കുന്ന സമയത്ത് കൃത്യമായ മോണിറ്ററിംഗ് നടക്കാത്തത് കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 13.2.2024-ൽ മുനിസിപ്പൽ എഞ്ചിനീയറോടൊപ്പം നടത്തിയ സ്ഥലപരിശോധനയിലും പ്ലാന്റ് പ്രവർത്തനക്ഷമമല്ലാതെ ഉപയോഗ ശൂന്യമായി കിടക്കുന്നതായി ബോധ്യപ്പെട്ടു. ആയതിനാൽ തന്നെ 18 ലക്ഷത്തോളം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതി ലക്ഷ്യം കൈവരിച്ചതായി കാണുന്നില്ല. ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ കത്തിൽ സൂചിപ്പിച്ച പ്രകാരം പദ്ധതി നടപ്പിലാക്കിയതിലെ പോരായ്മകൾ പരിഹരിക്കാനും, പദ്ധതി ഉപയോഗപ്രദമാക്കാനും നടപടി കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 51/14.2.2024 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. എയറോബിക് യൂണിറ്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതും പദ്ധതിയിലെ ക്രമക്കേട് സംബന്ധിച്ച് ഉചിതമായ അന്വേഷണം നടത്തേണ്ടതുമാണ്.

## 1-25 പൊതുമരാമത്ത് പ്രവൃത്തികൾ - അവലോകനം

മുനിസിപ്പൽ എഞ്ചിനിയർ 2022-23ൽ നടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതുവായ ന്യൂനതകൾ താഴെ കൊടുക്കുന്നു.

I) പ്രവൃത്തികളുടെ നടത്തിപ്പിൽ വേണ്ടത്ര പുരോഗതി ഇല്ല

തൻവർഷം ആകെ 195 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 100 പ്രൊജക്ടുകളിലായി ആകെ 4,58,78,253/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പ്രൊജക്ടുകൾ | 195 | ആകെ അടങ്കൽ | ₹10,91,21,088 |
| നടപ്പിലാക്കിയത് | 100 | ആകെ ചെലവ് | ₹4,58,78,253 |
| ശതമാനം | 51.28% | ചെലവ് ശതമാനം | 42.04 % |

ആകെ പ്രൊജക്ടുകളിൽ 77 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകൾ ആയിരുന്നെങ്കിലും അതിൽ 20 എണ്ണം തൻവർഷവും നടപ്പിലാക്കിയിട്ടില്ല.

II) ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും, അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണെന്നും ജി.ഒ(കൈ)നം.86/2022 /തസ്വഭവ, തി.19.4.2022-ൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ അപ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയതിന്റെയും, ആസ്തി രജിസ്റ്റർ തയ്യാറാക്കിയതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

III) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ, ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, കാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

IV)മോണിട്ടറിംഗ്

സ.ഉ(കൈ)നം.86/2022/ത.സ്വ.ഭ.വ തി.19/04/2022 പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും, മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പൊതുമരാമത്ത് പ്രവർത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധം മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും, തുടക്കമെന്ന നിലയിൽ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം പ്രൊജക്ടുകളെങ്കിലും റാൻഡം രീതിയിൽ തെരെഞ്ഞടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണ നിലവാരമുള്ള പരിശോധനക്ക് വിധേയമാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ അപ്രകാരം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി നം. 53/14.2.2024)

## 1-26 SC വിവാഹ ധനസഹായം - അധികം തുക നൽകി.

നിർവ്വഹണം : പ്രൊജക്ട് ഓഫീസർ

പ്രൊജക്ടിന്റെ പേര് : SC പെൺകുട്ടികൾക്ക് വിവാഹ ധനസഹായം

പ്രൊജക്ട് നം : 116/22-23

അടങ്കൽ : ₹8 ലക്ഷം/- (പ്ലാൻ എസ്.സി.പി)

ആകെ ചെലവ് : ₹5 ലക്ഷം/- BRN- 22150647006601266591/28.2.23

പതിനാലാം പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ കൈ നം. 115/2022/LSGD/28.5.22) ഖ.നം. 7.2.1 ന്റെ തുടർച്ചയായി, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.10.2022ലെ സ. ഉ (സാധാ) 2593/2022 നം. ഉത്തരവു പ്രകാരം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പു നൽകുന്ന ധനസഹായവുമായി ഏകീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം, ഈ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള ധനസഹായം 1,25,000/- രൂപയായി വർദ്ധിപ്പിച്ച നിരക്ക്, 15.10.2022നു ശേഷം നടക്കുന്ന വിവാഹങ്ങൾക്കാണ് ബാധകമാവുക എന്നും വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ, 15.5.2022 ന് വിവാഹം കഴിഞ്ഞ രമ്യ, D/O രവീന്ദ്രൻ മണ്ണാറയ്ക്കൽ ചെമ്മാട് (വാർഡ് നം 7) എന്ന ഗുണഭോക്താവിന് ഈ പദ്ധതിയിൻ കീഴിൽ 1,25,000/- രൂപ മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല.

സർക്കാർ ഉത്തരവിനു വിരുദ്ധമായി 50,000/- രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/6.2.2023 ന് ഉള്ള മറുപടിയിൽ, വർദ്ധിപ്പിച്ച നിരക്കു സംബന്ധിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെടാതിരുന്നതിനെ തുടർന്ന് സംഭവിച്ച ശ്രദ്ധക്കുറവു മൂലമാണ് അധിക നിരക്ക് നൽകാൻ ഇടയായതെന്നും, അധികം കൈപ്പറ്റിയ 50,000/- രൂപ തിരിച്ചടയ്ക്കുന്നതിന് എച്ച്.2/21423/9.2.2024 നമ്പറായി ടി ഗുണഭോക്താവിന് കത്ത് നൽകിയിട്ടുണ്ടെന്നും പ്രൊജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. തിരിച്ചടവു വിവരം ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഖണ്ഡിക 3-2 കൂടി കാണുക)

## 1-27 അംഗനവാടികൾ പകുതിയും വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നു.

തിരൂരങ്ങാടി നഗരസഭാ പരിധിയിൽ ആകെ 48 അംഗനവാടികളാണുള്ളത്. ഇതിൽ 24 അംഗനവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. ഒരെണ്ണം വാടകരഹിത കെട്ടിടത്തിലും പ്രവർത്തിയ്ക്കുന്നുണ്ട്. ബാക്കിയുള്ള 23 അംഗനവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന അംഗനവാടികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സെന്ററിന്റെ പേര് | വാർഡ് /സെന്റർ നം |
|---|---|---|
| 1 | ചുള്ളിപാറ 1 | 13/68 |
| 2 | കുംഭം കടവ് | 33/72 |
| 3 | കോട്ടുവാലപറമ്പ് | 35/73 |
| 4 | കൊടിമരം | 16/76 |
| 5 | പള്ളിപടി 1 | 1/77 |
| 6 | ചന്തപ്പടി 1 | 26/78 |
| 7 | കെ.സി. റൊഡ് | 23/80 |
| 8 | കരുമ്പിൽ 1 | 21/83 |

| | | |
|---|---|---|
| 9 | സി.കെ. നഗർ | 29/84 |
| 10 | കക്കാട് 1 | 23/85 |
| 11 | കക്കാട് ഈസ്റ്റ് | 12/87 |
| 12 | എക്സ്ചേഞ്ച് റോഡ് | 34/90 |
| 13 | ടി.സി. റോഡ് | 26/95 |
| 14 | താഴെ ചിന | 27/96 |
| 15 | കെ.ടി.ഡി.സി റോഡ് | 24/101 |
| 16 | നെല്ലിക്കാചിന | 14/102 |
| 17 | കുണ്ടചിന | 25/104 |
| 18 | സന്മനസ്സ് റോഡ് | 9/107 |
| 19 | ചുള്ളിപാറ 11 | 19/109 |
| 20 | വെള്ളിലക്കാട് | 10/111 |
| 21 | ചാലാട്ടിൽ | 16/66 |
| 22 | ചോലയിൽ | 16/69 |
| 23 | വടക്കേ മമ്പുറം | 1/112 |

അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.36/12.2.2024) ലഭ്യമാക്കിയ മറുപടിയിൽ, അവസാനത്തെ 3 അംഗനവാടികൾക്ക് സ്ഥലം ലഭ്യമായതായി അറിയിച്ചിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 166, മൂന്നാം പട്ടിക പ്രകാരം അങ്കണവാടികൾ നടത്തലും പരിപാലിക്കലും മുനിസിപ്പാലിറ്റിയുടെ ചുമതലയാണ്. ആയതിനാൽ അവശേഷിയ്ക്കുന്ന അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റു ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുമുള്ള ഊർജിത ശ്രമങ്ങൾ/നടപടികൾ ഭരണസമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-28 ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - അധികം നൽകിയ 85,500/- രൂപ തിരിച്ചടവാക്കി.

നിർവഹണം : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ടിന്റെ പേര് : ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് (126/23)
അടങ്കൽ : ₹40,00,000/- (വികസനഫണ്ട് : 38,00,000/-, തനത് : ₹2,00,000/-)

ചെലവ് : ₹39,37,600/- (വികസനഫണ്ട് : 38,00,000/-, തനത് : ₹1,37,600/-)

28.05.2022 ലെ ജി.ഒ.(കൈ)നം.115/2022/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരമാവധി 28,500/- രൂപ നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് അനുവദനീയമായതിലും അധികം തുക ഒന്നിലധികം ബില്ലുകൾ പ്രകാരം നൽകി. നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് / അക്കൗണ്ട് നം | ബിൽ നം (BRN)/തീയ്യതി, ആകെ ബിൽ തുക (₹) | അനുവദിച്ച തുക (₹) | ആകെ അനുവദിച്ച തുക (₹) | അധികം (₹) |
|---|---|---|---|---|
| രജീബ് അമ്പാട്ട് 36976958105 | 1) 22150647004700959624 /26.12.22, 6,04,900/- | 28,500 | 57,000 | 28,500 |
| | 2) 22150647004700959630 /26.12.22, 13,11,000/- | 28,500 | | |
| ഫാസിൽ.കെ 40159101067996 | 1) 22150647004700959624 /26.12.22, 6,04,900/- | 28,500 | 57,000 | 28,500 |
| | 2)22150647004700892879/26.12.22, 17,38,500/- | 28,500 | | |
| മുഹമ്മദ് റിൻഷാദ് 40275101084276 | 1) 22150647004700959630 /26.12.22, ₹13,11,000/- | 28,500 | 57,000 | 28,500 |
| | 2) 22150647004700892879/26.12.22, ₹17,38,500/- | 28,500 | | |
| | ആകെ | | | 85,500 |

മാർഗരേഖയ്ക്കു വിരുദ്ധമായി സ്കോളർഷിപ്പിനത്തിൽ അധികം കൈപറ്റിയ 85,500/- രൂപ ഓഡിറ്റ് എൻക്വയറി-നം. 22/9.2.2024 നൽകിയതിനെ തുടർന്ന് 14.2.2024ലെ നം ആർ.എം 10120023001396, 10120023001397, 10120023001398 എന്നീ രശീതികൾ

പ്രകാരം നഗരസഭയിൽ അടവാക്കി. ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

### 1-29 വൃദ്ധർക്ക് കട്ടിൽ - ടെണ്ടർ നടപടിക്രമങ്ങൾ പാലിയ്ക്കാതെ ആർട്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തി.

പ്രൊജക്ട് - വൃദ്ധർക്ക് കട്ടിൽ (പ്രോജക്ട് നം- 14/24) (സ്പിൽ ഓവർ)

അടങ്കൽ – ₹4,00,000/- (പ്ലാൻ, ജനറൽ)

ചെലവ് – ₹3,35,400/- (BRNo-221515064700100422/10.5.2022)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ എന്ന പ്രോജക്ട് പ്രകാരം, ആർട്കോയിൽ നിന്നും 78 കട്ടിലുകൾ (ഇൻവോയ്സ് നം KKD343/16.2.2022) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ പാലിയ്ക്കാതെയാണ് ആർട്കോയിൽ നിന്നും കട്ടിലുകൾ വാങ്ങിയിട്ടുള്ളത്.

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി ARTCOയിൽ നിന്ന് ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും GO(Rt) 7/2022/SPD Dt 02.02.2022, GO(Rt) 06/ 2022 /SPD Dt 02.02.2022 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ ARTCO യ്ക്ക് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം ടെണ്ടർ നടപടി കൂടാതെ വാങ്ങുന്നതിന് സർക്കാർ പ്രത്യേകം അനുമതി നൽകാതെ, ഒരു സാധനം ARTCO യിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാൻ പാടില്ല എന്നും മേൽ ഉത്തരവിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്ടിനു വേണ്ടി വാങ്ങിയ 4,300/- രൂപ വിലയുള്ള 198cm Length* 90cm Width, Front Leg 60cm Height, Back Leg 50cm Height, 8mm Thickness Plywood On Top -Specifications ഉള്ള 78 കട്ടിലുകൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയല്ല. ടെണ്ടർ നടപടികൾ പാലിയ്ക്കാതെ നേരിട്ട് പർച്ചേസ് നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 48/13.2.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം പ്രഥമ മറുപടിയോടൊപ്പം തന്നെ ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 3,35,400/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

### 1-30 ഹരിത കർമ്മസേനയ്ക്ക് ഗുഡ്സ് ഓട്ടോ വാങ്ങൽ - കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് അധിക തുക നൽകി.

നഗരസഭയുടെ 2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ ചുവടെ ചേർത്ത പ്രോജക്ട് പ്രകാരം ഹരിത കർമ്മസേനയ്ക്ക് വാതിൽപടി സേവനത്തിന്റെ ഭാഗമായി മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇലക്ട്രിക് ഗുഡ്സ് ഓട്ടോ 1 എണ്ണം ( KERALA GREEN STREAM, E-Cart) വാങ്ങിയിട്ടുണ്ട്. 2.9.2022 ലെ ജി.ഒ.(ആർ.ടി.) 2159/2022/ത.സ്വ.ഭ.വ നമ്പർ പ്രകാരമുള്ള അനുമതി ഉത്തരവിന്റെയടിസ്ഥാനത്തിലാണ് ഓട്ടോ വാങ്ങിയത്. പ്രസ്തുത ഉത്തരവിൽ ഇപ്രകാരം വാങ്ങുന്ന വാഹനങ്ങൾക്ക് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ഉറപ്പ് നൽകിയിട്ടുള്ള അടിസ്ഥാന വിലയിൽ 2% കിഴിവ്, ബാറ്ററിക്ക് 3 വർഷ വാറണ്ടി, 5 ഫ്രീ സർവീസ് എന്നിവ ഉറപ്പ് വരുത്തിക്കൊണ്ട് ആയിരിക്കണമെന്നും, ഇത്തരം വാഹനങ്ങൾക്ക് ഓഫർ ചെയ്യുന്ന അടിസ്ഥാന വില ഇതേ സ്പെസിഫിക്കേഷൻ ഉള്ള വാഹനത്തിന് പിയാഗിയോ, മഹീന്ദ്രാ മുതലായ കമ്പനികൾ ജെം പോർട്ടലിൽ ഓഫർ ചെയ്യുന്ന വിലയേക്കാൾ കുറവായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരമുള്ള കിഴിവ് ലഭിക്കാതെയാണ് ഓട്ടോ വാങ്ങിയത്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് - ഹരിത കർമ്മസേനക്ക് ഗുഡ്സ് ഓട്ടോ വാങ്ങൽ

പ്രോജക്ട് നമ്പർ - 119/23

അടങ്കൽ - ₹5,00,000/-

ഫണ്ടിനം - സി.എഫ്.സി.

ചെലവ് തുക - ₹3,20,300/-

വൗച്ചർ നം. 22200814/9.3.2023

തീരുമാനം- 23/ 7.10.2022

പദ്ധതി നിർവ്വഹണത്തിൽ കണ്ട ചുവടെ ചേർത്തിട്ടുള്ള അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രഫോർമ ഇൻവോയ്സ് പ്രകാരമുള്ള (നം.KAL/REC/MKTG/34/2022-23 /28.1.2023) തുക 3,20,300/- രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഗുഡ്സ് ഓട്ടോയുടെ വില നികുതിയുൾപ്പെടെ 2,89,350/- രൂപയാണ്. (ഇൻവോയ്സ് നം.SJ/VEH/091/22-23/31.3.2023, ₹2,36,250/-, SJ/VEH/093/22-23

/31.3.2023, ₹53,100/-). 30,950/- രൂപ അധികം നൽകിയിട്ടുണ്ട്.

2. മേൽ ഉത്തരവ് പ്രകാരം 2% അടിസ്ഥാന വിലയിൽ കുറവ് വരുത്തേണ്ടതായിരുന്നു. എന്നാൽ മേൽ കിഴിവ് (2,25,000 X 2%) = ₹4,500/- രൂപ അനുവദിച്ച് കാണുന്നില്ല.

3. വാഹനത്തിന്റെ ഉപയോഗ വിവരം കാണിക്കുന്ന ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 55/ 14.2.2024 എന്നിവയ്ക്കുള്ള മറുപടിയിൽ 30,950/- രൂപ വാഹനത്തിന്റെ ഇൻഷ്വറൻസ്, നമ്പർ പ്ലേറ്റ്, ട്രാൻസ്പോർട്ടേഷൻ എന്നീ ചെലവുകൾക്ക് വേണ്ടിയാണ് നൽകിയതെന്ന് അറിയിച്ചു. എന്നാൽ ചെലവിന് ആധാരമായ രേഖകൾ (ബിൽ, രശീതി എന്നിവ) ഹാജരാക്കിയിട്ടില്ല. അധികം നൽകിയ 35,450/- (30,950+4,500) രൂപയിൽ ഇൻഷ്വറൻസ്, നമ്പർ പ്ലേറ്റ് എന്നിവയ്ക്ക് വന്നിട്ടുള്ള യഥാർത്ഥ ചെലവ് കുറച്ച് ബാക്കി തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതും മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-31 ഡയാലിസിസ് സെന്ററിന് മരുന്നും ഉപകരണങ്ങളും വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, താലൂക്കാശുപത്രി

പ്രോജക്ട് - 93/23 ഡയാലിസിസ് സെന്ററിന് മരുന്നും ഉപകരണങ്ങളും വാങ്ങൽ

അടങ്കൽ- ₹25 ലക്ഷം

ചെലവ് തുക - ₹24,99,999/-

ഫണ്ട് - പ്ലാൻ (ജനറൽ)

ബിൽ റഫറൻസ് നമ്പർ- 22150647005000344369/23.7.2022, 7,38,375/- രൂപ

ബിൽ റഫറൻസ് നമ്പർ- 22150647005000376451/02.08.2022, 17,61,624/- രൂപ

പ്രോജക്ട് പ്രകാരം ആകെ 24,99,999 രൂപ മുകളിൽ ചേർത്ത പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപറേഷന് നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രഫോർമ ഇൻവോയ്സ് നമ്പർ | നൽകിയ തുക (₹) | മരുന്ന് ലഭിച്ച തുക (₹) | മരുന്ന് ലഭിക്കാനുള്ള തുക (₹) |
|---|---|---|---|
| പി.ആർ.എഫ് . 650/ 12.7.2022 | 17,61,624 | 6,08,778 | 11,52,846 |
| പി.ആർ.എഫ് . 7503/ 29.3.2022 | 7,38,375 | 2,93,775 | 4,44,600 |
| ആകെ | | | 15,97,446 |

ലഭിക്കാൻ അവശേഷിക്കുന്ന 15,97,446/- രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-32 കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് മുഴുവൻ ലഭ്യമായില്ല

നിർവ്വഹണം- മെഡിക്കൽ ഓഫീസർ, താലൂക്കാശുപത്രി

പ്രോജക്ട് - 94/23 വൃക്ക മാറ്റി വെച്ച രോഗികൾക്ക് മരുന്ന് വാങ്ങി നൽകൽ

അടങ്കൽ- ₹10 ലക്ഷം

ചെലവ് തുക - ₹5,82,783/-

ഫണ്ട്- പ്ലാൻ (ജനറൽ)

ബിൽ റഫറൻസ് നമ്പർ- 22150647005000790881/18.11.2022, 4,05,500/- രൂപ

ബിൽ റഫറൻസ് നമ്പർ- 22150647005001036130/12.01.2023, 1,77,283/- രൂപ

പ്രോജക്ട് പ്രകാരം മൊത്തം 5,82,783/- രൂപ മേൽ ബില്ലുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 4,05,500/- രൂപ നീതി മെഡിക്കൽ സ്റ്റോറിനും 1,77,283/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനും നൽകിയിട്ടുണ്ട്. നീതി മെഡിക്കൽ സ്റ്റോറിൽ നിന്നുള്ള മരുന്നുകൾ പൂർണ്ണമായി ലഭ്യമായെങ്കിലും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും 1,58,064/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതു വരെ ലഭ്യമായിട്ടുള്ളത്. ഇൻവോയ്സ് നമ്പർ. 1034/13-11-2023 പ്രകാരമുള്ള 1693 രൂപയുടെ മരുന്നാണ അവസാനമായി ലഭിച്ചിട്ടുള്ളത്. 19,219/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകാൻ അവശേഷിക്കുന്നു. അവശേഷിക്കുന്ന മരുന്ന് കൂടി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-33 റോഡ് കണക്ടിവിറ്റി മാപ് തയ്യാറാക്കൽ പൂർത്തീകരണ വിവരം - ലഭ്യമാക്കിയില്ല

തദ്ദേശ സ്വയം ഭരണ (അർബൻ) വകുപ്പ് ഡയറക്ടറുടെ DUA/3392/2022-DC4 തി.28.10.2022 സർക്കുലർ പ്രകാരം ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ എന്ന പദ്ധതിക്കായി(311/23)

2,00,000/- രൂപ തനത് ഫണ്ടിൽ വകയിരുത്തുകയും പ്രതിഫലമായി താഴെപറയും പ്രകാരം വിവിധ ആളുകൾക്ക് തുക നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം./തിയ്യതി | ചെക്ക് നം./തിയ്യതി | തുക (₹) |
|---|---|---|---|
| 1 | 22200737/9.2.23 | 2047990/9.2.23 | 7x3,000 = 21,000<br>7x6,000 = 42,000<br>3x9,000 = 27,000<br>90,000 |
| 2 | 22200853/17.3.23 | 02017551/17.3.23 | 3x3,000 = 9,000<br>9,000 |
| | | **ആകെ** | **99,000** |

പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.9/8.4.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 99,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-34 ഗ്രോബാഗ് വിതരണം - അപാകത

2022-23 വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി ഗ്രോ ബാഗ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത് തിരൂരങ്ങാടി എക്കോ ഷോപ്പ് മുഖേനയാണ് . ഫയൽ പ്രകാരം മൊത്തം 533 ഗ്രോ ബാഗുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

വിശദ വിവരം താഴെ നൽകുന്നു.

പ്രോജക്റ്റ്-101/23, ഗ്രോ ബാഗ് വിതരണം (വനിത)

അടങ്കൽ – ₹10,66,000/- (പ്ലാൻ – ₹7,99,500/-, ബി.സി ₹2,66,500/-)

ചെലവ്- ₹7,99,500/-

വൗച്ചർ നം. 22201062/14.3.2023, ₹4,50,000/-

വൗച്ചർ നം. 22201073/22.3.2023, ₹3,49,500/-
ഫണ്ട്- പ്ലാൻ (ജനറൽ)
വാങ്ങിയ ഗ്രോബാഗുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഇൻവോയ്സ് നം. | എണ്ണം |
|---|---|---|
| HDPI Grow Bags With Organic Manure Soil And Vegetable Seedlings (20 Numbers) @₹2,000/- | 581/24.2.2023 | 300 |
| -Do- | 595/10.3.2023 | 233 |
| **ആകെ** | | **533** |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പദ്ധതി പ്രകാരം 25% ഗുണഭോക്തൃ വിഹിതമാണ്. 20 ഗ്രോബാഗുകൾ ഉൾപ്പെടുന്ന ഒരു യൂണിറ്റിന്റെ നിരക്ക് 2000 രൂപയാണ്. എന്നാൽ ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തതായോ നഗരസഭയിൽ അടവാക്കിയതായോ രേഖകൾ ഇല്ല. സുലേഖ ചെലവ് പത്രിക പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടുമില്ല. ചെലവ് തുകയുടെ 75% ഇക്കോഷോപ്പിന് നൽകുകയാണ് ചെയ്തത്. ഗുണഭോക്താക്കൾ ഇക്കോഷോപ്പിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ വിവരമോ ഗ്രോ ബാഗുകൾ കൈപ്പറ്റിയതിന്റെ ബിൽ/ രശീതി എന്നിവയോ ഹാജരാക്കിയിട്ടില്ല.

2. ഇ-ടെണ്ടറിലൂടെയാണ് ഇക്കോഷോപ്പിനെ തെരഞ്ഞെടുത്തതെന്ന് ഫയലിൽ കാണുന്നു. എന്നാൽ ടെണ്ടർ പരസ്യം ചെയ്തതിന്റെ വിവരമോ സിംഗിൾ ടെണ്ടർ അംഗീകരിക്കാനുണ്ടായ കാരണമോ വ്യക്തമാക്കിയിട്ടില്ല. ടെണ്ടർ ഫീ നഗരസഭാ ഫണ്ടിൽ ലഭ്യമായതിന്റെയും വിവരവുമില്ല.

3. പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് ഇല്ല.

അപാകതകൾ അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.33/12.2.2023നുള്ള മറുപടിയിൽ എക്കോ ഷോപ്പിൽ ഗുണഭോക്താക്കൾ അടവാക്കിയ 25% തുകയുടെ ബാക്കി 75% മാത്രമാണ് നൽകിയതെന്നും ഓഡിറ്റ് പരാമർശത്തിൽ നിന്നും ഈ പ്രവൃത്തിയിൽ സാങ്കേതികമായ അപാകത ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നുവെന്നും മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുമെന്നും അറിയിച്ചു.
അപാകതകൾക്ക് വസ്തുതാപരമായ വിശദീകരണം നൽകേണ്ടതും മേൽ ക്രമ നമ്പർ. 1, 2, 3 പ്രകാരമുള്ള രേഖകൾ പരിശോധനക്ക്

ഹാജരാക്കേണ്ടതുമാണ്. രേഖകൾ ലഭിക്കും വരെ ചെലവ് 7,99,500/- രൂപ തടസ്സം ചെയ്യുന്നു.

## 1-35 സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി നെൽ വിത്ത് വാങ്ങി- തുക തടസ്സം ചെയ്യുന്നു

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 , ഖ. 6.1.4 പ്രകാരം കൃഷി നടീൽ ഉൽപന്നങ്ങൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ, തൈകൾ എന്നിവ വാങ്ങൽ നടത്തേണ്ടത്.

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ താഴെ പരാമർശിക്കുന്ന പ്രൊജക്ട് പ്രകാരമുള്ള വാങ്ങലുകൾ മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് നടത്തിയത്.
വിശദ വിവരം താഴെ നൽകുന്നു.

| പ്രൊജക്ട് | വാങ്ങലിന്റെ വിവരം | ചെലവ് | അപാകത |
|---|---|---|---|
| നെൽകൃഷി വികസനം - വനിത- 17/23 അടങ്കൽ-55000 ഫണ്ട്- സിഎഫ്.സി | നെൽ വിത്ത് വാങ്ങിയതിന് ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുക ക്രഡിറ്റ് ചെയ്തു-<br>1. ധന്യ- ₹4,400<br>2.സുനിതകുമാരി- ₹6,300<br>3.പുഷ്പ-₹6,300<br>4. സരസ്വതി-₹6,300<br>5. ജീന-₹12,800<br>6. ഫാതിമ-₹6,300<br>7. റഷീദ. സി.കെ- ₹6,300<br>8.അൻജലി- ₹6,300 | ആകെ ചെലവ് : ₹55,000<br>വൗച്ചർ നം.22200433/18.10.2023, ₹23,300/-<br>വൗച്ചർ നം. 22200434/18.10.2023, ₹31,700/- | 1. വിത്ത് അംഗീകൃത ഏജൻസികളിൽ നിന്നോ വാങ്ങൽ നടപടിക്രമം പാലിച്ചോ അല്ല വാങ്ങിയത്<br>2.പുരോഗമന കർഷകനിൽ നിന്നും വിത്ത് വാങ്ങിയിട്ടുള്ളതെന്ന് ഫയലിൽ കാണുന്നു. വിത്ത് വാങ്ങിയതിന് ഇൻവോയ്സോ ബില്ലോ ഇല്ല. പുരോഗമന കർഷകന്റെ പേര് വിവരം ലഭ്യമാക്കിയിട്ടുമില്ല.<br>3. വിത്ത് വിതരണം ചെയ്ത ആൾക്കോ ഏജൻസിക്കോ അല്ല പണം നൽകിയത്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് പണം നൽകിയത്. |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 32/12.2.2024 നുള്ള മറുപടിയിൽ മെഡിസിൻ പ്രാധാന്യമുള്ള ഞവര, രക്തശാലി എന്നീ നെൽവിത്തുകളാണ് കൃഷി ചെയ്തിരുന്നതെന്നും പ്രസ്തുത നെൽവിത്തുകൾ അംഗീകൃത ഏജൻസികളിൽ ടി- സമയത്ത് ലഭ്യമായിരുന്നില്ലായെന്നും ആയതിനാലാണ് വിത്തുകൾ കൈവശം ഉണ്ടായിരുന്ന പുരോഗമന കർഷകനിൽ നിന്നും പണം നൽകി വിത്ത് വാങ്ങിയതെന്നും അറിയിച്ചിട്ടുണ്ട്. അംഗീകൃത ഏജൻസികളിൽ വിത്ത് ലഭ്യമല്ലെങ്കിൽ കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിവിധ വിത്തുകൾ, തൈകൾ എന്നിവ വാങ്ങൽ നടത്തേണ്ടതെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ കൃഷി ഓഫീസറുടെ മറുപടി അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖ ലംഘിച്ചുള്ള ചെലവിന് നഗരസഭാ കൗൺസിലിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്. ചെലവ് തുക 55,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-36 പദ്ധതി മോണിറ്ററിംഗിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ.(കൈ) നം.86/2022/ത.സ്വ.ഭ.വ തീയതി. 19.04.2022 - ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി വാർഡ് സഭാ യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

നഗരസഭയിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കലും ആയതിന്റെ ചർച്ചകളും മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി

മാറേണ്ടതും പദ്ധതികളുടെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ 2022-23 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിന് 13.1.2022 ന് യോഗം ചേർന്നതല്ലാതെ മറ്റ് യോഗങ്ങൾ നടത്തി തീരുമാനങ്ങളുണ്ടായിട്ടില്ല ആയതിനാൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്റർ ചെയ്തിട്ടില്ല എന്ന് വ്യക്തമാകുന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ നിയമപരമായ കടമ നിർവ്വഹിക്കുന്നതിൽ അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-37 സർക്കാർ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക്/സബ്സിഡിയറി രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നഗരസഭയിലെ നിർവ്വഹണോദ്യോഗസ്ഥരായ പ്രോജക്ട് ഓഫീസർ, ഹെൽത്ത് ഓഫീസർ, മെഡിക്കൽ ഓഫീസർ, താലൂക്കാശുപത്രി എന്നിവർ നിയമാനുസൃതം സൂക്ഷിക്കേണ്ടതായ മേൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2022-23 വർഷത്തിൽ 13 പ്രോജക്ടുകളിലായി 2,48,01,008/- രൂപ വകയിരുത്തിയതിൽ 62,62,315/- രൂപ ഹെൽത്ത് ഓഫീസർ ചെലവഴിച്ചിട്ടുണ്ട്. താലൂക്കാശുപത്രി മെഡിക്കൽ ഓഫീസർ 15 പ്രോജക്ടുകളിലായി 80,61,810/- രൂപ വകയിരുത്തിയതിൽ 58,98,536/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 2 സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ 7 പ്രൊജക്ടുകൾക്കായി 3322857/- രൂപ പ്രൊജക്ട് ഓഫീസറും ചെലവഴിച്ചിട്ടുണ്ട്. രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ വരവ് ചെലവുകൾ കൃത്യമായി അക്കൗണ്ട് ചെയ്യുന്നതിനും വരവ് ചെലവുകളുടെ പുരോഗതി വിലയിരുത്തുന്നതിനും സംവിധാനമില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 30/12.2.2024, 2/6-2-2024 എന്നിവക്കുള്ള മറുപടിയിൽ മേലിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മറുപടി നൽകി.

മേലിൽ ഓരോ നിർവ്വഹണോദ്യോഗസ്ഥരും സർക്കാർ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-38 വീട് റിപ്പയർ SC: അപാകതകൾ

പ്രൊജക്ട് : വീട് റിപ്പയർ ( എസ്.സി. ) സ്പിൽ ഓവർ

പ്രൊജക്ട് നം 3/23

നിർവ്വഹണം : പ്രൊജക്ട് ഓഫീസർ

അടങ്കൽ : ₹5,21,987/-

ചെലവ്: ₹5,21,987/- BRN: 22150647002400422710/16.8.22

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിനായി തുക അനുവദിച്ചതിൽ അപാകത കാണുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) |
|---|---|---|
| 1 | കുഞ്ഞോമല -വാർഡ് 11/200A | 1,50,000 |
| 2 | സരോജിനി ഉപ്പുണ്ണി പുറത്ത്- വാർഡ് 3/163 | 1,50,000 |
| 3 | സരസു വാർഡ് - 3/131 | 1,50,000 |
| 4 | ബാലൻ.കെ -വാർഡ് 36/255 | 71,937 |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക. 6.7.4 പ്രകാരം കരാറിൽ ഏർപ്പെട്ടതിനു ശേഷം 50% തുക മുൻകൂറായും ഫൈനൽ പെയ്മെന്റ് അസി. എഞ്ചിനിയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നൽകാവുന്നതാണ് എന്നു വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ആദ്യത്തെ 3 ഗുണഭോക്താക്കൾക്ക് മാർഗരേഖയ്ക്കു വിരുദ്ധമായി മുഴുവൻ തുകയും ആദ്യഘട്ടത്തിൽ തന്നെ നൽകിയിട്ടുണ്ട്. വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായും കാണുന്നില്ല. മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി മുഴുവൻ തുകയും നൽകിയത് ക്രമപ്രകാരമല്ല.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/9.2.24 യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ, മേൽ മൂന്ന് ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണം പൂർത്തിയാക്കി വാല്വേഷൻ സർട്ടിഫിക്കറ്റ് വാങ്ങി ബാക്കി തുക ഉണ്ടെങ്കിൽ, ടി തുക നഗരസഭയിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് പ്രൊജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. മൂന്ന് ഗുണഭോക്താക്കളുടെയും വീട് പുനരുദ്ധാരണം പൂർത്തിയാക്കിയ വിവരം, വാല്വേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവിനാസ്പദമായ 4,50,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-39 പി.എം.എ.വൈ ലൈഫ് പാർപ്പിട പദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ ലൈഫ് പാർപ്പിട പദ്ധതി പ്രകാരം വിവിധ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയിട്ടുള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തിയ്യതി വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്/ വാർഡ് നം | കരാർ വെച്ച തീയതി | നാളിതു വരെ കൈപ്പറ്റിയ തുക (₹) | റിമാർക്സ് | ഡി.പി.ആർ നം /ക്രമനം |
|---|---|---|---|---|---|
| 1 | ശ്രീ.കൃഷ്ണൻ ചെമ്പട്ടിയിൽ-10 | 28.5.2022 | 40,000 | 2022-23ൽ അഡ്വാൻസ് കൈപറ്റിയിട്ടുണ്ട് | 2nd/151 |
| 2 | ശ്രീ.ഫൈസൽ&റഫീദ-39 | രേഖപ്പെടുത്തിയിട്ടില്ല. | 2,00,000 | 16000 രൂപ 25.2.20 ൽ കൈപ്പററിയിട്ടുണ്ട്. 40000 രൂപ കൈപ്പറ്റിയതിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല. | 3rd/36 |
| 3 | ശ്രീ.ആറുമുഖൻ-11 | 8.1.2021 | 2,00,000 | 2020-21ൽ അഡ്വാൻസ് കൈപറ്റിയിട്ടുണ്ട് | 6th/22 |
| 4 | ശൈലജ പുത്തൻവീട്ടിൽ-33 | 26-03-2019 | 40,000 | അഡ്വാൻസ് കൈപറ്റിയിട്ടുണ്ട് | 2nd/141 |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 34/12.2.2024 ന് ലഭ്യമാക്കിയ മറുപടിയിൽ ശ്രീ. കൃഷ്ണൻ ചെമ്പട്ടിയിൽ തറ നിർമാണം പൂർത്തിയാക്കിയതായും, ശ്രീ. ഫൈസൽ&റഫീദ, ശ്രീ. ആറുമുഖൻ എന്നീ ഗുണഭോക്താക്കളുടെ മേൽക്കൂരയുടെ നിർമാണം നടന്നു വരുന്നതായും അറിയിച്ചിട്ടുണ്ട്.
ക്രമ നം (4) ഗുണഭോക്താവ് ഒന്നാം ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെയായിട്ടും ഭവന നിർമാണം ആരംഭിച്ചിട്ടില്ല എന്നു കണ്ടു. അപാകത ചൂണ്ടിക്കാട്ടി കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/12.2.24നുള്ള മറുപടിയിൽ, ടി ഗുണഭോക്താവ് തറ നിർമാണം ആരംഭിയ്ക്കാത്തതിനെ തുടർന്ന് നിരവധി തവണ ബന്ധപ്പെട്ടതിന്റെയും ഫീൽഡ് വിസിറ്റ് നടത്തിയതിന്റെയും അടിസ്ഥാനത്തിൽ രണ്ടാഴ്ച മുമ്പ് തറ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-40 തെരുവ് വിളക്കുകളുടെ മെയിന്റനൻസ് -അപാകതകൾ

പ്രോജക്ട് : 07/23 തെരുവ് വിളക്കുകളുടെ മെയിന്റനൻസ്

അടങ്കൽ : ₹3,19,200/- (ധനകാര്യ കമ്മീഷൻ അവാർഡ്) + ₹5,52,000/- (തനത് ഫണ്ട്)

ചെലവ് : ₹3,19,200/- (ധനകാര്യ കമ്മീഷൻ അവാർഡ്) + ₹5,52,000/- (തനത് ഫണ്ട്)

സെക്രട്ടറി നിർവ്വഹിച്ച മേൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം നഗരസഭയിലെ തെരുവ് വിളക്കുകളുടെ മെയിന്റനൻസിനായി Steel Industries Kerala Ltd ന് താഴെ പറയും പ്രകാരം 871200/- രൂപ നൽകിയിട്ടുണ്ട് . 2021-22 വർഷത്തിൽ പൂർത്തീകരിച്ച മേൽ പ്രോജക്ടിന്റെ കരാർ കാലാവധി നവംബർ മാസത്തിൽ പൂർത്തീകരിച്ചതിനാൽ തുക നൽകുന്നതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (മുൻ റിപ്പോർട്ടിലും പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് ഖണ്ഡിക 1-25 ആയി പരാമർശിച്ചിട്ടുള്ളതാണ്. )

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തിയ്യതി | തുക (₹) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 22200522 | 22.11.2022 | 1,16,400 |
| 2 | 22200524 | 22.11.22 | 2,98,872 |
| 3 | 22200525 | 22.11.2022 | 20,328 |
| 4 | 22200658 | 12.01.2023 | 4,35,600 |
| | ആകെ | | 8,71,200 |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) പ്രവൃത്തിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ഡി.എ3/2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. നഗരസഭ മേൽ പദ്ധതി നടപ്പിലാക്കുന്നതിന് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3) 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവര ശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ട്. വിവരശേഖരണം നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ.എസ്.ഇ.ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. .

4) ഏതെല്ലാം പോസ്റ്റുകളിലെ ഏതെല്ലാം ബൾബുകൾ മെയിന്റനൻസ് നടത്തിയിട്ടുണ്ടെന്ന ഉറപ്പു വരുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഫയലിനോടൊപ്പം ലഭ്യമാക്കിയ വാർഡ് കൗൺസിലർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ പോസ്റ്റ് നമ്പർ വ്യക്തമാക്കിയിട്ടില്ല. മാത്രവുമല്ല എല്ലാ വാർഡിലെ വിവരവും രേഖപ്പെടുത്തിയിട്ടുമില്ല. തിയ്യതി, പ്രോജക്ട് നമ്പർ എന്നിവ ചേർക്കാത്ത മേൽ സാക്ഷ്യപത്രങ്ങളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

5) പ്രവൃത്തി നടപ്പിലാക്കുന്നതിനായി SILK മായി ചമച്ച കരാർ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

6) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബേർഡിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽ പ്രോജക്ടിന് തുക അനുവദിച്ചിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നും അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 18/08.02.2024 ന് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ പരാതി രജിസ്റ്ററിൽ 2022-23 വർഷത്തിൽ രേഖപ്പെടുത്തിയ പരാതികളിൽ 2 എണ്ണം മാത്രമാണ് പരിഹരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ പരാമർശിച്ച അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 8,71,200/- രൂപ തടസ്സം ചെയ്യുന്നു.

## 1-41 വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം - ഫണ്ടിന്റെ മേഖലാ വിഭജനം ഉറപ്പ് വരുത്തിയില്ല.

പ്രോജക്ട് : 245/23 വയോമിത്രം പദ്ധതിക്ക് നഗരസഭാ വിഹിതം

അടങ്കൽ : ₹10,00,000/- (വികസന ഫണ്ട്- പൊതു വിഭാഗം)

ചെലവ് : ₹10,00,000/- ( ബിൽ നമ്പർ 2215064700240066409/18.10.2022)

സെക്രട്ടറി നിർവ്വഹിച്ച മേൽ പദ്ധതി പ്രകാരം വയോമിത്രം പദ്ധതിക്ക് നഗരസഭയുടെ വിഹിതമായി 10,00,000/- രൂപ സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനഫണ്ട് സമാഹരിക്കുന്നതിനായി 10,00,000/- രൂപ നൽകാൻ നഗരസഭക്ക് അനുമതി ഉള്ളതാണ്. (സ.ഉ(സാധാ)നം.1209/2013/ ത.സ്വ.ഭ.വ തിയ്യതി 06.05.2013). എന്നാൽ വയോമിത്രം പദ്ധതിക്കു മാത്രമായി തുക നൽകുന്നതിന് സർക്കാർ അനുമതി ഉണ്ടെങ്കിൽ ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (04/06.02.2024) നൽകിയതിന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി.

സോഷ്യൽ സെക്യൂരിറ്റി മിഷൻ സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ (സ്നേഹസ്പർശം, സ്നേഹപൂർവ്വം, ആശ്വാസ കിരണം, സ്നേഹസ്വാന്തനം Etc)രൂപീകരിച്ചു നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിലുള്ള വിവധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1000000/- രൂപ നൽകുന്നതിനായാണ് മേൽ സർക്കാർ ഉത്തരവ് പ്രകാരം നഗരസഭകൾക്ക് അനുമതിയുള്ളത്.

നഗരസഭ നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ തുക വയോജനക്ഷേമം മേഖലയിലേക്ക് വകയിരുത്തിയ തുക ആണെന്ന് പദ്ധതി ഫോം പരിശോധിച്ചതിൽ വ്യക്തമായി. മുനിസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ) നം.86/2022/LSGD തീയതി, 19-04-2022 ഖണ്ഡിക 2.3.11, 6.5 എന്നിവ പ്രകാരം വയോജന ക്ഷേമമേഖലയിൽ നടപ്പിലാക്കേണ്ട വിവിധ പ്രവർത്തനങ്ങളെക്കുറിച്ച്

പ്രതിപാദിച്ചിട്ടുണ്ട്. വയോജനങ്ങൾക്ക് സമയം ചെലവഴിക്കാവുന്ന പൊതു ഇടങ്ങൾ സൃഷ്ടിക്കുക, വയോജന സൗഹൃദപരമായ തെരുവുകൾ, നടപ്പാതകൾ എന്നിവ നിർമ്മിക്കുക, ചലന ബുദ്ധിമുട്ടുകൾ ഉള്ള വയോജനങ്ങൾക്ക് പൊതു സേവനങ്ങളും വ്യക്തിപരമായ സേവനങ്ങളും വീടുകളിൽ ലഭ്യമാക്കുക, മികച്ച ആരോഗ്യ പരിരക്ഷ വീടുകളിൽ ഉറപ്പാക്കുക, സാമൂഹിക ഒറ്റപ്പെടൽ ഒഴിവാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക, യോഗ പരിശീലനം, തുടങ്ങിയവ വയോജനങ്ങൾക്കായുള്ള പദ്ധതി ആസൂത്രണത്തിന്റെ ഭാഗമാക്കുന്നതിനായാണ് നിർദ്ദേശിച്ചിട്ടുള്ളത്. സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾക്കായി തുക നൽകുമ്പോൾ ആയത് വയോജനക്ഷേമ മേഖലയിൽ വിഭാവനം ചെയ്യപ്പെട്ട പ്രവർത്തനങ്ങൾക്കു തന്നെയാണോ വിനിയോഗിച്ചിട്ടുള്ളതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-42 ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം വൈദ്യുതി ചാർജ്ജ് അടവാക്കൽ - അനുബന്ധ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 108/23 ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം വൈദ്യുതി ചാർജ്ജ് അടവാക്കൽ

അടങ്കൽ : 5500000 (Maintanance Grand Non Road)

2022-23 വർഷത്തിലെ മേൽ പ്രോജക്ടിൽ താഴെ പറയും പ്രകാരം വിവിധ ഘടക സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുണ്ട്. ഇതിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയില്ല

ലഭ്യമായ തുകകളുടെ വരവ് ചെലവ് കണക്കുകൾ അതാത് ഘടക സ്ഥാപനങ്ങളിലെ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക എത്രയാണെന്നതിൽ കൃത്യതയില്ല.

2. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| നമ്പർ | ബിൽ ക്രമ നമ്പർ/വൗച്ചർ തീയതി (തുക) | കൈപ്പറ്റി ഘടക നമ്പർ/സ്ഥാപനങ്ങൾ | തുക | ചെലവഴിച്ച തുക (വൗച്ചറുകൾ സഹിതം ലഭ്യമാക്കിയത്) | ലഭ്യമാക്കാനവശേഷിക്കുന്ന വൗച്ചറുകൾ |
|---|---|---|---|---|---|
| 1 | 22150647002401528697/ 28.03.2023 (400615) | ഗവ. താലൂക്ക് ഹോസ്പിറ്റൽ , തിരൂരങ്ങാടി | 400615 | 0 | 1900615 |
| 2 | 22150647002400985255/ 26.12.2022 (1754800) | ഗവ. താലൂക്ക് ഹോസ്പിറ്റൽ , തിരൂരങ്ങാടി | 1500000 | 0 | |
| | | ഗവ. ഹോമിയോ ഡിസ്പെൻസറി | 5000 | 5000 | 0 |
| | | ഗവ. വെറ്ററിനറി ഹോസ്പിറ്റൽ | 25800 | 0 | 25800 |
| | | ഗവ. ആയുർവേദ ഹോസ്പിറ്റൽ | 15000 | 15000 | 0 |
| | | കൃഷി ഓഫീസ് | 15000 | 0 | 15000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | GWUPS തൃക്കുളം | 20000 | 18180 | 1820 |
| | | GHS തൃക്കുളം | 40000 | 40000 | 0 |
| | | GLPS തിരൂരങ്ങാടി | 6000 | 4880 | 1120 |
| | | GMLPS തിരൂരങ്ങാടി | 15000 | 9742 | 5258 |
| | | GHSS തിരൂരങ്ങാടി | 60000 | 60000 | 00 |
| | | GMUPSകക്കാട് | 30000 | 30000 | 0 |
| | | GMUPS വെന്നിയൂര് | 15000 | 9002 | 5998 |
| | | GLPS വെന്നിയൂർ | 8000 | 7058 | 942 |
| 3 | 22150647002400453282/ 24.08.2022 (2500000) | ഗവ. താലൂക്ക് ഹോസ്പിറ്റൽ , തിരൂരങ്ങാടി | 2500000 | 0 | 2500000 |
| | | | 4655415 | 198862 | 4456553 |

മേൽ തുകകളുടെ ചെലവു വൗച്ചറുകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/08.02.2024) മറുപടി ലഭ്യമാക്കിയില്ല. തുകയുടെ വിനിയോഗ സാക്ഷ്യപത്രം അതാത് നിർവ്വഹണോദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ലഭ്യമാവുന്ന തുകയും ആയതിന്റെ ചെലവു വിവരങ്ങളും അതാത് നിർവ്വഹണോദ്യോഗസ്ഥർ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. രേഖകൾ ലഭ്യമാക്കാത്ത ചെലവു തുക 44,56,553/- രൂപ ചെലവു വൗച്ചറുകൾ ലഭ്യമാക്കുന്നതു വരെ തടസ്സത്തിൽ വെക്കുന്നു.

**1-43 വാട്ടർ അതോറിറ്റി ഡെപ്പോസിറ്റ് വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല**

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് : 251/23 – വാട്ടർ അതോറിറ്റി ലൈൻ അഭിവൃദ്ധിപ്പെടുത്തൽ

അടങ്കൽ : ₹48,58,000/- (ധനകാര്യ കമ്മീഷൻ അവാർഡ് )

ചെലവ് : ₹48,58,000/- (വൗച്ചർ നമ്പർ 22200828/13.03.2023)/CO 32327268758/13.03.2023)

2022-23 വർഷത്തിലെ മേൽ പ്രോജക്ട് പ്രകാരം 4858000/-രൂപ വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല.

18.12.2023 ൽ സെക്രട്ടറി കേരള വാട്ടർ അതോറിറ്റി, തിരൂരങ്ങാടി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ കത്ത് (നമ്പർ 251/23) പ്രകാരം വാർഷിക പദ്ധതിയിൽ കടിവെള്ള പദ്ധതിക്കായി നീക്കിവെച്ച 48,58,000/- രൂപ ഉൾപ്പെടുത്തി കടിവെള്ള കണക്ഷൻ ലഭിക്കുന്നതിന് 31 പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് അറിയിച്ചു. 27.02.2023 ലെ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി എച്ച് ഡിവിഷൻ, മലപ്പുറത്തിന്റെ DB2/MPTY/2966/18 നമ്പർ കത്ത് പ്രകാരം, (പരപ്പനങ്ങാടി പി എച്ച് ഡിവിഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ WRD/KWA-CE(NR)/EST/4597/2022_26_2_1 നമ്പർ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ) 53,79,000/- രൂപ മേൽ പ്രവൃത്തികൾക്കായി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 31 പ്രവൃത്തികളുടെ എസ്റ്റിമേറ്റിനു പകരം ഒരു അബ്സ്ട്രാക്ട് മാത്രമാണ് ലഭ്യമാക്കിയതായി കാണുന്നത്. ഓരോ പ്രവൃത്തിയുടെയും വിശദമായ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല.

2. വാട്ടർ അതോറിറ്റിയുമായി ചമച്ച കരാർ ലഭ്യമാക്കിയില്ല.

3. പ്രവൃത്തിയുടെ പൂർത്തീകരണ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കിയില്ല.

പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, കരാർ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/09.02.2024) ടി പദ്ധതിക്കായി 2023-24 ൽ 70,62,000/- രൂപ കൂടി അടവാക്കിയിട്ടുണ്ടെന്നും എന്നാൽ പണി ആരംഭിച്ചിട്ടില്ലെന്നും അറിയിച്ചു. പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ്, പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക 48,58,000 /- തടസ്സം ചെയ്യുന്നു.

## 1-44 കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് പ്രവൃത്തി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

താഴെ പറയുന്ന പദ്ധതി പ്രവൃത്തികൾ ചെയ്യുന്നതിനായി 197006/-രൂപ കെ.എസ്.ഇ.ബി യിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് | അടങ്കൽ തുക(₹)/ ഫണ്ടിനം | ചെലവ് തുക /വൗച്ചർ നമ്പർ / തിയ്യതി | എസ്റ്റിമേറ്റ് നമ്പർ/തിയ്യതി /എസ്റ്റിമേറ്റ് തുക | റിമാർക്ക്സ് |
|---|---|---|---|---|
| 113/23 നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 2,39,200 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | ₹1,97,006/- 22200864/ 14.03.2023 | DB/AE/ES-VNR/2022-23 /PPS/3551 /05.02.2023 Of Assistant Engineer Electrical /Section Venniyur (197006/-) | വാർഡ് 17 ലെ കൂച്ചാക്കൽ റോഡിലെ ഇലക്ട്രിക്കൽ ലൈൻ 3 ഫേസ് ആക്കുന്ന പ്രവത്തിക്കായി വെന്നിയൂർ ഇലക്ട്രിക്കൽ സെക്ഷന് നൽകിയ തുക. |

പ്രോജക്ട് നമ്പർ 113/23 പ്രകാരം വാർഡ് 17 ലെ കൂച്ചാക്കൽ റോഡിലെ ഇലക്ട്രിക്കൽ ലൈൻ 3 ഫേസ് ആക്കുന്ന പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത 1,97,006/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയത് ലഭ്യമാക്കുന്നതു വരെ ചെലവു തുക 1,97,006/- രൂപ തടസ്സം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി 20/09-02-2024)

## 1-45 ലൈബ്രറി സെസ്സ് യഥാസമയം അടവാക്കുന്നില്ല.

ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ നഗരസഭയുടെ ബാധ്യതയായി വരുന്നതാണ്. 2021-22, 2022-23 വർഷങ്ങളിലെ ലൈബ്രറി സെസ്സ് തുകകൾ അടവാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അർദ്ധവർഷം | പിരിച്ചെടുത്ത തുക (₹) | അടവാക്കേണ്ട തിയ്യതി | അടവാക്കിയ തിയ്യതി (വൗച്ചർ) |
|---|---|---|---|
| 2021-22 First Half | 2,16,439 | 30.10.2021 | 25.10.2022 (22200447/25.10.2022) |
| 2021-22 Second Half | 7,64,465 | 30.04.2022 | |
| 2022-23 First Half | 3,25,727 | 30.10.2022 | 23.06.2023 (22300223/23.06.2023) |
| 2022-23 Second Half | 67,876 | 30.04.2023 | |

ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുത്ത തുക അടവാക്കുന്നതിൽ കാലതാമസം വന്നതിന് കാരണം വിശദമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/13.02.2024) ലഭ്യമാക്കിയ മറുപടി പ്രകാരം തുടർ വർഷങ്ങളിൽ സമയബന്ധിതമായി ലൈബ്രറി സെസ് അടവാക്കുന്നതാണെന്ന് അറിയിച്ചു. നഗരസഭയിൽ പിരിച്ചെടുത്ത

ലൈബ്രറി സെസ്സ് അതാത് സമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-46 മുനിസിപ്പൽ സെക്രട്ടറിയുടെ ശമ്പളം - സർക്കാരിലേക്ക് തിരിച്ചടവാക്കാനവശേഷിക്കുന്നു.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 48(3) പ്രകാരം മുനിസിപ്പൽ സെക്രട്ടറിക്ക് നൽകുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടവാക്കേണ്ടതാണ്.

മുനിസിപ്പൽ സെക്രട്ടറി ശ്രീ. മനോജ്കുമാർ.ടി-യുടെ ശമ്പള ഇനത്തിൽ നാളിതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (38/13.02.2024)ക്ക് തുക അടവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. മുനിസിപ്പൽ സെക്രട്ടറി ശമ്പളമിനത്തിൽ നാളിതുവരെ കൈപ്പറ്റിയ തുക മുനിസിപ്പൽ ഫണ്ടിൽ നിന്നും സർക്കാരിലേക്ക് തിരിച്ചടവാക്കിയ വിവരം ആദ്യ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

### 1-47 അർബൻ പി.എച്ച്.സി വാടക - കരാർ പുതുക്കുന്നതിന് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

താഴെ പറയുന്ന തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം മുനിസിപ്പാലിറ്റിയിലെ അർബൻ പി എച്ച് സി ക്ക് വാടക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക (₹) | റിമാർക്സ് |
|---|---|---|---|
| 1 | 22200027/18.04.2022 | 13,719 | 2022 മാർച്ച് മാസത്തിലെ വാടക ഇനത്തിൽ നൽകിയ തുക |
| 2 | 22200096/17.05.2022 | 13,719 | 2022 ഏപ്രിൽ മാസത്തിലെ വാടക ഇനത്തിൽ നൽകിയ തുക |
| 3 | 22200174/15.06.2022 | 13,719 | 2022 മെയ് മാസത്തിലെ വാടക ഇനത്തിൽ നൽകിയ തുക |
| 4 | 22200229/19.07.2022 | 13,719 | 2022 ജൂൺ മാസത്തിലെ വാടക ഇനത്തിൽ നൽകിയ തുക |
| 5 | 22200279/10.08.2022 | 13,719 | 2022 ജൂലൈ മാസത്തിലെ വാടക ഇനത്തിൽ നൽകിയ തുക |
| 6 | 22200517/22.11.2022 | 42,185 | 2022 ഓഗസ്റ്റ്, സെപ്റ്റംബർ , ഒക്ടോബർ മാസങ്ങളിലെ വാടക ഇനത്തിൽ നൽകിയ തുക |
| 7 | 22200592/26.12.2022 | 14,404 | 2022 നവംബർ മാസത്തിലെ വാടക ഇനത്തിൽ നൽകിയ തുക |
| 8 | 22200678/23.01.2023 | 14,404 | 2022 ഡിസംബർ മാസത്തിലെ വാടക ഇനത്തിൽ നൽകിയ തുക |
| 9 | 22200821/09.03.2023 | 28,808 | 2022 ജനവരി, ഫെബ്രുവരി മാസത്തിലെ വാടക ഇനത്തിൽ നൽകിയ തുക |

അർബൻ പി.എച്ച്.സി ക്കായി ശ്രീ അബ്ദുസമദ് പൂവ്വഞ്ചേരി എന്നവരുടെ XIII/316, XIII/317 എന്നീ കെട്ടിടങ്ങൾ വാടകക്ക് നൽകിയിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ വാടക തിരൂരങ്ങാടി മുനിസിപ്പാലിറ്റി അസി.എക്സി. എഞ്ചിനീയറുടെ G2-262/18 തിയ്യതി 01.10.2021 നമ്പർ കത്ത് പ്രകാരം യഥാക്രമം 9,641, 5,602 രൂപയായി നിശ്ചയിക്കുകയും ആയത് 22.10.2021 ലെ 15ാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് 15.11.2021 മുതൽ 11 മാസത്തേക്ക് ടിയാനുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. 16.09.2022 മുതൽ 5% വാടക വർദ്ധനവോടെ ടിയാനുമായുള്ള കരാർ പുതുക്കിയിട്ടുണ്ട്. (07.10.2022 ലെ 18ാം നമ്പർ തീരുമാനം). ഫയൽ പരിശോധിച്ചതിൽ 16.08.2023 മുതൽ 11 മാസത്തേക്ക് വീണ്ടും 5% വർദ്ധനവോടെ കരാർ പുതുക്കിയിട്ടുണ്ട്.

5% വാടക വർദ്ധനവ് അനുവദിച്ച് കൊണ്ട് കരാർ പുതുക്കുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (39/13.02.2024)ക്ക് മറുപടി ലഭ്യമാക്കിയില്ല. വാടക പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള മുനിസിപ്പൽ എഞ്ചിനീയറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയതിനു ശേഷം മാത്രം കരാർ പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-48 ഡെപ്പോസിറ്റ് റീഫണ്ട്- അനുബന്ധ രേഖകളില്ല

2022-23 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വൗച്ചർ നമ്പർ 22200013/21.04.2022 പ്രകാരം 87,500/- രൂപ ശ്രീ മുഹമ്മദ് ഷാഫി എന്നവർക്ക് ലേലമിനത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുക തിരികെ നൽകിയതായി കണ്ടു. ടി തുക സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ (PW1-15854/22) തുക ഡെപ്പോസിറ്റ് ചെയതതിന്റെ വിവരമോ, തിരികെ നൽകിയതിന്റെ വിവരമോ രേഖപ്പെടുത്തിയതായി കണ്ടില്ല. തുക രേഖപ്പെടുത്തിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 40/13.02.2024 മറുപടി ലഭ്യമാക്കിയില്ല. മേൽ വൗച്ചർ പ്രകാരം നൽകിയ തുക സംബന്ധിച്ച അനുബന്ധരേഖകൾ (തുക അടവാക്കിയ ഒറിജിനൽ രശീതി, തുക തിരികെ നൽകുന്നതിന് ആധാരമാക്കിയ രേഖകൾ മുതലായവ) ആദ്യ മറുപടിയോടൊപ്പം തന്നെ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം

ചെലവ് തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നതാണ്. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവ് തുക 87,500/- രൂപ തടസ്സം ചെയ്യുന്നു.

## 1-49 വാഹനങ്ങളുടെ പരിപാലനം- അവലോകനം

1. വാഹനങ്ങളുടെ ഇൻഷ്വറൻസ്

18.04.2020 തിയ്യതിയിലെ സ.ഉ(പി) 89/2000/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വാഹനങ്ങളുടെയും തേഡ് പാർട്ടി ഇൻഷ്വറൻസ് പോളിസി കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്. സർക്കാർ വാഹനങ്ങൾക്ക് പുതുതായി പോളിസി എടുക്കുമ്പോഴോ, നിലവിലുള്ളവ പുതുക്കുമ്പോഴോ എല്ലാ തരത്തിലുമുള്ള ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന Comprehensive Insurance Policy, അല്ലെങ്കിൽ Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും എടുക്കണമെന്ന് 07.08.2021 ലെ ഗതാഗതവകുപ്പിന്റെ സർക്കുലർ നമ്പർ ബി2/278/2019 പ്രകാരവും ഉത്തരവായിട്ടുണ്ട്.

2022-23 വർഷത്തിൽ നഗരസഭയുടെ KL65J3896 നമ്പർ വാഹനത്തിന്റെ ഇൻഷ്വറൻസ് പോളിസി എടുത്തത് മറ്റു സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നാണ് . വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക (₹) | ഫയൽ നമ്പർ | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 22200014/21.04.2022 (₹21,767) | 21,767 | PW1-16886/18 | KL-65 J 3896 Etios വാഹനത്തിന്റെ ഇൻഷ്വറൻസ് തുക എസ് ബി ഐ ജനറൽ ഇൻഷ്വറൻസിലേക്ക് നൽകിയത്. |

സർക്കാർ ഉത്തരവിനു വിരുദ്ധമായി സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും വാഹന ഇൻഷ്വറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. VEELS സോഫ്റ്റ്‌വെയർ അപ്ഡേഷൻ വരുത്തിയില്ല

ധനകാര്യ (ഐ.ടി, സോഫ്റ്റ്‌വെയർ) വകുപ്പിന്റെ 22.10.2020-ലെ 59/2020 നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക, കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "Vehicle Management And Location Tracking System (VEELS)" എന്ന വെബ്സൈറ്റിൽ 30.11.2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

നഗരസഭയിൽ നിലവിലുള്ള വാഹനങ്ങളുടെയും നഗരസഭയുടെ അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ രേഖപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

3.ജി.ഒ.(എം.എസ്) 170/07/ത.സ്വ.ഭ.വ തിയതി 30.06.2007 ഉത്തരവ് പ്രകാരം നഗരസഭയിലെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ നഗരസഭാ സെക്രട്ടറിയാണ്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ കസ്റ്റോഡിയന്റെ ചുമതലയാണ്. 2020ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഉപയോഗക്രമം വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ചട്ടം 8 (1) പ്രകാരം ആറുമാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയിലെ വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നിശ്ചിത കാലപരിധിക്കുള്ളിൽ നടത്തുന്നില്ല എന്ന് കാണുന്നു. ഇക്കാര്യം 21-22 വർഷത്തെ ഓഡിറ്റിലും (ഖണ്ഡിക 1-19) പ്രതിപാദിച്ചിരുന്നെങ്കിലും നാളിതുവരെ നഗരസഭയിലെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി വിവരം ആദ്യ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 41/13.02.2024)

## 1-50 പെൻഷൻ ഫണ്ട് - വിവരം ലഭ്യമാക്കേണ്ടതാണ്.

1. 1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡി.ഡിയായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും

അനുവദനീയമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക നഗരകാര്യ ഡയറക്ടർ ഇതിൽ നിന്നും അതാത് നഗരസഭകളുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ്. എന്നാൽ തിരൂരങ്ങാടി നഗരസഭ പെൻഷൻ വിഹിതം മാസം തോറും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുകയും പ്രതിമാസം നൽകേണ്ട പെൻഷൻ, നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് യഥാസമയം വിതരണം ചെയ്യുകയുമാണ് ചെയ്തു വരുന്നത്. 2022-23 വർഷത്തിലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ 3,30,536/- രൂപ ശ്രീ ബഷീർ സി പി (HS Rtd) എന്നവർക്ക് പെൻഷൻ നൽകുന്നതിനായി തനത് ഫണ്ട് ചെലവഴിച്ചതായി കണ്ടു.

നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും മുനിസിപ്പൽ ഫണ്ടിലേക്ക് തുക ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, 31.03.23 വരെ എത്ര രൂപ വരവ് വന്നു, എത്ര രൂപ ഇനി ലഭിക്കാനുണ്ട് എന്നതു കാണിക്കുന്ന പത്രിക, സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും തുക ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരം എന്നിവ അറിയിക്കേണ്ടതാണ്.

2. 1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം -റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാത്കൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻഫണ്ട് എന്ന പേരിൽ ഒരു സേവിംഗ്സ് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യത്തിന് വേണ്ടി 9ാം ചട്ടത്തിലെ (3), (4) ഉപ ചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻഫണ്ടിൽ വരവ് വെക്കേണ്ടതുമാണ്. അത്തരത്തിൽ ഒരു പെൻഷൻ ഫണ്ട് നഗരസഭയിൽ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. മേൽ വിവരങ്ങൾ ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി (49/13-02-2024) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ ഫണ്ട് സംബന്ധിച്ച മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-51 ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടവിൽ അനാവശ്യ കാലതാമസം

തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ വൗച്ചർ നം. 22200015/21.04.2022 പ്രകാരം 15,000/-രൂപ (ചെക്ക് നമ്പർ 02012044/06.04.2022) ശ്രീ. അബ്ദുൾ അലി കൊടലിക്കന്നൻ എന്നവർക്ക് നൽകിയിട്ടുണ്ട്. ടി തുക 08.04.2022 ലെ KL 000827688202220M നമ്പർ ട്രഷറി ചലാൻ വഴി 2402-00-911-99 N Vഎന്ന ശീർഷകത്തിൽ അടവാക്കുകയും ടി ചലാൻ പകർപ്പ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ മുണ്ടേരി വിത്ത് കൃഷിത്തോട്ടം ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചു നൽകിയിട്ടുമുണ്ട്. ആയതിന്റെ കൈപ്പറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു. മുണ്ടേരി വിത്ത് കൃഷിത്തോട്ടത്തിലെ ഡ്രൈവറായിരുന്ന ശ്രീ. അബ്ദുൾ അലി കൊടലിക്കന്നൻ എന്നവർ 01.10.2020 ന് റിലീവ് ചെയ്യുകയും തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിൽ ഡ്രൈവറായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. മുണ്ടേരി വിത്ത് കൃഷിത്തോട്ടം ഡെപ്യൂട്ടി ഡയറക്ടറുടെ 23.11.2020ലെ ബി3.2323/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ ടിയാന്റെ എൽ.പി.സി പ്രകാരം, 2020 ആഗസ്റ്റ് മാസത്തിൽ ടിയാന് നൽകിയ ഫെസ്റ്റിവൽ അലവൻസ് 15,000/- രൂപ 5 തുല്യ ഗഡുക്കളായി ഈടാക്കേണ്ടതാണെന്ന് അറിയിച്ചിരുന്നു. 2020 സെപ്റ്റംബർ മുതൽ 2021 ജനുവരി വരെയുള്ള മാസങ്ങളിലെ ശമ്പളത്തിൽ നിന്നും തിരികെ ഈടാക്കേണ്ടിയിരുന്ന ടി തുക 2021 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്, 2022 മാർച്ച് എന്നീ മാസങ്ങളിലെ ശമ്പളത്തിൽനിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ തന്നെ സൂക്ഷിക്കുകയും തുടർന്ന് 08.04.2022 ലെ ചലാൻ വഴി ട്രഷറിയിൽ അടവാക്കുകയും ചെയ്തതായി കണ്ടു. തുക തിരിച്ചടവാക്കാൻ അനുവദനീയമായ കാലയളവ് അവസാനിച്ച് ഒരു വർഷത്തിനു ശേഷം തുക തിരിച്ചടവു വരുത്താനുണ്ടായതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (50/13.02.2024) ലഭ്യമാക്കിയ മറുപടി പ്രകാരം കോവിഡ് കാലമായതിനാൽ എസ്റ്റാബ്ലിഷ്മെന്റ് ജോലികൾക്ക് സമയം ലഭിക്കാത്തതിനാലാണ് കാലതാമസം വന്നതെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭ്യമായ അഡ്വാൻസ് തുകകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തിരിച്ചടവ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-52 സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്ക്, ഇഷ്യൂ, വിവരം ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന വൗച്ചർ പ്രകാരം വാങ്ങിയ സ്റ്റേഷനറി സാധനങ്ങളുടെ സ്റ്റോക്ക്, ഇഷ്യൂ, വിവരം ലഭ്യമാക്കിയിട്ടില്ല.

| ഇനം | ഫയൽ നം. | വൗച്ചർ നം | ഇൻവോയ്സ്/വൗച്ചർ നം. | തുക (₹) |
|---|---|---|---|---|
| രജിസ്റ്ററുകളും ഫോറങ്ങളും സപ്ലൈ ചെയ്ത വകയിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയത് | G4-12416/17 | 22200241/ 13.07.22/ (₹3,04,419) | TVM/561/21-22/ 30.12.2021 | 42,677 |
| | | | TVM/553/21-22/ 27.12.2021 | 1,44,512 |
| | | | TVM/512/21-22/ 13.12.2021 | 87,819 |
| | | | TVM/432/21-22/ 03.11.2021 | 17,640 |
| | | | TVM/433/21-22/ 03.11.2021 | 11,771 |
| | H3/12416 | 22200666/ 16.01.2023/ (₹2,13,539) | TVM/110/21-22/ 29.06.2021 | 20,808 |
| | | | TVM/726/21-22/ 11.03.2022 | 27,878 |
| | | | TVM/218/21-22/ 28.07.2021 | 987 |
| | | | TVM/757/21-22/ 19.03.2022 | 12,031 |
| | | | TVM/208/22-23/ 29.06.2022 | 1,44,428 |

| | |
|---|---|
| TVM/105/22-23/ 19.05.2022 | 7,407 |

സ്റ്റോക്ക് രജിസ്റ്റർ, ബന്ധപ്പെട്ട ഇൻവോയ്സുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (52/13.02.2024) മറുപടി ലഭ്യമാക്കിയില്ല. അനുബന്ധ രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക 5,17,958/- രൂപ തടസ്സം ചെയ്യുന്നു.

**1-53 വെള്ളക്കരം - കുടിശ്ശിക - പലിശയിനത്തിൽ വൻ തുക ബാധ്യത വരുന്നു.**

നഗരസഭയുടെ 2022-23 വർഷത്തിലെ സ്ട്രീറ്റ് ടാപ്പുകളുടെ 08/2017 മുതൽ 10/2022 വരെയുള്ള കുടിശ്ശിക വെള്ളക്കരം 1,11,07,947/- രൂപ വാട്ടർ അതോറിറ്റിയുടെ ആംനസ്റ്റി പദ്ധതി പ്രകാരം അടവാക്കിയിട്ടുണ്ട്. മൊത്തം കുടിശ്ശിക തുക 1,96,44,058/- രൂപയിൽ 10/22 വരെയുയുള്ള വെള്ളക്കരം 92,49,377/- രൂപയും, പിഴയിനത്തിൽ 1,03,94,681/- രൂപയുമാണ്. ടി തുകയിൽ 85,36,111/- രൂപയാണ് ഇളവ് അനുവദിച്ചിട്ടുള്ളത്. ഇളവ് അനുവദിച്ച തുക കുറവാക്കിയാൽ പലിശ ഇനത്തിൽ 18,58,570/- രൂപ മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിന് നഷ്ടം വന്നിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തിയ്യതി | തുക (₹) | റിമാർക്സ് |
|---|---|---|---|
| 1 | 22200465/03.11.2022 | 55,53,974 | മൊത്തം കുടിശ്ശികയുടെ 50% അടവാക്കിയത് |
| 2 | 22200602/28.12.2022 | 19,73,013 | കുടിശ്ശികയുടെ ബാക്കി 50% മൂന്നു ഗഡുക്കളായി തിരിച്ചതിൽ ഒന്നാമത്തെ ഗഡു+ 12/2022 ലെ വെള്ളക്കരം 1,21,688 രൂപ (168 ടാപ്പുകൾക്ക് @8,692.11/year) |
| 3 | 22200643/11.01.2023 | 18,51,324 | കുടിശ്ശികയുടെ ബാക്കി 50% മൂന്നു ഗഡുക്കളായി തിരിച്ചതിൽ രണ്ടാമത്തെ ഗഡു |
| 4 | 22200736/09.02.2023 | 18,51,324 | കുടിശ്ശികയുടെ ബാക്കി 50% മൂന്നു ഗഡുക്കളായി തിരിച്ചതിൽ മൂന്നാമത്തെ ഗഡു |

മേൽ തുക പലിശ ഇനത്തിൽ കൂടുതൽ അടവാക്കിയതു കൂടാതെ തുടർന്നും നവംബർ 2022 മുതൽ കൃത്യസമയത്ത് വെള്ളക്കരം അടവാക്കാതെ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| മാസം | തുക | റിമാർക്സ് | തുക അടവാക്കിയതിന്റെ വിവരം | അധികമായി അടവാക്കേണ്ടി വന്ന വെള്ളക്കരത്തിന്റെ വിവരം |
|---|---|---|---|---|
| 11/2022 | 1,21,688 | 11/2022 ലെ വെള്ളക്കരം (168 ടാപ്പുകൾക്ക് @8,692.11/year) | 20,77,677 (Voucher No.22300128/17.05.2023) | 6,11,317 |
| 01/2023 | 1,21,688 | 01/2023 ലെ വെള്ളക്കരം (168 ടാപ്പുകൾക്ക് @8,692.11/year) | | |
| 02/2023 | 3,05,746 | 02/2023ലെ വെള്ളക്കരം (168 ടാപ്പുകൾക്ക് @21,838.68/year) | | |
| 03/2023 | 3,05,746 | 03/2023ലെ വെള്ളക്കരം (168 ടാപ്പുകൾക്ക് @21,838.68/year) | | |
| 04/2023 | 3,05,746 | 04/2023ലെ വെള്ളക്കരം (168 ടാപ്പുകൾക്ക് @21,838.68/year) | | |
| 05/2023 | 3,05,746 | 05/2023ലെ വെള്ളക്കരം (168 ടാപ്പുകൾക്ക് @21,838.68/year) | | |
| **ആകെ** | **14,66,360** | | | |
| 06/2023 | 3,05,746 | | 3,05,746 (Voucher No.22300208/16.06.2023) | |

| | | | | |
|---|---|---|---|---|
| 07/2023 | 3,05,746 | | 3,05,746 (Voucher No.22300322/26.07.2023) | |
| 08/2023 | 2,29,306 | | 2,29,306 (Voucher No.22300403/6.08.2023) | |

06/2023 മുതൽ കൃത്യസമയത്ത് വെള്ളക്കരം അടവാക്കി വരുന്നുണ്ട്. എന്നാൽ 11/2022 മുതൽ 05/2023 വരെയുള്ള കാലയളവിൽ കൃത്യമായി വെള്ളക്കരം അടവാക്കാത്തതിനാൽ 6,11,317/- രൂപ നഗരസഭയ്ക്ക് അധികം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭക്ക് അധിക ബാധ്യത വന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേൽ അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/14.02.2024) മറുപടി ലഭ്യമാക്കിയില്ല.

## 1-54 ലീഗൽ ഫീ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

2022-23 വർഷത്തിലെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ താഴെ കൊടുത്ത വൗച്ചറുകൾ പ്രകാരം ലീഗൽ ഫീ ഇനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | ചെലവ് വിവരം | തുക (₹) | കാഷ്ബുക്ക് വൗച്ചർനം/ചെക്ക് നം/തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | ലീഗൽ ഫീ അഡ്വ. സേതുമാധവന് നൽകിയത് (കേസ് നമ്പർ WP(C)No.29555/17 ) | 7,500 | 22200048/ 30.04.2022 | ഫയൽ നം.G4-9908/20 |
| 2 | ലീഗൽ ഫീ നൽകിയത് അഡ്വ. സേതുമാധവന് നൽകിയത് (കേസ് നമ്പർ WP(C)No.16739 OF22 ) | 15,000 | 22200844/ 15.03.2023 | ഫയൽ നം.G4-12577/22 |

സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ ടി കേസുകൾക്ക് ലീഗൽ ഫീ നൽകിയ വിവരം രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്തതായി കാണുന്നില്ല. മാത്രവുമല്ല ലഭ്യമാക്കിയ ഫയലുകളിൽ ചെലവ് തുകയുടെ കൈപ്പറ്റ് രശീതി ഇല്ല. അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (57/15.02.2024 ) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതും അനുബന്ധ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്. ആയതു വരെ ചെലവു തുക 22,500/- തടസ്സം ചെയ്യുന്നു.

## 1-55 അഗതി രഹിത കേരളം - പൊതു അവലോകനം

നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെയും കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയ്ക്കാണ് അഗതിരഹിത കേരളം പദ്ധതി ആരംഭിച്ചത്. സ.ഉ(എംഎസ്)നം.252/2017/തസ്വഭവ തി. 12.12.2017 പ്രകാരം അഗതി രഹിത കേരളം പദ്ധതിയുടെ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള അവശ ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.2019 മുതൽ 2022 വരെയുള്ള പദ്ധതി കാലഘട്ടത്തിലേക്ക് 50 ഗുണഭോക്താക്കളെയാണ് നഗരസഭയിൽ തെരെഞ്ഞെടുത്തിരുന്നത്. നിലവിൽ 46 ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉള്ളത്. ഗുണഭോക്താക്കളുടെ പരിപൂർണ്ണമായ ഉന്നമനം ലക്ഷ്യമാക്കിയാണ് 1,23,03,400/-രൂപയുടെ അടങ്കലിൽ നഗരസഭയിൽ അഗതികേരളം പദ്ധതി രൂപീകരിച്ചിട്ടുള്ളത്. നഗരസഭയിലെ അഗതിരഹിത കേരളം പദ്ധതിയുടെ സാമ്പത്തിക വിശകലനം താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | സേവന പാക്കേജ് | ആവശ്യമായ തുക (₹) | തുക വകയിരുത്തിയ ഏജൻസി |
|---|---|---|---|
| 1 | സ്ഥലം | 15,00,000 | നഗരസഭ |
| 2 | വീട് | 64,50,000 | നഗരസഭ |
| 3 | വീട് റിപ്പയർ | 19,00,000 | നഗരസഭ |
| 4 | ചികിത്സ | 2,31,000 | കുടുംബശ്രീ |
| 5 | ഭക്ഷണം | 12,02,400 | കുടുംബശ്രീ |
| 6 | വിദ്യാഭ്യാസം | 30,000 | കുടുംബശ്രീ |
| 7 | ഇലക്ട്രിഫിക്കേഷൻ | 1,44,000 | നഗരസഭ |
| 8 | കക്കൂസ് നിർമ്മാണം | 4,25,000 | നഗരസഭ |
| 9 | കുടിവെള്ളം | 1,15,000 | നഗരസഭ |
| 10 | വസ്ത്രം | 3,06,000 | സ്പോൺസർഷിപ്പ് |
| ആകെ | | 1,23,03,400 | |

പദ്ധതിയുടെ നാളിതുവരെ വിവിധ ഇനങ്ങളിലുള്ള ചെലവിന്റെ വിശദ വിവരം താഴെചേർക്കുന്നു.

| ക്രമ നമ്പർ | സേവന പാക്കേജ് | ചെലവഴിച്ച തുക (₹) |
|---|---|---|
| 1 | സ്ഥലം | 0 |
| 2 | വീട് | 12,00,000 |
| 3 | വീട് റിപ്പയർ | 3,96,300 |
| 4 | ചികിത്സ | 0 |
| 5 | ഭക്ഷണം | 16,53,600 |
| 6 | വിദ്യാഭ്യാസം | 0 |
| 7 | കുടിവെള്ളം | 0 |
| 8 | കക്കൂസ് നിർമ്മാണം | 0 |
| 9 | മെഡിക്കൽ ക്യാമ്പ് | 0 |
| 10 | റിസർവ് ഫണ്ട് | 0 |
| 11 | വസ്ത്രം | 0 |
| **ആകെ** | | **32,49,900** |

2022-23 വർഷത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും അഗതി കേരളം പദ്ധതിക്കായി 10,00,000/- രൂപ വകയിരുത്തുകയും ടി തുക കേരള ഗ്രാമീൺ ബാങ്ക് ചെമ്മാട് ബ്രാഞ്ചിലുള്ള സിഡിഎസ് അക്കൗണ്ടിലേക്ക് 26.12.2022 ന് മാറി നൽകുകയും ചെയ്തിട്ടുണ്ട്. തുക മാറി നൽകുമ്പോൾ അക്കൗണ്ടിൽ 25,94,982/- രൂപ അവശേഷിച്ചിരുന്നു. തുക വിനിയോഗിച്ചോ എന്നു ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല. 01.02.2024 ന് 29,76,185/- രൂപയാണ് അക്കൗണ്ടിൽ ബാക്കി നിൽക്കുന്നത്.

2022ൽ അവസാനിക്കുമായിരുന്ന പദ്ധതിയുടെ കാലാവധി സ.ഉ(സാധാ)നം. 1751/2022/LSGD തിയ്യതി 21.07.2022 പ്രകാരം ദീർഘിപ്പിച്ചതാണ്. നാളിതു വരെയുള്ള പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ 32,49,900/- രൂപയാണ് ആകെ ചെലവഴിച്ചിട്ടുള്ളത്. ആകെ 26% മാത്രമാണ് ചെലവ്. ഭക്ഷണ വിതരണം നിലവിലും തുടർന്നു വരുന്നുണ്ട്. പദ്ധതിയുടെ സർക്കാർ ദീർഘിപ്പിച്ചു തന്ന കാലയളവ് അവസാനിക്കുന്നതിനു മുൻപ് അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ എത്തിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിനുള്ള (ഓഡിറ്റ് എൻക്വയറി നം. 58/15.02.2024) മറുപടിയിൽ പദ്ധതി കാലാവധി അവസാനിക്കുന്നതിന് മുമ്പ് ഗുണഭോക്താക്കളുടെ ആവശ്യകത പ്രകാരം പദ്ധതി നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചു. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-56 കായിക ഉപകരണങ്ങൾ വിതരണം പൂർണ്ണമല്ല, സ്റ്റോക്കിൽ ഇല്ല.

പ്രോജക്റ്റ് - 262/23, കുട്ടികളുടെ കായിക വികസനം.
നിർവ്വഹണം – പ്രിൻസിപ്പൽ
അടങ്കൽ - ₹1,50,000/- തനത് ഫണ്ട്
ചെലവ് - ₹1,32,000/- ചെക്ക് നം. 2017538/29.03.23

ഈ പ്രോജക്റ്റ് പ്രകാരം നേരിട്ടുള്ള നിർവ്വഹണത്തിലൂടെ വിവിധ സ്കൂളുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തത്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി ഹെഡ്കോ, കോറിറ്റ് വേൾഡ് എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷൻ ലഭ്യമാക്കി വിവിധ സ്പോർട്ട്സ് ഉപകരണങ്ങൾക്ക് കുറഞ്ഞ വിലകൾ രേഖപ്പെടുത്തിയ ഹെഡ്കോ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനുള്ള പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ 08.03.23(2) തീരുമാനപ്രകാരം ഹെഡ്കോ-യുടെ L0001281/25.03.23 നമ്പർ ഇൻവോയ്സ് പ്രകാരം 20 ഇനം ഉപകരണങ്ങൾ ചുവടെ ചേർത്ത പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നം | സ്പോർട്സ് ഉപകരണം ഇനം | വാങ്ങിയ എണ്ണം | ഒരെണ്ണത്തിന്റെ വില (12% GST ഉൾപ്പെടെ) | ആകെ വില |
|---|---|---|---|---|
| 1 | ഫുട്ബാൾ | 28 | 575 | 16,100 |
| 2 | ഹാൻഡ് ബാൾ | 20 | 785 | 15,700 |
| 3 | വോളിബാൾ | 10 | 750 | 7,500 |
| 4 | ക്രിക്കറ്റ് ബാറ്റ് | 6 | 690 | 4,140 |
| 5 | ടെന്നിസ് ബാൾ | 35 | 70 | 2,450 |
| 6 | ഷട്ടിൽ ബാറ്റ് | 39 | 650 | 25,350 |
| 7 | ഷട്ടിൽ കോക്ക് | 30 | 68 | 2,040 |

| | | | | |
|---|---|---|---|---|
| 8 | സ്കിപ്പിംഗ് റോപ്പ് | 75 | 98 | 7,350 |
| 9 | കോൺ | 100 | 65 | 6,500 |
| 10 | മാർക്കിംഗ് ഷേഡ് | 50 | 85 | 4,250 |
| 11 | ടെന്നിക്കോയിറ്റ് റിംഗ് | 101 | 98 | 9,898 |
| 12 | ഹർഡിൽസ് | 26 | 245 | 6,370 |
| 13 | സ്റ്റംപ് | 9 | 98 | 882 |
| 14 | ചെസ്സ് ബോർഡ് | 15 | 230 | 3,450 |
| 15 | ലൂഡോ & സ്നേക്ക് ബോർഡ് | 8 | 420 | 3,360 |
| 16 | ഫ്ലൈയിംഗ് ഡിസ്ക് | 6 | 80 | 480 |
| 17 | ക്യൂബ് | 170 | 1.12 | 190 |
| 18 | ബാസ്കറ്റ് ബാൾ | 5 | 690 | 3,450 |
| 19 | ബാസ്കറ്റ് ബാൾ നെറ്റ് | 10 | 280 | 2,800 |
| 20 | ഹുള ഹോപ്പ്. | 50 | 195 | 9,750 |
| | **ആകെ** | | | **1,32,010** |

വിവിധ സ്കൂളുകളിൽ നിന്നുള്ള കൈപ്പറ്റുകൾ ലഭ്യമാക്കിയത് പ്രകാരമുള്ള വിതരണം/കൈപ്പറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| **ഇനം** | **ഉപകരണങ്ങൾ കൈപ്പറ്റിയ സ്കൂളുകളും എണ്ണവും** | | | | | | | | **ആകെ വിതരണം ചെയ്തവ.** |
|---|---|---|---|---|---|---|---|---|---|
| | **GLPS തിരൂരങ്ങാടി** | **GMUPS കക്കാട്** | **GMUPS വെന്നിയൂർ** | **GWUPS തൃക്കുളം** | **GLPS വെന്നിയൂർ** | **GMLPS തിരൂരങ്ങാടി** | **GHS തൃക്കുളം** | **GHSS തിരൂരങ്ങാടി** | |
| ഫുട്ട്ബാൾ | 2 | 2 | 2 | 4 | - | - | 5 | 4 | **19** |
| ഹാൻഡ് ബാൾ | - | 1 | 2 | 2 | - | - | - | 3 | **8** |
| വോളിബാൾ | - | - | - | 2 | - | - | 2 | 2 | **6** |
| ക്രിക്കറ്റ് ബാറ്റ് | - | - | 2 | 2 | - | - | - | 1 | **5** |
| ടെന്നിസ് ബാൾ | - | - | - | - | 6 | - | - | - | **6** |
| ഷട്ടിൽ ബാറ്റ് | 2 | 2 | 2 | 5 | 4 | 2 (+10 Badminton Racket) | - | 8 | **35** |
| ഷട്ടിൽ കോക്ക് | 20 | 15 | 20 | 20 | 20 | 20 | 30 | 24 | **169** |
| സ്കിപ്പിംഗ് റോപ്പ് | 15 | 15 | 10 | 5 | 10 | 10 | - | 10 | **75** |
| കോൺ | - | 15 | 20 | 15 | - | - | - | 25 | **75** |
| മാർക്കിംഗ് ഷേഡ് | - | - | - | - | - | - | 25 | 20 | **45** |
| ടെന്നിക്കോയിറ്റ് റിംഗ് | 16 | 14 | 11 | 6 | 10 | 10 | 20 | 10 | **96** |
| ഹർഡിൽസ് | - | 4 | 6 | 5 | - | - | 6 | 10 | **31** |
| സ്റ്റംപ് | - | - | - | - | - | - | - | 4 | **4** |
| ചെസ്സ് ബോർഡ് | 5 | 4 | - | - | 2 | 4 | - | - | **15** |
| ലൂഡോ & സ്നേക്ക് ബോർഡ് | - | 4 Snake+ 4 Ludo | - | - | 4 | 3 Ludo | - | - | **15** |
| ഫ്ലൈയിംഗ് ഡിസ്ക് | - | - | - | - | - | 4 | - | - | **4** |
| ക്യൂബ് | - | - | - | - | - | 4 | - | - | **4** |
| ബാസ്കറ്റ് ബാൾ | - | 1 | - | - | - | 1 | 3 | - | **5** |
| ബാസ്കറ്റ് ബാൾ നെറ്റ് | - | - | - | - | - | - | 2 | 8 | **10** |
| ഹുള ഹോപ്പ്. | - | 10 | 15 | - | - | - | 5 | - | **30** |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ക്രിക്കറ്റ് ബാൾ | - | - | 8 | 6 | - | - | - | 10 | 24 |

ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു..

1) ലഭ്യമായ ഉപകരണങ്ങളുടെ എണ്ണവും വിതരണം ചെയ്തവയുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | ഇനം | ലഭ്യമായത്-എണ്ണം | വിതരണം-എണ്ണം | വ്യത്യാസം-എണ്ണം | അപാകത/വിതരണം ചെയ്യാത്തവയുടെ വില |
|---|---|---|---|---|---|
| 1 | ഫുട്ബ്ബാൾ | 28 | 19 | 9 | 9 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 9x575=5175/- |
| 2 | ഹാൻഡ് ബാൾ | 20 | 8 | 12 | 12 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 12x785=9420/- |
| 3 | വോളിബാൾ | 10 | 6 | 4 | 4 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 4x750=3000/- |
| 4 | ക്രിക്കറ്റ് ബാറ്റ് | 6 | 5 | 1 | 1 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 1x690=690/- |
| 5 | ടെന്നിസ് ബാൾ | 35 | 6 | 29 | 29 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 29x70=2030/- |
| 6 | ഷട്ടിൽ ബാറ്റ് | 39 | 35 | 4 | 4 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 4x650=2600/- |
| 7 | ഷട്ടിൽ കോക്ക് | 30 | 169 | -139 | ലഭ്യമായതിനേക്കാൾ 139 എണ്ണം വിതരണം ചെയ്തതായി കാണുന്നു. |
| 8 | സ്കിപ്പിംഗ് റോപ്പ് | 75 | 75 | 0 | - |
| 9 | കോൺ | 100 | 75 | 25 | 25 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 25x65=1625/- |
| 10 | മാർക്കിംഗ് ഷേഡ് | 50 | 45 | 5 | 5 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 5x85=425/- |
| 11 | ടെന്നിക്കോയിറ്റ് റിംഗ് | 101 | 96 | 5 | 5 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 5x98=490/- |
| 12 | ഹർഡിൽസ് | 26 | 31 | -5 | ലഭ്യമായതിനേക്കാൾ 5 എണ്ണം വിതരണം ചെയ്തതായി കാണുന്നു. |
| 13 | സ്റ്റംപ് | 9 | 4 | 5 | 5 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 5x98=490/- |
| 14 | ചെസ്സ് ബോർഡ് | 15 | 15 | 0 | - |
| 15 | ലൂഡോ & സ്നേക്ക് ബോർഡ് | 8 | 15 | -7 | ലഭ്യമായതിനേക്കാൾ 7 എണ്ണം വിതരണം ചെയ്തതായി കാണുന്നു. |
| 16 | ഫ്ലൈയിംഗ് ഡിസ്ക് | 6 | 4 | 2 | 2 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 2x80=160/- |
| 17 | ക്യൂബ് | 170 | 4 | 166 | 166 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 166x1.12=186/- |
| 18 | ബാസ്കറ്റ് ബാൾ | 5 | 5 | 0 | - |
| 19 | ബാസ്കറ്റ് ബാൾ നെറ്റ് | 10 | 10 | 0 | - |
| 20 | ഹുള ഹോപ്പ്. | 50 | 30 | 20 | 20 എണ്ണം സ്കൂളുകൾക്ക് നൽകിയിട്ടില്ല, 20x195=3900/- |
| 21 | ക്രിക്കറ്റ് ബാൾ | - | 24 | -24 | ക്രിക്കറ്റ് ബാൾ ലഭ്യമായിട്ടില്ല. എന്നാൽ 24 എണ്ണം വിതരണം ചെയ്തതായി കാണുന്നു. |
| | വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ ആകെ വില | | | | 30191/- |

2) വിവിധ സ്കൂളുകളിൽ നിന്നും ഇത്ര എണ്ണം കായിക ഉപകരണങ്ങൾ കൈപ്പറ്റി എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടി സ്കൂളുകൾ, ഇവ പൂർണ്ണ വിവരങ്ങളും സ്റ്റോക്ക് നമ്പറും ചേർത്ത് സ്റ്റോക്കിലെടുത്തിട്ടില്ല.

ഇത് സംബന്ധിച്ച നിജസ്ഥിതി അറിയുന്നതിനായി കായിക ഉപകരണങ്ങൾ വിതരണം ചെയ്ത GHSS തിരൂരങ്ങാടി (HSS

വിഭാഗം), GMUPS വെന്നിയൂർ എന്നീ രണ്ട് സ്കൂളുകളിൽ ഓഡിറ്റ് വേളയിൽ നേരിട്ട് പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) GHSS തിരൂരങ്ങാടി (HSS വിഭാഗം), GMUPS വെന്നിയൂർ എന്നീ സ്കൂളുകൾ കൈപ്പറ്റിയാതായി മുകളിലെ രണ്ടാമത്തെ പട്ടികയിൽ പരാമർശിച്ച കായിക ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ബോധ്യപ്പെട്ടു. കൈപ്പറ്റിയ ഉപകരണങ്ങൾ സ്റ്റോക്ക് നമ്പറോ പ്രോജക്ട് വിശദാംശങ്ങളോ വാറണ്ടി വിവരങ്ങളോ ചേർത്ത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതിരിക്കുന്നത് ആയവ നഷ്ടപ്പെടാൻ ഇടവരുന്നതും തകരാർ വരുമ്പോൾ വാറണ്ടി വിവരം അറിയാതെ പോകുന്നതുമാണ്.

B) കൈപ്പറ്റിയ ഉപകരണങ്ങൾ സ്കൂളിൽ ഉണ്ടോ എന്നത് നേരിട്ട് പരിശോധനക്കുന്നതിനായി GHSS തിരൂരങ്ങാടി-പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ടുവെങ്കിലും കായിക ഉപകരണങ്ങൾ സൂക്ഷിച്ച മുറിയോ ഉപകരണങ്ങളോ ഒന്നും തന്നെ പരിശോധനക്കായി കാണിച്ചു തന്നിട്ടില്ല.

C) കൈപ്പറ്റിയ ഉപകരണങ്ങൾ സ്കൂളിൽ ഉണ്ടോ എന്നത് നേരിട്ട് പരിശോധനക്കുന്നതിനായി GMUPS വെന്നിയൂർ HM-നോട് ആവശ്യപ്പെട്ടത് പ്രകാരം ഫുട്ബാൾ-2 എണ്ണം, ഹാൻഡ് ബാൾ-2 എണ്ണം, ഹൂപ്പ്സ് -15 എണ്ണം എന്നിവ ഒഴികെയുള്ളവ പരിശോധനക്ക് ഹാജരാക്കി. മറ്റുള്ളവ കായിക ഉപകരണങ്ങൾ സൂക്ഷിക്കുന്ന മുറിയിൽ ഉണ്ട്.

3) കായിക ഉപകരണങ്ങൾ കൈപ്പറ്റിയ സ്കൂളുകളിൽ നിന്നുള്ള സ്റ്റോക്ക് രജിസ്റ്ററോ, സ്റ്റോക്കിലെടുത്തത് സംബന്ധിച്ച സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല.

4) നിർവ്വഹണ ഉദ്യോഗസ്ഥയുടെ സ്കൂളിന്(GHSS തിരൂരങ്ങാടി) ലഭ്യമാക്കിയ കായിക ഉപകരണങ്ങളും മേൽ പ്രകാരം സ്റ്റോക്കിലെടുത്തിട്ടില്ല.

5) കുറഞ്ഞ വില രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിക്കുന്നതിന് മുൻപ് ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സാംപിളുകൾ ലഭ്യമാക്കി പരിശോധിച്ചതായി കാണുന്നില്ല.

6) ഹെഡ്കോ-ക്ക് നൽകിയ പർച്ചേസ് ഓർഡർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

7) പ്രൊക്യർമെന്റ് കമ്മിറ്റിയുടെ ശുപാർശയോടെ ഭരണസമിതിയാണ് ടെണ്ടർ അംഗീകരിക്കേണ്ടത്. എന്നാൽ ഭരണ സമിതി അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 43/2022-23/13.02.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകത ക്രമനം.1 പട്ടികയിൽ പരാമർശിച്ച, വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ ആകെ വില 30191/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഉപകരണങ്ങൾ കൈപ്പറ്റിയ ഓരോ സ്കൂളുകളിൽ നിന്നും ആയവ കൃത്യമായി സ്റ്റോക്കിലെടുത്തതിന്റെ സാക്ഷ്യപത്രം സ്റ്റോക്ക് രജിസ്റ്റർ പേജ് പകർപ്പ് സഹിതം ലഭ്യമാക്കേണ്ടതും ഓഡിറ്റ് പരിശോധന വേളയിൽ പരിശോധനക്ക് ലഭ്യമാക്കാത്ത ഉപകരണങ്ങൾ നിലവിൽ സ്കൂളുകളിൽ ഉണ്ടോ എന്നത് പരിശോധിച്ച് ആയത് യഥാസമയം ഹാജരാക്കാത്തത് ഉൾപ്പടെയുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, മേൽ വിതരണം ചെയ്ത കായിക ഉപകരണങ്ങളിൽ സ്കൂളുകളിൽ നിലവിലുള്ള ഉപകരണങ്ങൾ സംബന്ധിച്ച വ്യക്തമായി റിപ്പോർട്ട് യഥാസമയം ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടി ഉപകരണങ്ങൾ നഷ്ടപ്പെട്ടതായി കണക്കാക്കി നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-57 സ്കൂളുകൾക്ക് കംപ്യൂട്ടർ വാങ്ങൽ പദ്ധതി - അപാകതകൾ.

പദ്ധതി - 263/23, വിവിധ സകൂളുകൾക്ക് കംപ്യൂട്ടർ വാങ്ങൽ

നിർവ്വഹണം – പ്രിൻസിപ്പൽ

അടങ്കൽ - ₹5,00,000/- (തനത് ഫണ്ട്)

ചെലവ് - ₹4,98,498/- ചെക്ക് നം. 596522/29.03.23

ഈ പദ്ധതി ഫയൽ പരിശോധിച്ചതിൽ, കെൽട്രോണിന്റെ പ്രഫോമ ഇൻവോയ്സ് നം.47980/25.03.23, ഡെലിവറി ചലാൻ നം. 03511/ITP/23-24 തിയതി. 06.07.23 എന്നിവ പ്രകാരം(ഇൻവോയ്സ് ഫയലിൽ ഇല്ല) ഒരു ലാപ്ടോപ്പിന് 35,607/- രൂപ നിരക്കിൽ 14 എണ്ണം HP 247G8 Notebook PC (4GB RAM, AMD Ryzen3 5300U പ്രൊസസ്സർ, 256 GB SSD, 3 വർഷ വാറണ്ടി) ലാപ്ടോപ്പുകൾ ലഭ്യമാക്കി ചുവടെ ചേർത്ത പ്രകാരം വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | സ്കൂളിന്റെ പേര് | കൈപ്പറ്റിയ ലാപ്ടോപ്പുകളുടെ എണ്ണം | കൈപ്പറ്റിയ ലാപ്ടോപ്പുകളുടെ സീരിയൽ നമ്പർ. |
|---|---|---|---|
| 1 | GWUPS തൃക്കുളം | 2 | 1N1313062C, 1N1313062H |
| 2 | GLPS വെന്നിയൂർ | 1 | 1N13130629 |
| 3 | GMPLS തിരൂരങ്ങാടി | 1 | 1N13130626 |
| 4 | ഗവ. എൽ.പി. സ്കൂൾ തിരൂരങ്ങാടി | 1 | 1N1313061P |
| 5 | GHSS തിരൂരങ്ങാടി(HSS വിഭാഗം) | 2 | 1N13130627, 1N1313061K |

| | | | |
|---|---|---|---|
| 6 | GHSS തിരൂരങ്ങാടി(HS വിഭാഗം) | 1 | 1N13130612 |
| 7 | GHS തൃക്കുളം | 2 | 1N1313060X, 1N1313061M |
| 8 | GMUPS കക്കാട് | 2 | 1N13130622, 1N1313060Z |
| 9 | GMUPS വെന്നിയൂർ | 2 | 1N13130614, 1N1313061W |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആവശ്യമായ ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ, പാർട്സ് കപ്പാസിറ്റികൾ ഉൾപ്പടെയുള്ള കോൺഫിഗറേഷൻ കൃത്യമായി നിർവ്വചിച്ച് നൽകുകയോ നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. കുട്ടികൾക്ക് ഉപയോഗപ്രദമായ സ്പെസിഫിക്കേഷൻ ഉള്ള കംപ്യൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് അനുമതിക്കായി പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് അപേക്ഷിച്ച് അനുമതി വാങ്ങുകയാണ്(08.03.23) ചെയ്തത്.

2) വിവിധ സ്കൂളുകളിൽ നിന്നും ഇത്ര എണ്ണം ലാപ്ടോപ്പുകൾ കൈപ്പറ്റി എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടി സ്കൂളുകൾ, ഇവ (വാറണ്ടിയുൾപ്പടെയുള്ള വിവരങ്ങൾ , നമ്പർ എന്നിവ ചേർത്തത് )സ്റ്റോക്ക് രജിസ്റ്ററോ, സ്റ്റോക്കിലെടുത്തത് സംബന്ധിച്ച സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല.

3) ഇത് സംബന്ധിച്ച നിജസ്ഥിതി അറിയുന്നതിനായി ലാപ്ടോപ്പുകൾ വിതരണം ചെയ്ത GHSS തിരൂരങ്ങാടി (HSS വിഭാഗം), GMUPS വെന്നിയൂർ എന്നീ രണ്ട് സ്കൂളുകളിൽ ഓഡിറ്റ് വേളയിൽ നേരിട്ട് പരിശോധിക്കുകയുണ്ടായി. GHSS തിരൂരങ്ങാടി കൈപ്പറ്റിയ 2 ലാപ്ടോപ്പുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാറണ്ടി, സ്റ്റോക്ക് നമ്പർ എന്നിവ ചേർത്തിട്ടില്ല എന്നും GMUPS വെന്നിയൂർ കൈപ്പറ്റിയ ലാപ്ടോപ്പുകൾ സ്റ്റോക്കിലെടുക്കുകയോ സ്റ്റോക്ക് നമ്പർ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്നും കണ്ടു. ലാപ്ടോപ്പുകളിൽ സ്റ്റോക്ക് നമ്പറോ പദ്ധതി വിശദാംശങ്ങളോ, രജിസ്റ്ററുകളിൽ വാറണ്ടി വിവരങ്ങളോ രേഖപ്പെടുത്താതിരിക്കുന്നത് ആയവ നഷ്ടപ്പെടാൻ ഇടവരുന്നതും തകരാർ വരുമ്പോൾ വാറണ്ടി വിവരം അറിയാതെ റിപ്പയർ ചെയ്യുന്നത് മൂലം അധിക ചെലവിലേക്ക് വഴി വെക്കുന്നതുമാണ്.

കംപ്യൂട്ടർ / ഇലക്ട്രോണിക് മറ്റ് ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് രജിസ്റ്റർ/മൂലധന അസ്സറ്റ് രജിസ്റ്റർ പ്രകാരമുള്ള നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തി, രജിസ്റ്ററിൽ ഓരോ കംപ്യൂട്ടറുകൾക്കും / ഉപകരണങ്ങൾക്കും പ്രത്യേക പേജുകൾ അനുവദിച്ച് അതാത് കംപ്യൂട്ടറുകൾ/ഉപകരണങ്ങൾ റിപ്പയർ/പാർട്സ് മാറ്റി വെക്കൽ നടത്തുമ്പോൾ ആ വിവരവും മാറ്റി വെക്കപ്പെട്ട ഉപകരണത്തിന്റെ വാറണ്ടി വിവരവും ടി പേജുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന രീതി അവലംബിക്കേണ്ടതാണ്. ആയത് വഴി അധിക ചെലവുകൾ ഒഴിവാക്കാവുന്നതും ചെലവ് തുകക്കുള്ള പ്രയോജനം ലഭിക്കുന്നതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 44/2022-23/13.02.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ്പുകൾ കൈപ്പറ്റിയ ഓരോ സ്കൂളുകളിൽ നിന്നും ആയവ കൃത്യമായി സ്റ്റോക്കിലെടുത്തതിന്റെ സാക്ഷ്യപത്രം സ്റ്റോക്ക് രജിസ്റ്റർ പേജ് പകർപ്പ് സഹിതം ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ ചെലവ് തുക 4,98,498/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-58 വിവിധ ഫർണ്ണിച്ചർ വാങ്ങൽ പദ്ധതികൾ - സ്റ്റോക്ക് അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾ മുഖേന ഫർണ്ണിച്ചർ ലഭ്യമാക്കിയവയുടെ ഫയലുകൾ പരിശോധിച്ചതിൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ സ്കൂളിന് ലഭ്യമാക്കിയ ഫർണ്ണിച്ചർ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്തിട്ടില്ല എന്നും, മറ്റ് സ്കൂളുകൾക്ക് വിതരണം ചെയ്ത ഫർണ്ണിച്ചറും കംപ്യൂട്ടറുകളും കൈപ്പറ്റിയ സ്ഥാപനങ്ങൾ അവ ശരിയായ രീതിയിൽ സ്റ്റോക്കിലെടുത്ത് പരിപാലിക്കുന്നുണ്ടോ എന്നത് ഉറപ്പ് വരുത്തിയിട്ടില്ല എന്നും കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതി നം, പേര് | ചെലവ് വിവരം | വിതരണ വിവരം/ ഇനങ്ങൾ | അപാകതകൾ |
|---|---|---|---|---|
| 1 | 252/23, GHSS തിരൂരങ്ങാടി-ഫർണ്ണിച്ചർ വാങ്ങൽ | ₹6,00,000/- മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്. ബിൽ നം. 2215064760570116 7179/07.02.23 | ആർട്ട്കോ ഇൻവോയ്സ് നം. MPM116/07.01.23. സ്റ്റീൽ ബെഞ്ച്- 59 എണ്ണം (180x30x45@₹3012+GST) സ്റ്റീൽ ഡെസ്ക്- 17 എണ്ണം(180x40x65/75@₹4160+GST). സ്റ്റീൽ ഡെസ്ക് വിത്ത് ബാക്ക് റെസ്റ്റ്- 43 എണ്ണം(180x40x65/75@₹6068+GST). | 1) വിവിധ സ്കൂളുകളിൽ നിന്നും ഇത്ര എണ്ണം ഫർണ്ണിച്ചർ കൈപ്പറ്റി എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടി സ്കൂളുകൾ, ഇവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് ഫർണ്ണിച്ചറുകളിൽ സ്റ്റോക്ക് നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തിട്ടില്ല. 2) ഫർണ്ണിച്ചർ കൈപ്പറ്റിയ |

| | | | | |
|---|---|---|---|---|
| | | | | സ്കൂളുകളിൽ നിന്നുള്ള സ്റ്റോക്ക് രജിസ്റ്ററോ, സ്റ്റോക്കിലെടുത്തത് സംബന്ധിച്ച സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. 3) നിർവ്വഹണ ഉദ്യോഗസ്ഥയുടെ സ്കൂളിന്(GHSS തിരൂരങ്ങാടി) ലഭ്യമാക്കിയ ഫർണ്ണിച്ചറുകളും മേൽ പ്രകാരം സ്റ്റോക്കിലെടുത്തിട്ടില്ല. 4) ഫർണ്ണിച്ചറുകളിൽ സ്റ്റോക്ക് നമ്പറോ പദ്ധതി വിശദാംശങ്ങളോ രേഖപ്പെടുത്താതിരിക്കുന്നത് ആയവ നഷ്ടപ്പെടാൻ ഇടവരുന്നതും ഉപയോഗ ശൂന്യമാകുമ്പോൾ ഡെഡ് സ്റ്റോക്കിലേക്ക് മാറ്റുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നതുമാണ്. |
| 2 | 253/23, GUPS വെന്നിയൂർ-ഫർണ്ണിച്ചർ വാങ്ങൽ | ₹3,00,000/- തനത് ഫണ്ട്. ചെക്ക് നം. 2047993/10.02.23 | ആർട്ട്കോ ഇൻവോയ്സ് നം. MPM118/07.01.23. സ്റ്റീൽ ബെഞ്ച്- 35 എണ്ണം (180x30x45@₹3012+GST) സ്റ്റീൽ ഡെസ്ക്- 36 എണ്ണം(180x40x65/75@₹4160+GST). | |
| 3 | 253/23, GLPS വെന്നിയൂർ കപ്രാട്-ഫർണ്ണിച്ചർ വാങ്ങൽ | ₹98,698/- തനത് ഫണ്ട്. ചെക്ക് നം. 2047993/10.02.23 | ആർട്ട്കോ ഇൻവോയ്സ് നം. MPM117/07.01.23. സ്റ്റീൽ ബെഞ്ച്- 11 എണ്ണം (180x30x45@₹3012+GST) സ്റ്റീൽ ഡെസ്ക്- 11 എണ്ണം(180x40x65/75@ ₹4160+GST). കംപ്യൂട്ടർ ടാബിൾ-1 എണ്ണം(90x60@₹4750+GST) | |
| 4 | 253/23, GWUPS തൃക്കുളം-ഫർണ്ണിച്ചർ വാങ്ങൽ | ₹1,99,557/- തനത് ഫണ്ട്. ചെക്ക് നം. 2047993/10.02.23 | ആർട്ട്കോ ഇൻവോയ്സ് നം. MPM119/07.01.23. സ്റ്റീൽ ബെഞ്ച്- 23 എണ്ണം (180x30x45@₹3012+GST) സ്റ്റീൽ ഡെസ്ക്- 24 എണ്ണം(180x40x65/75@₹4160+GST). | |

ഇത് സംബന്ധിച്ച നിജസ്ഥിതി അറിയുന്നതിനായി ഫർണ്ണിച്ചർ വിതരണം ചെയ്ത GHSS തിരൂരങ്ങാടി(HSS വിഭാഗം), GMUPS വെന്നിയൂർ എന്നീ രണ്ട് സ്കൂളുകളിൽ ഓഡിറ്റ് വേളയിൽ നേരിട്ട് പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

A) മേൽ രണ്ട് സ്കൂളുകൾ കൈപ്പറ്റിയ ഫർണ്ണിച്ചർ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ബോധ്യപ്പെട്ടു.

B) കൈപ്പറ്റിയ ഫർണ്ണിച്ചർ സ്കൂളിൽ ഉണ്ടോ എന്നത് നേരിട്ട് പരിശോധനക്കുന്നതിനായി GHSS തിരൂരങ്ങാടി- പ്രിൻസിപ്പലിനോടും GMUPS വെന്നിയൂർ HM-നോടും ആവശ്യപ്പെട്ടുവെങ്കിലും ഫർണ്ണിച്ചർ വെച്ചിരിക്കുന്ന ക്ലാസ് മുറിയോ ഫർണ്ണിച്ചറോ ഒന്നും തന്നെ പരിശോധനക്കായി കാണിച്ചു തന്നിട്ടില്ല. എവിടെയാണ് ഏതാണ് എന്നത് അറിയില്ല എന്നാണ് അറിയിച്ചത്.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.45/2022-23/13.02.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫർണ്ണിച്ചർ കൈപ്പറ്റിയ ഓരോ സ്കൂളുകളിൽ നിന്നും ആയവ കൃത്യമായി നമ്പർ നൽകി സ്റ്റോക്കിലെടുത്തതിന്റെ സാക്ഷ്യപത്രം സ്റ്റോക്ക് രജിസ്റ്റർ പേജ് പകർപ്പ് സഹിതം ലഭ്യമാക്കേണ്ടതും ഓഡിറ്റ് പരിശോധന വേളയിൽ പരിശോധനക്ക് ലഭ്യമാക്കാത്ത ഫർണ്ണിച്ചർ നിലവിൽ സ്കൂളുകളിൽ ഉണ്ടോ എന്നത് പരിശോധിച്ച് ആയത് യഥാസമയം പരിശോധനക്ക് ലഭ്യമാക്കാത്തത് ഉൾപ്പടെയുള്ള അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വിതരണം ചെയ്ത ഫർണ്ണിച്ചറിൽ സ്കൂളുകളിൽ നിലവിലുള്ള ഫർണ്ണിച്ചർ സംബന്ധിച്ച വ്യക്തമായി റിപ്പോർട്ട് യഥാസമയം ലഭ്യമാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ടി ഉപകരണങ്ങൾ നഷ്ടപ്പെട്ടതായി കണക്കാക്കി നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റോക്ക് അപാകതകൾ നിലനിൽക്കുന്നതിനാൽ ഖണ്ഡിക പ്രകാരമുള്ള ആകെ ചെലവ് തുക 11,98,255 രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 1-59 മത്സര പരീക്ഷ പി.എസ്.സി പരിശീലനം - മാർഗ്ഗ രേഖക്ക് വിരുദ്ധം, മറ്റ് അപാകതകൾ

നിർവഹണം : പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി സ്കൂൾ

പ്രൊജക്ട് നമ്പർ, പേര് : 250/23, മത്സര പരീക്ഷ പി.എസ്.സി പരിശീലനം

അടങ്കൽ : ₹2,00,000/-

തുക : ₹1,96,688/- (തനത് ഫണ്ട്)

ചെക്ക് നമ്പർ / തിയ്യതി : 2047996/17.2.23 ₹1,00,000/-, 5965623/29.03.23 ₹96,688/-

പ്രൊജക്ട് പ്രകാരം 85 ഉദ്യോഗാർത്ഥികൾക്ക് മത്സര പരീക്ഷക്ക് പരിശീലനം നൽകുന്നതിനായി (പി.എസ്.സി പരിശീലനം) 1,96,688/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിവിധ ക്ലാസ്സുകൾ നടത്തിയതിന് പ്രതിഫലം ഇനത്തിൽ അധ്യാപകർക്ക് 1,92,500/-

രൂപയും, സ്റ്റേഷനറി ഇനങ്ങൾ വാങ്ങിച്ചതിന് 4,188/- രൂപയുമാണ് ചെലവഴിച്ചത്. 13.11.2022 മുതൽ 15.01.2023 വരെ ഒന്നാം ഘട്ടമായി 17 ദിവസത്തെ പരിശീലനത്തിന് 93,500/- രൂപയും, 22.01.23 മുതൽ 26.03.23 വരെ രണ്ടാം ഘട്ടമായി 18 ദിവസത്തെ പരിശീലനത്തിന് 99,000/- രൂപയുമാണ് ക്ലാസെടുത്തതിനുള്ള പ്രതിഫലം ഇനത്തിൽ നൽകിയിട്ടുള്ളത്.

പരിശീലനത്തിനായി വിവിധ സ്കൂളിലെ അധ്യാപകരെ ട്രൈനർമാരായി നിയമിച്ച് ഒരു സെഷന് 500/- രൂപ നിരക്കിൽ മാനവേതനം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ചെലവഴിച്ച 1,92,500/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക | ഹാജർ, നൽകിയ തുക | | ആകെ നൽകിയ തുക (₹) |
|---|---|---|---|---|---|
| | | | ഒന്നാം ഘട്ടം | രണ്ടാം ഘട്ടം | |
| 1 | മൊയ്തീൻ കുട്ടി | കോഴ്സ് കോ ഓർഡിനേറ്റർ | 17 ദിവസം, 17,000/- | 18 ദിവസം, 18,000/- | 35,000 |
| 2 | യുസൈറ എ.ജെ | മെന്റർ | 17ദിവസം, 17,000/- | 18 ദിവസം, 18,000/- | 35,000 |
| 3 | ആരിഫ | ട്രൈനർ | 2.5 ദിവസം, 6,000/- | 2 ദിവസം, 8,000/- | 14,000 |
| 4 | അരുൺ പ്രശാന്ത് | ട്രൈനർ | 2 ദിവസം, 4,000/- | 2.5 ദിവസം, 5,500/- | 9,500 |
| 5 | വിജേഷ് പി | ട്രൈനർ | 3.5 ദിവസം, 8,500/- | 3.5 ദിവസം, 9,000/- | 17,500 |
| 6 | മിഥുൻ സി | ട്രൈനർ | 2 ദിവസം, 4,500/- | 3 ദിവസം, 7,500/- | 12,000 |
| 7 | ദീപശ്രീ | ട്രൈനർ | 2.5 ദിവസം, 5,000/- | 2 ദിവസം, 5,000/- | 10,000 |
| 8 | സുരേഷ് കരുവാപള്ളി | ട്രൈനർ | 2 ദിവസം, 5,000/- | 3 ദിവസം, 8,500/- | 13,500 |
| 9 | വിനോദ് കുമാർ | ട്രൈനർ | 5 ദിവസം, 8,000/- | 3 ദിവസം, 6,000/- | 14,000 |
| 10 | ഷൈസ പി | ട്രൈനർ | 0.5 ദിവസം, 1,500/- | ഒപ്പ് വെച്ചിട്ടില്ല. 2.5ദിവസം ശരി മാർക്ക് ചെയ്ത് കാണുന്നു. 7,500/- | 9,000 |
| 11 | ബിജോയ് പി | ട്രൈനർ | 4 ദിവസം, 9,500/- | 2 ദിവസം, 4,500/- | 14,000 |
| 12 | ഹരിത ഉണ്ണികൃഷ്ണൻ | ട്രൈനർ | 3 ദിവസം, 7,500/- | 1 ദിവസം, 1,500/- | 9,000 |
| **ആകെ** | | | **9,3500** | **99000** | **1,92,500** |

പദ്ധതി സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ) നം. 86/2022/LSGD തിയതി. 19.04.22, പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കൽ (2018-9 മുതൽ 2021-22 വരെ) സംബന്ധിച്ച മാർഗ്ഗരേഖ ജി.ഒ (എം.എസ്) 22/2018 ത.സ്വ.ഭ.വ തിയ്യതി : 14.02.2018, മുനിസിപ്പാലിറ്റികൾക്കുള്ള പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്) 17/2018 ത.സ്വ.ഭ.വ തിയ്യതി : 02.02.2018 എന്നിവ പ്രകാരം ഇത്തരത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് അനുമതി ഇല്ല.

2) മെന്റർ, ട്രൈനർമാർ തുടങ്ങിയവർ വിവിധ സ്കൂളുകളിലെ അധ്യാപകരാണ് എന്നാണ് വിവരം ലഭ്യമാക്കിയത്. ഇവർ ഏതൊക്കെ സ്കൂളിലെ ടീച്ചർമാരാണ് എന്നത് സംബന്ധിച്ച വിവരവും ഇവരെ മെന്റർ/ട്രെയിനർമാരായി നിയമനം നടത്തിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

3) ശ്രീ. മൊയിതീൻകുട്ടി പി, HSST Economics(PEN:355017), GHSS തിരൂരങ്ങാടി എന്നവരെയാണ് പദ്ധതിയുടെ

കോർഡിനേറ്ററായി നിയമിച്ചിരിക്കുന്നത്. ടിയാളാണ് മെന്ററുടെയും ട്രൈയിനർ/ഇൻസ്ട്രക്ടർമാരുടെയും അറ്റൻഡൻസ് സാക്ഷ്യപ്പെടുത്തിയത്. ടിയാളുടെ അക്കൗണ്ടിലേക്കാണ് പദ്ധതി തുക പൂർണ്ണമായും അനുവദിച്ചിരിക്കുന്നത്. ട്രൈയിനർമാർക്ക് വേതനം അവരുടെ അക്കൗണ്ടിലേക്കായിരുന്നു നൽകേണ്ടത്. ആയത് പാലിക്കാതെ അവർ രജിസ്റ്ററിൽ റവന്യൂ സ്റ്റാംപിൽ ഒപ്പ് വെച്ചാണ് തുക കൈപ്പറ്റിയത്.

4) ശ്രീ. മൊയിതീൻകുട്ടി പി, സർക്കാർ സർവ്വീസിലിരിക്കെ അവധി ദിവസങ്ങളിൽ ഈ പദ്ധതി കോർഡിനേറ്ററായി പ്രവർത്തിച്ചതിന് 35,000/- രൂപ റെമ്യൂണറേഷൻ കൈപ്പറ്റിയിട്ടുണ്ട്.

5) കോർഡിനേറ്റർ, മെന്റർ, ട്രയിനർമാർ/ഇൻസ്ട്രക്ടർമാർ എന്നിവരുടെ നിയമനത്തിന്റെ മാനദണ്ഡം, വേതന മാനദണ്ഡം, നിയമനം സംബന്ധിച്ച ഭരണസമിതി അംഗീകാരമോ മറ്റ് വിവരങ്ങളൊന്നും ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 46/2022-23/13.02.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 1,96,688/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-60 തുല്യത പരീക്ഷ ഫീസ് അടവാക്കൽ - കൈപ്പറ്റ്, മറ്റ് വിവരങ്ങൾ ലഭ്യമല്ല

2022-23 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതി പ്രകാരം കേരള സാക്ഷരത മിഷന് പണം അടവാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര്, നമ്പർ | തുക (₹) | ബിൽ/ചെക്ക് നമ്പർ |
|---|---|---|
| പത്താം തരം തുല്യത, 24/22-23 | അടങ്കൽ: 5,00,000/- തനത് ഫണ്ട്<br>ചെലവ്: 50,000/- | 0215427/31.12.22 |

1. മേൽ തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് സാക്ഷരത മിഷനിൽ നിന്നുള്ള കൈപ്പറ്റ്/വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെയോ പാസ്സായതിന്റെയോ മറ്റോ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 47/2022-23/13.02.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കേണ്ടതും സാക്ഷരത മിഷനിൽ നിന്നുള്ള കൈപ്പറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-61 ടെണ്ടർ കിഴിവ് നടത്താതെ മുഴുവൻ തുകയും നൽകി.

2022-23-ൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിക്ക് ടെണ്ടർ കിഴിവ് നടത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് : കൃഷി ഭവൻ നവീകരണം (പ്രൊജക്ട് നം.90/23)

കരാറുകാരൻ -ശ്രീ.ഇ.കെ അബ്ദുൾ അസീസ്

എഗ്രിമെന്റ് നം .9/AE/LID&EW/TGI/22-23 തി.21.5.2022

എം ബുക്ക് നം.27/22-23

ക്വാട്ട് ചെയ്ത നിരക്ക് 6.8 % Below

ഫണ്ട്-MG-NR

ബിൽ. നം.തിയ്യതി -2215014700560121O193/17.2.23

| നൽകിയത് (₹) | നൽകാവുന്നത് (₹) |
|---|---|
| ആകെ മൂല്യനിർണ്ണയം : 2,54,234.12<br>(+) 18% GST : 45,762.14<br>**2,99,996.26** | ആകെ മൂല്യനിർണ്ണയം : 2,54,234.52<br>(-) ടെണ്ടർ Below 6.8% : 17287.94<br>2,36,946.58<br>(+)18% GST : 42,650.38<br>**2,79,596.96** |
| അധികം : 2,99,996 – 2,79,597 = ₹**20,399** | |

അധികം നൽകിയ തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/8.2.2024 ന് തുക തിരിച്ചടവാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അടവാക്കുന്നമുറക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. (ഖണ്ഡിക 3-1 കൂടി കാണുക)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ കിഴിവ് നടത്താതെ മുഴുവൻ തുകയും നൽകി

2022-23-ൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിക്ക് ടെണ്ടർ കിഴിവ് നടത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് : കൃഷി ഭവൻ നവീകരണം (പ്രൊജക്ട് നം.90/23)

കരാറുകാരൻ -ശ്രീ.ഇ.കെ അബ്ദുൾ അസീസ്

എഗ്രിമെന്റ് നം .9/AE/LID&EW/TGI/22-23 തി.21.5.2022

എം ബുക്ക് നം.27/22-23

ക്വാട്ട് ചെയ്ത നിരക്ക് 6.8 % Below

ഫണ്ട്-MG-NR

ബിൽ. നം.തിയ്യതി -22150147005601210193/17.2.23

| നൽകിയത് (₹) | നൽകാവുന്നത് (₹) |
|---|---|
| ആകെ മൂല്യനിർണ്ണയം : 2,54,234.12<br>(+) 18% GST : 45,762.14<br>2,99,996.26 | ആകെ മൂല്യനിർണ്ണയം : 2,54,234.52<br>(-) ടെണ്ടർ Below 6.8% : 17287.94<br>2,36,946.58<br>(+)18% GST : 42,650.38<br>2,79,596.96 |
| അധികം : 2,99,996 - 2,79,597 = ₹20,399 | |

അധികം നൽകിയ തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.7/8.2.2024 ന് തുക തിരിച്ചടവാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അടവാക്കുന്നമുറക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അധികം നൽകിയ തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 3-2 വിവാഹധനസഹായം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണം : പ്രൊജക്ട് ഓഫീസർ

പ്രൊജക്ടിന്റെ പേര് : SC പെൺകുട്ടികൾക്ക് വിവാഹധനസഹായം

പ്രൊജക്ട് നം : 116/22-23

അടങ്കൽ : ₹8 ലക്ഷം/- (പ്ലാൻ എസ്.സി.പി)

ആകെ ചെലവ് : ₹5 ലക്ഷം/- BRN- 22150647006601266591/28.2.23

പതിനാലാം പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ കൈ നം 115/2022/LSGD/28.5.22) ഖ.നം 7.2.1 ന്റെ തുടർച്ചയായി, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.10.2022ലെ സ. ഉ (സാധാ) 2593/2022 നം. ഉത്തരവ് പ്രകാരം, പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന ധനസഹായവുമായി ഏകീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം, ഈ വിഭാഗത്തിലെ പെൺകുട്ടികൾക്കുള്ള ധനസഹായം 1,25,000/- രൂപയായി വർദ്ധിപ്പിച്ച നിരക്ക്, 15.10.2022നു ശേഷം നടക്കുന്ന വിവാഹങ്ങൾക്കാണ് ബാധകമാവുക എന്നും വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളതാണ്.

എന്നാൽ, 15.5.2022 ന് വിവാഹം കഴിഞ്ഞ രമ്യ, D/O രവീന്ദ്രൻ മണ്ണാറയ്ക്കൽ ചെമ്മാട് (വാർഡ് നം 7) എന്ന ഗുണഭോക്താവിന് ഈ പദ്ധതിയിൻ കീഴിൽ 1,25,000/- രൂപ മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല.

സർക്കാർ ഉത്തരവിനു വിരുദ്ധമായി 50,000/- രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1/6.2.2023 ന് ഉള്ള മറുപടിയിൽ, വർദ്ധിപ്പിച്ച നിരക്കു സംബന്ധിച്ച ഉത്തരവ് ശ്രദ്ധയിൽപ്പെടാതിരുന്നതിനെ തുടർന്ന് സംഭവിച്ച ശ്രദ്ധക്കുറവു മൂലമാണ് അധിക നിരക്ക് നൽകാൻ ഇടയായതെന്നും, അധികം

കൈപ്പറ്റിയ 50,000/- രൂപ തിരിച്ചടയ്ക്കുന്നതിന് എച്ച്.2/21423/9.2.2024 നമ്പറായി ടി ഗുണഭോക്താവിന് കത്ത് നൽകിയിട്ടുണ്ടെന്നും പ്രൊജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്.

അധികം കൈപ്പറ്റിയ 50,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു. ആയത് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നം., തീയതി, തുക | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 251/23 - വാട്ടർ അതോറിറ്റി ലൈൻ അഭിവൃദ്ധിപ്പെടുത്തൽ | 22200828/13.03.2023, ₹48,58,000/- | 48,58,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 48,58,000 |
| കെ.എസ്.ഇ.ബി | 05/23 - നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (സ്പിൽ ഓവർ) | 22200504/ 15.11.2022, ₹2,52,995/- | 2,52,995 | 2,52,995 | 0 |
| | 113/23 - നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 22200503/ 15.11.2022, ₹23,715/- | 2,20,721 | 23,715 | 1,97,006 |
| | | 22200864/ 14.03.2023, ₹1,97,006/- | | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |
| ആകെ | | | 53,31,716 | 2,76,710 | 50,55,006 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | ആകെ | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| PMAY ലൈഫ് അർബൻ ഭവനപദ്ധതി | GO(Rt) No.5206/2021/FIN 30.07.2021 | 3,76,26,666 | 40,000 | 3,76,66,666 | 45,20,001 | | 3,31,46,665 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| (HUDCO) | | | | | | | | |

കുറിപ്പ് : ജി.ഒ. പ്രൊജക്ടുകൾ മുഖേന 15,06,667/- രൂപയുടെ രണ്ട് ഗഡുക്കൾ 2022-23 വർഷത്തേതും, ഒരു ഗഡു 2021-22 വർഷത്തിൽ നടത്താൻ വിട്ടു പോയതുമാണ് തിരിച്ചടവായി കാണിച്ചിട്ടുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

**എ). സ്ഥിരനിക്ഷേപങ്ങൾ**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 2,07,17,239 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 12,49,846 |
| ആകെ (₹) | 2,19,67,085 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 2,19,67,085 |

കുറിപ്പ് :- വാർഷിക കണക്ക് പ്രകാരം വർഷാരംഭത്തിലെ മുൻബാക്കി 2,01,89,353/- രൂപയാണ്. 5,27,886/- രൂപയുടെ കുറവ് തൻവർഷത്തിൽ ജേണൽ എൻട്രി നടത്തി പരിഹരിച്ചിട്ടുണ്ട്.

**ബി). വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം.**

| നിക്ഷേപത്തിന്റെ വിവരം | രശീതി/സർട്ടിഫിക്കറ്റ് നമ്പർ, തീയ്യതി | തുക (₹) |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് : FDR020574 | R14311/24.06.2022 | 39,83,401 |
| തിരൂരങ്ങാടി സർവ്വീസ് സഹകരണ ബാങ്ക് : FDR020575 | R14312/24.06.2022 | 70,29,169 |
| കനറാ ബാങ്ക്, ചെമ്മാട് | 121298/05.11.2021 | 25,32,076 |
| കേരള ഗ്രാമീൺ ബാങ്ക് : A/c 40275201200003 | 1282031/06.02.2023 | 73,62,604 |
| കേരള ഗ്രാമീൺ ബാങ്ക് : A/c 40275201200004 | 1282033/06.02.2023 | 9,26,796 |
| കേരള ഗ്രാമീൺ ബാങ്ക് : A/c 40275201200010 | 1282034/08.02.2023 | 26,574 |
| കേരള ഗ്രാമീൺ ബാങ്ക് : A/c 40275201900046 | 1282035/03.06.2022 | 1,06,465 |
| **ആകെ** | | **2,19,67,085** |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(2), 2(3) | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശം തുടരുന്നു. |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക (₹) | |
| 1 | 1996-97 (ചാർജ്ജ്) | 35, 38(1), 40 | ശ്രീ.സി അബൂബക്കർ, സെക്രട്ടറി | LF7188/Spl.Cell /SC3/2000 Dt. 15.12.2001 | 574 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. |
| 2 | 1996-97 (സർചാർജ്ജ്) | 57 | ശ്രീ.സി അബൂബക്കർ, | LF7188/Spl.Cell /SC3/2000 Dt. | 112 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും |

| | | | | | | |
|---|---|---|---|---|---|---|
| | | | സെക്രട്ടറി | 15.12.2001 | | സ്വീകരിച്ചിട്ടില്ല. |
| 3 | 1996-97 (ചാർജ്ജ്) | 38(2), 38(3),44(എ), (ബി),45,46(എ), (ബി),48 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF7188/Spl.Cell /SC3/2000 Dt. 15.12.2001 | 83,151 | 80,269 രൂപ DCRG-യിൽ നിന്നും ഈടാക്കി, 2,882 ഈടാക്കാനവശേഷിക്കുന്നു. |
| 4 | 1996-97 (സർചാർജ്ജ്) | 50(1), 54,55,64 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF7188/Spl.Cell /SC3/2000 Dt. 15.12.2001 | 1,356 | 385 രൂപ ഈടാക്കാനവശേഷിക്കുന്നു. |
| 5 | 1998-99 (സർചാർജ്ജ്) | 44, 46(എ), 48,61,62 | ശ്രീ.സി വേലായുധൻ, സെക്രട്ടറി | LF15741/Spl.Cell /SC5/04 Dt. 07.04.2005 | 39,881 | 38,989 രൂപ DCRG-യിൽ നിന്നും ഈടാക്കുകയും, 892 രൂപ സ്വയം അടവാക്കുകയും ചെയ്തു. |
| 6 | 1999-01 (സർചാർജ്ജ്) | 41, 42, 43 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF10627/Spl.Cell /SC5/05 Dt. 09.2010 | 73,243 | ഈടാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. |
| 7 | 2002-03 (സർചാർജ്ജ്) | 3-3 | ശ്രീ. എ.കെ അബ്ദുൽ അസീസ് | LF8486/Spl.Cell /SC5/09 Dt. 05.02.2010 | 9,044 | 9,044 രൂപ ഈടാക്കാനവശേഷിക്കുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 16,77,17,334 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 16,69,38,754 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 70,399 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 1,79,58,437 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | | 50,000 | ശ്രീ. മുഹമ്മദ് റഫീഖ് അലി. എം, പ്രോജക്റ്റ് ഓഫീസർ (യു.പി.എ.സി) |
| 3-1 | | 20,399 | ശ്രീമതി. ഭാഗീരഥി. സി. എസ്, മുനിസിപ്പൽ എഞ്ചിനീയർ |
| **ആകെ** | - | **70,399** | |

**സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 15,25,260 | ശ്രീ. ഇസ്മായിൽ. സി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-24 | 17,59,928 | ശ്രീമതി. ഭാഗീരഥി. സി. എസ്. മുനിസിപ്പൽ എഞ്ചിനീയർ |
| 1-29 | 3,35,400 | ശ്രീമതി. ജലജ. ആർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-33 | 99,000 | ശ്രീ. ഇസ്മായിൽ. സി, സെക്രട്ടറി-ഇൻ-ചാർജ്ജ് (₹15,000) |

| | | |
|---|---|---|
| 1-34 | 7,99,500 | ശ്രീമതി. ആരുണി. പി. എസ്, കൃഷി ഓഫീസർ |
| 1-35 | 55,000 | ശ്രീമതി. ആരുണി. പി. എസ്, കൃഷി ഓഫീസർ |
| 1-38 | 4,50,000 | ശ്രീ. മുഹമ്മദ് റഫീഖ് അലി. എം പ്രോജക്റ്റ് ഓഫീസർ (യു.പി.എ.സി) |
| 1-40 | 8,71,200 | ശ്രീ. മനോജ് കുമാർ. ടി, സെക്രട്ടറി |
| 1-42 | 44,56,553 | ശ്രീമതി. ഭാഗീരഥി. സി. എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് (₹4,00,615) |
| | | ശ്രീ. മനോജ് കുമാർ. ടി, സെക്രട്ടറി (₹15,55,938) |
| | | ശ്രീ. ഇസ്മായിൽ. സി, സെക്രട്ടറി-ഇൻ-ചാർജ്ജ് (₹2,500,000) |
| 1-43 | 48,58,000 | ശ്രീ. ഇസ്മായിൽ. സി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-44 | 1,97,006 | ശ്രീ. ഇസ്മായിൽ. സി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-48 | 87,500 | ശ്രീമതി. ഭാഗീരഥി. സി. എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-52 | 5,17,958 | ശ്രീമതി. ഭാഗീരഥി. സി. എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് (₹3,04,419) |
| | | ശ്രീ. മനോജ് കുമാർ. ടി, സെക്രട്ടറി (₹2,13,539) |
| 1-54 | 22,500 | ശ്രീമതി. ഭാഗീരഥി. സി. എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് (₹7,500) |
| | | ശ്രീ. ഇസ്മായിൽ. സി, സെക്രട്ടറി-ഇൻ-ചാർജ്ജ് (₹15,000) |
| 1-56 | 30,191 | ശ്രീമതി. ഷീജ. പി.എ. പ്രിൻസിപ്പൽ |
| 1-57 | 4,98,498 | ശ്രീമതി. ഷീജ. പി.എ. പ്രിൻസിപ്പൽ |
| 1-58 | 11,98,255 | ശ്രീമതി. ഷീജ. പി.എ. പ്രിൻസിപ്പൽ |
| 1-59 | 1,96,688 | ശ്രീമതി. ഷീജ. പി.എ. പ്രിൻസിപ്പൽ |
| **ആകെ** | **1,79,58,437** | |

**ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹമ്മദ് റഫീഖ് അലി.എം, പ്രോജക്റ്റ് ഓഫീസർ (യു.പി.എ.സി) | പ്രോജക്റ്റ് ഓഫീസർ (യു.പി.എ.സി), തിരൂരങ്ങാടി നഗരസഭ | മഞ്ഞപ്പുലത്ത് (വീട്)<br>മുസ്ലിയാരങ്ങാടി.<br>നെടിയിരുപ്പ് (പി.ഒ)<br>മലപ്പുറം - 673638<br>ഫോൺ: 9847470916<br>ഇ.മെയിൽ-<br>mrafeeqsi@gmail.com |
| ശ്രീമതി. ഭാഗീരഥി. സി. എസ്, മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പാലക്കാട് നഗരസഭ | കത്തികോടത്ത് (വീട്)<br>എടവിലങ്ങ് (പി.ഒ)<br>കൊടുങ്ങല്ലൂർ, തൃശ്ശൂർ - 680671<br>ഫോൺ:9846353971<br>Bhagiradhics4@gmail.com |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|---|

| | | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1979-80 | എൽ.എഫ്.എം.15/2018/94 തിയതി 03.07.10 | 11 |
| 2 | 1982-83 | എൽ.എഫ്.എം.9/2021/94 തിയതി 03.10.10 | 40 |
| 3 | 1985-86 | എൽ.എഫ്.എം.9/2024/94 തിയതി 10.10.10 | 4 |
| 4 | 1988-89<br>1989-90 | എൽ.എഫ്.എം.6/214/95 തിയതി 10.10.10 | 2 |
| 5 | 1990-91 | എൽ.എഫ്.എം.6/648/96 തിയതി 03.07.10 | 12 |
| 6 | 1991-92 | എൽ.എഫ്.എം.6/1251/94 തിയതി 03.07.10 | 17 |
| 7 | 1992-93<br>1993-94 | എൽ.എഫ്.എം.6/1000/96 തിയതി 03.07.10 | 17 |
| 8 | 1994-95<br>1995-96 | എൽ.എഫ്.എം.6/1014/97 തിയതി 10.10.10 | 30 |
| 9 | 1996-97 | എൽ.എഫ്.എം.15/617/99 തിയതി 10.10.10 | 11 |
| 10 | 1998-99 | എൽ.എഫ്.എം.14/487/01 തിയതി 10.10.10 | 2 |
| 11 | 1999-00 | എൽ.എഫ്.എം.17/849/06 തിയതി 10.10.10 | 9 |
| 12 | 1999-2002<br>(പ്ലാൻ) | എൽ.എഫ്.എം.14/877/04 തിയതി 12.10.10 | 40 |
| 13 | 2000-01 | എൽ.എഫ്.എം.17/1672/06 തിയതി 10.10.10 | 4 |
| 14 | 2001-02 | എൽ.എഫ്.എം.10/1858/06 തിയതി 10.10.10 | 9 |
| 15 | 2002-03 | എൽ.എഫ്.എം.17/67/08 തിയതി 10.10.10 | 3 |
| 16 | 2003-04 | എൽ.എഫ്.എം.17/68/08 തിയതി 10.10.10 | 8 |
| 17 | 2004-05 | എൽ.എഫ്.എം.17/2239/08 തിയതി 03.07.10 | 14 |
| 18 | 2005-06 | എൽ.എഫ്.എം.14/738/11/ തിയതി 28.05.11 | 10 |
| 19 | 2006-07 | എൽ.എഫ്.എം.14/1576/11 തിയതി 15.11.11 | 19 |
| 20 | 2007-08 | എൽ.എഫ്.എം.14/1291/12/ തിയതി 19.11.12 | 15 |
| 21 | 2008-09 | എൽ.എഫ്.എം.14/1292/12/ തിയതി 19.11.12 | 12 |
| 22 | 2009-10 | എൽ.എഫ്.എം.14/1293/12/ തിയതി 16.11.12 | 8 |
| 23 | 2010-11<br>2011-12 | എൽ.എഫ്.എം.14/399/13 തിയതി 12.07.13 | 18 |
| 24 | 2012-13<br>2013-14 | കെ.എസ്.എ.എം.പി.എം.14/1638/14 തിയതി 29.05.15 | 20 |
| 25 | 2014-15 | കെ.എസ്.എ.എം.പി.എം.25/3388/16 തിയതി 12.07.17 | 20 |
| 26 | 2015-16 | കെ.എസ്.എ.എം.പി.എം.25/240/17 തിയതി 18.04.18 | 16 |
| 27 | 2016-17 | കെ.എസ്.എ.എം.പി.എം.25/2359/17 തിയതി 12.06.19 | 14 |
| 28 | 2017-18 | കെ.എസ്.എ.എം.പി.എം.25/1079/19 തിയതി 18.06.19 | 22 |
| 29 | 2018-19 | കെ.എസ്.എ.എം.പി.എം.25/1464/20 തിയതി 19.11.20 | 21 |
| 30 | 2019-20 | കെ.എസ്.എ.എം.പി.എം.25/1708/22 തിയതി 02.08.22 | 30 |
| 31 | 2020-21 | കെ.എസ്.എ.എം.പി.എം.25/1709/22 തിയതി 02.08.22 | 35 |
| 32 | 2021-22 | കെ.എസ്.എ.എം.പി.എം.25/175/2023 തിയതി | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 14-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Tirurangadi Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Tirurangadi Municipality for the year 2022-2023

Date: 12/03/2024

Senior Deputy Director
District Office Malappuram
Kerala State Audit Department

# Audit Report appended to the Audit Certificate of Tirurangadi Municipality for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios
   ii. Comparative amounts
2. Amount of municipal (general) fund under different account heads differs between balance sheet and itâs schedule, although the total amount tallies
3. Statement showing the valuation of closing stocks was not presented for verification.
4. Cheques uncashed for more than 3 months were not transfered to Stale cheque account.
5. Cheque deposited but not credited.
6. Directly credited to bank amount not taken into account.
7. Directly debited by bank amount not taken into account.
8. Worksheet for the calculation of depreciation for fixed assets was not presented for verification.
9. Amount in respect of Registration fee of private hospitals/paramedical institutions differ between demand register and annual financial statements.

10. The following register is not maintained
    i. Deposit Register
11. The following registers are not up to date and are not reliable for audit.
    i. Asset register (*Sachithra*)
12. Abstract was not recorded in the DCB registers of the following items.
    i. Advance Register
    ii. Profession Tax
    iii. FTEAOS License
    iv. Registration of tutorial institutions.
    v. Building permit/regularisation

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്